# THE GOSPEL ACCORDING TO JOHN

## യോഹന്നാൻ എഴുതിയ സുവിശേഷം

### അദ്ധ്യായം 1

ദൈവവചനം ജഡമായി ഭവിച്ച മർമ്മോപദേശം. 19. സ്നാപകന്റെ സാക്ഷ്യം. 35. അഞ്ച് ശിഷ്യന്മാർ കൂടിയത് .

ആദിയിൽ വചനം ഉണ്ടായിരുന്നു;ആ വചനം ദൈവത്തോടു കൂടെ ആയിരുന്നു. ആ
വചനം ദൈവവുമായിരുന്നു.
2 ആയവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു.
3 സകലവും അവനാൽ ഉണ്ടായി; ഉണ്ടായതു ഒന്നും അവനെ കൂടാതെ ഉണ്ടായതുമില്ല.
4 അവനിൽ ജീവൻ ഉണ്ടായിരുന്നു; ആ ജീവൻ മനുഷ്യരുടെ വെളിച്ചവുമായിരുന്നു.
5 ആ വെളിച്ചം ഇരുളിൽ വിളങ്ങുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.
6 ദൈവത്തിൽ നിന്നു അയക്കപ്പെട്ട ഒരു മനുഷ്യൻ ഉണ്ടായിരുന്നു; യോഹന്നാൻ എന്നു
അവന്റെ പേർ.
7 ആയവൻ സാക്ഷിക്കായി വന്നു; താൻ മൂലമായി എല്ലാവരും വിശ്വസിക്കേണ്ടതിനു
വെളിച്ചത്തെക്കുറിച്ചു സാക്ഷ്യം പറവാൻ തന്നേ.
8 താൻ ആ വെളിച്ചം ആയിരുന്നില്ല; വെളിച്ചത്തിന്നു സാക്ഷി ആവാൻ (വന്നവൻ) അത്രേ.
9 അതു ലോകത്തിലേക്കു വന്നു, എല്ലാ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന
സത്യവെളിച്ചമായിരുന്നു.
10 അവൻ ലോകത്തിൽ ആയിരുന്നു; ലോകം അവനാൽ ഉണ്ടായി; ലോകം അവനെ
അറിഞ്ഞതുമില്ല.
11 അവൻ തന്റെ സ്വന്തത്തിലേക്കു വന്നു; സ്വന്തമുള്ളവർ അവനെ കൈക്കൊണ്ടതും ഇല്ല.
12 എന്നാൽ അവനെ കൈക്കൊണ്ടവരായി അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും
ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.
13 ആയവർ രക്തങ്ങളിൽ നിന്നും ജഡത്തിന്റെ ഇഷ്ടത്തിൽ നിന്നും പുരുഷന്റെ ഇഷ്ടത്തിൽ
നിന്നും അല്ല; ദൈവത്തിൽ നിന്നത്രേ ജനിച്ചു.
14 വചനം ജഡമായി ചമഞ്ഞു, കൃപയും സത്യവും കൊണ്ടു നിറഞ്ഞവനായി നമ്മുടെ
ഇടയിൽ പാർത്തു. അവന്റെ മഹത്വം പിതാവിൽ നിന്നു ഏകജാതനായവന്റെ
മഹത്വമായിട്ടു ഞങ്ങൾ കാണുകയും ചെയ്തു.
15 യോഹന്നാൻ അവനെക്കുറിച്ചു സാക്ഷ്യം ചൊല്ലി വിളിച്ചു പറഞ്ഞത്: എന്റെ പിന്നാലെ
വരുന്നവൻ എനിക്കു മുമ്പനായതുകൊണ്ട് എന്റെ മുമ്പിലായി ചമഞ്ഞു, എന്നു ഞാൻ
പറഞ്ഞവൻ ഇവൻ തന്നേ.
16 അവന്റെ നിറവിൽ നിന്നു നമുക്കു എല്ലാവർക്കും കൃപക്കു കൃപയും ലഭിച്ചു സത്യം.
17 എങ്ങനെ എന്നാൽ ന്യായപ്രമാണം മോശെയാൽ തരപ്പെട്ടു; കൃപയും സത്യവും
യേശുക്രിസ്തുവിനാൽ ഉണ്ടായി.
18 ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന
ഏകജാതനായ പുത്രൻ അവനെ തെളിയിച്ചു.

19 എങ്കിലോ: നീ ആർ ആകുന്നു? എന്നു യോഹന്നാനോടു ചോദിക്കേണ്ടതിന്നു യെഹൂദന്മാർ
യെരൂശലേമിൽ നിന്നു പുരോഹിതരെയും ലേവ്യരെയും അയച്ചപ്പോൾ അവന്റെ സാക്ഷ്യം
ആവിതു: അവൻ മറുക്കാതെ ഏറ്റുപറഞ്ഞു;
20 ഞാൻ ക്രിസ്തു അല്ല, എന്നു ഏറ്റു പറഞ്ഞു.
21 എന്നാൽ എന്തു? നീ ഏലീയാവോ? എന്നു അവനോടു ചോദിച്ചാറെ: അല്ല, എന്നു
പറയുന്നു. നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല, എന്നു ഉത്തരം പറഞ്ഞു.
22 ആകയാൽ അവർ അവനോടു: നീ ആർ? ഞങ്ങളെ അയച്ചവരോടു ഉത്തരം
ചോല്ലേണ്ടതിന്നു നിന്നെക്കുറിച്ചു തന്നേ നീ എന്തു പറയുന്നു? എന്നു പറഞ്ഞു.
23 എന്നാറേ അവൻ പറഞ്ഞു: ഏശായ്യാപ്രവാചകൻ ഉരച്ച പ്രകാരം കർത്താവിന്റെ വഴി
നേരെ ആക്കുവിൻ, എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു.[1]
24 ആ അയക്കപ്പെട്ടവർ പരീശകൂട്ടത്തിലുള്ളവർ ആയിരുന്നു.
25 പിന്നെ നീ ക്രിസ്തുവല്ല, ഏലീയാവുമല്ല, ആ പ്രവാചകനും അല്ല എന്നു വരികിൽ, നീ
സ്നാനപ്പെടുത്തുന്നത് എന്തു? എന്നു അവർ ചോദിച്ചു.
26 യോഹന്നാൻ ഉത്തരം പറഞ്ഞത്: ഞാൻ വെള്ളത്തിൽ സ്നാനപ്പെടുത്തുന്നു; എന്നാൽ
നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ടു;
27 അവൻ എന്റെ പിന്നാലേ വന്നിട്ട് എന്റെ മുൻപിലായി തീർന്നവൻ ആകുന്നു; അവന്റെ
ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യൻ അല്ല.
28 ഇവ യോർദ്ദന്നക്കരെ യോഹന്നാൻ സ്നാനപ്പെടുത്തികൊണ്ടിരുന്ന ബേഥാബറയിൽ
സംഭവിച്ചു.
29 പിറ്റെദിവസം യോഹന്നാൻ യേശു തന്റെ അടുക്കൽ വരുന്നതിനെ കണ്ടു, പറയുന്നു:
ഇതാ, ലോകത്തിന്റെ പാപത്തെ ചുമന്നു നീക്കുന്ന ദൈവത്തിൻ കുഞ്ഞാടു.[2]
30 എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുൻപനായിരുന്നതുകൊണ്ടു,
എന്റെ മുൻപിലായി തീർന്നു, എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ.
31 ഞാനോ അവനെ അറിഞ്ഞില്ല, എങ്കിലും അവൻ ഇസ്രായേലിന്നു വെളിപ്പെടേണ്ടതിന്നു
ഞാൻ വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ വന്നു.
32 പിന്നെ യോഹന്നാൻ സാക്ഷ്യം ചൊല്ലിയതു: ആത്മാവു ഒരു പ്രാവുപോലെ
സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്നതും അവന്റെ മേൽ വസിക്കുന്നതും ഞാൻ കണ്ടു.
33 ഞാനോ അവനെ അറിഞ്ഞില്ല, എങ്കിലും വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ എന്നെ
അയച്ചവൻ എന്നോടു: നീ ആരുടെമേൽ ആത്മാവു ഇറങ്ങി വസിക്കുന്നതു കാണുമോ
ആയവൻ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നവൻ ആകുന്നു, എന്നു പറഞ്ഞു.
34 പിന്നെ ഞാൻ കണ്ടു, ഇവൻ ദൈവപുത്രൻ തന്നേ, എന്നു സാക്ഷ്യം ചൊല്ലിയും
ഇരിക്കുന്നു.

35 പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ ഇരുവരുമായി നിന്നിരുന്നു.
36 അപ്പോൾ അവൻ നടന്നുകൊണ്ടിരിക്കുന്ന യേശുവിനെ നോക്കീട്ടു: ഇതാ, ദൈവത്തിൻ
കുഞ്ഞാടു, എന്നു പറയുന്നു.
37 അവൻ ചൊല്ലുന്നതു ആ രണ്ടു ശിഷ്യന്മാർ കേട്ടു യേശുവിന്റെ പിന്നാലെ ചെന്നു.
38 യേശു തിരിഞ്ഞു അവർ പിന്നാലെ വരുന്നതു കണ്ടു അവരോടു: “നിങ്ങൾ എന്തു
അന്വേഷിക്കുന്നു? എന്നു പറഞ്ഞതിന് അവർ ചൊല്ലിയത്: [ഗുരോ എന്ന് അർത്ഥമുള്ള]
റബ്ബീ, നീ എവിടെ പാർക്കുന്നു?
39 അവൻ അവരോടു: “വന്നു കാണ്മിൻ ” എന്നു പറയുന്നു അവൻ വസിക്കുന്ന ഇടം
അവർ വന്നു കണ്ടു, ഏകദേശം പത്താംമണി നേരം ആകയാൽ ആ ദിവസം
അവനോടുകൂടെ പാർത്തു.
40 യോഹന്നാനിൽ നിന്നു കേട്ടു അവനെ അനുഗമിച്ച ഇരുവരിൽ ഒരുത്തൻ ശിമോൻ

1.യെശയാ.40:3, 2 യെശയാ.53:7

പത്രൊസിന്റെ സഹോദരനായ അന്ത്രെയാസ് ആയിരുന്നു.
41 ആയവൻ സ്വന്ത സഹോദരനായ ശിമോനെ ആദ്യം കണ്ടു അവനോടു: [ക്രിസ്തു എന്ന് അർത്ഥമുള്ള] മശീഹയെ ഞങ്ങൾ കണ്ടെത്തി, എന്നു പറഞ്ഞു.
42 അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവനെ നോക്കി: നീ യോനാവിൻ പുത്രനായ ശിമോൻ ആകുന്നു, നീ [പത്രോസ്[പാറ] എന്ന് അർത്ഥമുള്ള] കേഫാ എന്നു വിളിക്കപ്പെടും, എന്നു പറഞ്ഞു.
43 പിറ്റെന്നാൾ യേശു ഗലീലെക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫീലിപ്പോസിനെ കണ്ടു: "എന്റെ പിന്നാലെ വരിക" എന്നു അവനോടു പറഞ്ഞു.
44 ഫീലിപ്പോസോ അന്ത്രെയോസിന്റെയും പത്രൊസിന്റെയും ഊരായ ബെദ്സയിദയിൽ നിന്നുള്ളവൻ ആയിരുന്നു.
45 ഫീലിപ്പോസ് നഥാനയേലിനെ കണ്ടു അവനോടു പറയുന്നു:ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിട്ടുള്ളവനെ ഞങ്ങൾ കണ്ടെത്തി, നസറെത്തിൽ നിന്നുള്ള യേശു എന്ന യോസേഫിൻ പുത്രനെ തന്നേ.
46 നഥാനയേൽ അവനോടു: നസറെത്തിൽനിന്നു വല്ല നന്മയും ഉണ്ടാവാൻ കഴിയുമോ? എന്നു പറഞ്ഞു. ഫീലിപ്പോസ് അവനോടു: വന്നു കാൺക എന്നു പറയുന്നു.
47 യേശു തന്റെ അടുക്കൽ നഥാനയേൽ വരുന്നതു കണ്ടു: "ഇതാ, സത്യമായിട്ടു ഒരു ഇസ്രായേൽക്കാരൻ, ഇവനിൽ കപടം ഇല്ല " എന്നു അവനെക്കുറിച്ചു പറയുന്നു.
48 നഥാനയേൽ അവനോടു: എന്നെ എവിടെനിന്നു അറിയുന്നു? എന്നു പറഞ്ഞതിന്നു യേശു ഉത്തരം ചൊല്ലിയത്: "ഫീലിപ്പോസ് നിന്നെ വിളിക്കുംമുമ്പെ അത്തിയുടെ ചുവട്ടിൽ ഞാൻ നിന്നെ കണ്ടു."
49 നഥാനയേൽ അവനോടു ഉത്തരമായിട്ടു: റബ്ബീ, നീ ദൈവപുത്രനാകുന്നു, നീ യിസ്രായേലിന്റെ രാജാവു എന്നു പറഞ്ഞു.
50 എന്നാറെ യേശു അവനോടു ഉത്തരം ചൊല്ലിയത്: " അത്തിച്ചുവട്ടിൽ ഞാൻ നിന്നെ കണ്ടു, എന്നു നിന്നോടു പറകകൊണ്ടു നീ വിശ്വസിക്കുന്നുവോ? ഇതിനെക്കാൾ വലിയവ നീ കാണും."
51 പിന്നെ അവനോടു:"ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ഇനിമേൽ വാനം തുറന്നിരിക്കുന്നതും ദൈവദൂതന്മാർ മനുഷ്യപുത്രന്റെ മേൽ ഇറങ്ങുകയും കയറുകയും ചെയ്യുന്നതും നിങ്ങൾ കാണും" എന്നും പറയുന്നു.

## അദ്ധ്യായം 2

ഒന്നാം അതിശയം. 13. പെസഹാ യാത്രയും ദൈവാലയ ശുദ്ധീകരണവും. 23. അതിശയം കണ്ടതിനാലുള്ള ഫലം.

മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി; യേശുവിന്റെ അമ്മയും അവിടെ ഉണ്ടായിരുന്നു.
2 അത്രയുമല്ല യേശുവും അവന്റെ ശിഷ്യന്മാരും കുടെ കല്യാണത്തിനു ക്ഷണിക്കപ്പെട്ടു.
3 പിന്നെ വീഞ്ഞു കുറവായാറെ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല, എന്നു പറയുന്നു.
4 യേശു അവളോടു:"സ്ത്രീയേ, എനിക്കും നിനക്കും എന്തു? എന്റെ നാഴിക വന്നിട്ടില്ല" എന്നു പറയുന്നു.
5 അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തു പറയുന്നുവോ അതു ചെയ്വിൻ, എന്നു പറയുന്നു.

6 അവിടെ യെഹൂദരുടെ ശുദ്ധീകരണത്തിന്റെ പതിവിൻ പ്രകാരം ഓരോന്നിൽ രണ്ട് മൂന്ന്
പറവീതം കൊള്ളുന്ന ആറു കല്പാത്രങ്ങൾ വെച്ചിട്ടുണ്ടായിരുന്നു.
7 യേശു അവരോടു:"ഈ കല്പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ " എന്നു പറഞ്ഞു; അവർ
വക്കോളവും നിറെച്ചു.
8 "ഇപ്പോൾ കോരി വിരുന്നുവാഴിയുടെ അടുക്കൽ കൊണ്ടുപോകുവിൻ" എന്നു അവൻ
പറഞ്ഞു; അവർ കൊണ്ടുപോകയും ചെയ്തു.
9 വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി രുചിനോക്കിയാറെ, അതു എവിടെനിന്നു,
എന്നു വെള്ളം കോരിയ ശുശ്രൂഷക്കാർ അറിഞ്ഞു എങ്കിലും താൻ അറിയാഞ്ഞു,
വിരുന്നുവാഴി മണവാളനെ വിളിച്ചു:
10 ഏതു മനുഷ്യനും മുൻപേ നല്ല വീഞ്ഞിനെയും[ആളുകൾക്ക്] ലഹരി പിടിച്ചശേഷം
ഇളപ്പമായതിനെയും വെക്കുമാറുണ്ടു; നീ നല്ല വീഞ്ഞു ഇതുവരെയും സംഗ്രഹിച്ചിരിക്കുന്നു
എന്നു അവനോടു പറയുന്നു.
11 അടയാളങ്ങളുടെ ഈ ആരംഭം യേശു ഗലീലയിലെ കാനാവിൽ ചെയ്തു തന്റെ
മഹത്വത്തെ വിളങ്ങിച്ചു; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിക്കയും ചെയ്തു.
12 അനന്തരം അവനും അവന്റെ അമ്മയും സഹോദരന്മാരും അവന്റെ ശിഷ്യരും കൂടി
കപ്പർന്നഹൂമിലേക്കു ഇറങ്ങി പോയി;എന്നാറെ അവിടെ ഏറേ ദിവസങ്ങൾ പാർത്തില്ല.
13 അപ്പോൾ യെഹൂദന്മാരുടെ പെസഹ സമീപം ആകകൊണ്ടു യേശു യെരൂശലേമിലേക്കു
കരേറി പോയി.
14 ദൈവാലയത്തിൽ ആടുമാടുകളെയും, പ്രാവുകളെയും വില്ക്കുന്നവരും നാണ്യക്കാരും
ഇരിക്കുന്നത് കണ്ടു.
15 കയറുകൾകൊണ്ടു ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടുംകൂടെ എല്ലാവരെയും
ആലയത്തിൽ നിന്നു പുറത്താക്കി.,പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു,
മേശകളെ മറിച്ചിട്ടു.
16 പ്രാവുകളെ വില്ക്കുന്നവരോടു: "ഇവ ഇവിടെനിന്നു കൊണ്ടുപോകുവിൻ; എന്റെ
പിതാവിന്റെ ഭവനത്തെ ചന്തപുര ആക്കരുതു" എന്നു പറഞ്ഞു.
17 അപ്പോൾ അവന്റെ ശിഷ്യന്മാർ: നിന്റെ ഭവനത്തിനായുള്ള എരിവു എന്നെ
തിന്നുകളഞ്ഞു എന്നു എഴുതിയിരിക്കുന്ന പ്രകാരം ഓർത്തു.[1]
18 ആകയാൽ യെഹൂദന്മാർ അവനോടു ഉരചെയ്തു: നീ ഇവ ചെയ്യുന്നതു കൊണ്ട്
ഞങ്ങൾക്ക് എന്തു അടയാളം കാണിക്കുന്നു? എന്നു പറഞ്ഞു.
19 യേശു അവരോടു: "ഈ മന്ദിരത്തെ പൊളിപ്പിൻ, എന്നാൽ ഞാൻ മൂന്നു ദിവസത്തിന്നകം
അതിനെ ഉയർത്തും" എന്നു ഉത്തരം പറഞ്ഞു.
20 എന്നിട്ടു യെഹൂദന്മാർ: ഈ മന്ദിരം നാല്പത്താറു വർഷം കൊണ്ടു പണിയിക്കപ്പെട്ടു; നീ
മൂന്നു നാൾകൊണ്ട് അതിനെ ഉയർത്തുമോ? എന്നു അവനോടു പറഞ്ഞു.
21 അവനോ തന്റെ ശരീരം ആകുന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു.
22 ആകയാൽ അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റപ്പോൾ ഇതു തങ്ങളോടു
പറഞ്ഞു എന്ന് അവന്റെ ശിഷ്യന്മാർ ഓർത്തു; തിരുവെഴുത്തും യേശു പറഞ്ഞ വചനവും
വിശ്വസിക്കയും ചെയ്തു.
23 പെസഹപെരുന്നാളിൽ യെരൂശലേമിൽ ഇരിക്കുമ്പോൾ തന്നെ അവൻ ചെയ്ത
അടയാളങ്ങൾ കണ്ടിട്ടു പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു.
24 യേശുവോ എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ
വിശ്വാസമായി ഏൽപ്പിച്ചില്ല.
25 മനുഷ്യനിലുള്ളതു ഇന്നതു എന്നു സ്വതെ അറിഞ്ഞിരിക്കയാൽ തനിക്കു
മനുഷ്യനെക്കുറിച്ചു ഒരുത്തരുടെ സാക്ഷ്യവും ആവശ്യമുണ്ടായിരുന്നതുമില്ല.

1.സങ്കീ. 69:9

## അദ്ധ്യായം 3

നിക്കൊദേമൊസിനോടുള്ള സംഭാഷണം. 22.യേശു യെഹുദ്യായിൽ സ്നാനപ്പെടുത്തിയപ്പോൾ യോഹന്നാന്റെ സാക്ഷ്യ സമർപ്പണം

യെഹൂദരുടെ ഒരു പ്രമാണിയായി നിക്കോദേമൊസ് എന്നു പേരുള്ളോരു മനുഷ്യൻ പരീശരിൽ ഉണ്ടായിരുന്നു.
2 ആയവൻ രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്നു അവനോടു പറഞ്ഞു: റബ്ബീ, നീ ദൈവത്തിൽ നിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; എന്തെന്നാൽ ഒരുത്തന്നും ദൈവം തന്നോടു കൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ കഴികയില്ല.
3 എന്നതിനു യേശു : “ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു, മേലിൽ നിന്നു ജനിച്ചില്ല എങ്കിൽ, ഒരുത്തന്നും ദൈവരാജ്യത്തെ കാൺമാൻ കഴികയില്ല ” എന്നു ഉത്തരം പറഞ്ഞു.
4 നിക്കോദെമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായാൽ എങ്ങനെ ജനിപ്പാൻ കഴിയും? രണ്ടാമതും തന്റെ അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാൻ കഴിയുമോ? എന്നു പറഞ്ഞു.
5 യേശു ഉത്തരം ചൊല്ലിയത്: “ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു, വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ചില്ല എങ്കിൽ ഒരുത്തന്നും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല.
6 ജഡത്തിൽ നിന്നു ജനിച്ചതു ജഡം ആകുന്നു; ആത്മാവിൽ നിന്നു ജനിച്ചതു ആത്മാവു ആകുന്നു.
7 നിങ്ങൾ പുതുതായി ജനിക്കേണം എന്നു നിന്നോടു പറകയാൽ ആശ്ചര്യപ്പെടേണ്ടാ.
8 കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു, എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും നീ അറിയുന്നില്ല; ആത്മാവിൽ നിന്നു ജനിച്ചവൻ എല്ലാം ഇപ്രകാരം ആകുന്നു”.
9 നിക്കോദേമൊസ് അവനോടു ഉര ചെയ്തു: ഇവ എങ്ങനെ സംഭവിപ്പാൻ കഴിയും? എന്നു പറഞ്ഞു.
10 എന്നാറെ യേശു അവനോടു ഉത്തരം പറഞ്ഞതു: “നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഇവ അറിയാതിരിക്കുന്നുവോ?
11 ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നതു സംസാരിക്കയും ഞങ്ങൾ കണ്ടതിനെ സാക്ഷ്യം ചൊല്ലുകയും ചെയ്യുന്നു: ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ലതാനും.
12 ഭൂമിയിലുള്ളവ നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ സ്വർഗ്ഗത്തിലുള്ളവ നിങ്ങളോടു പറയുന്നു എങ്കിൽ എങ്ങനെ വിശ്വസിക്കും?
13 സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ ഒഴികെ ആരും സ്വർഗ്ഗത്തിൽ കരേറീട്ടുമില്ല.
14 പിന്നെ മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയ പ്രകാരം മനുഷ്യപുത്രനും,
15 തന്നിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചു പോകാതെ നിത്യജീവൻ ഉണ്ടാവാനായി ഉയർത്തപ്പെടെണ്ടതാകുന്നു.
16 എന്തെന്നാൽ ദൈവം തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന്നു അവനെ തരുവാൻ തക്കവണ്ണം അത്രത്തോളം ലോകത്തെ സ്നേഹിച്ചു.
17 ലോകത്തെ ന്യായം വിധിപ്പാനല്ലല്ലോ ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു;

ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ.
18 അവങ്കൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനോ ദൈവത്തിന്റെ
ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കാത്തതിനാൽ ന്യായവിധി വന്നുകഴിഞ്ഞു.
19 ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ ക്രിയകൾ
ദോഷമുള്ളവ ആകയാൽ അവർ വെളിച്ചത്തെക്കാൾ ഏറ്റം ഇരുളിനെ സ്നേഹിച്ചതു തന്നേ.
20 എന്തെന്നാൽ തിന്മകൾ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെക്കുന്നു; തന്റെ
ക്രിയകൾ ആക്ഷേപിക്കപ്പെടാതിരിപ്പാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമില്ല.
21 സത്യത്തെ ചെയ്യുന്നവനോ, തന്റെ ക്രിയകൾ ദൈവത്തിൽ പ്രവർത്തിച്ചവ ആകകൊണ്ട്
അവ വെളിപ്പെടേണ്ടതിനു വെളിച്ചത്തിങ്കലേക്കു വരുന്നു.

22 ഇവറ്റിന്റെ ശേഷം യേശു തന്റെ ശിഷ്യരുമായി യെഹൂദ്യ നാട്ടിൽ വന്നു അവരോടുകൂടെ
സ്നാനപ്പെടുത്തികൊണ്ട് പാർത്തു.
23 അപ്പോൾ യോഹന്നാനും ശലേമിന്റെ അരികത്തുള്ള ഐനോനിൽ
സ്നാനപ്പെടുത്തികൊണ്ടിരുന്നു; എന്തെന്നാൽ അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു,
[ആളുകൾ] വന്നു കൂടി സ്നാനപ്പെടുകയും ചെയ്തു.
24 യോഹന്നാനോ അതുവരെയും തടവിൽ ആക്കപ്പെട്ടിരുന്നില്ല.
25 അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാരിൽ ചിലർക്കു യെഹൂദരുമായി
ശുദ്ധീകരണത്തെക്കുറിച്ചു ഒരു വാദം ഉണ്ടായിട്ട്,
26 അവർ യോഹന്നാന്റെ അടുക്കൽവന്നു അവനോടു: റബ്ബീ, യോർദ്ദാന്നക്കരെ നിന്നോടുകൂടെ
ഇരുന്നവനായി നീയും സാക്ഷ്യം ചൊല്ലിട്ടുള്ളവൻ തന്നേ, ഇതാ അവൻ സ്നാനപ്പെടുത്തുന്നു,
എല്ലാവരും അവനോട് ചേർന്ന് പോകുന്നു എന്നു പറഞ്ഞു.
27 യോഹന്നാൻ ഉത്തരം ചൊല്ലിയത്: സ്വർഗ്ഗത്തിൽ നിന്നു കൊടുക്കപ്പെട്ടിട്ടല്ലാതെ മനുഷ്യന്നു
ഒന്നും പ്രാപിപ്പാൻ കഴികയില്ല.
28 ഞാൻ ക്രിസ്തു അല്ല, ആയവനു മുൻപേ അയക്കപ്പെട്ടവനത്രേ, എന്നു ഞാൻ
പറഞ്ഞതിന്നു നിങ്ങൾ തന്നേ എനിക്കു സാക്ഷികൾ ആകുന്നു.
29 മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; മണവാളന്റെ സ്നേഹിതനോ നിന്നു, അവനെ
കേട്ടു കൊണ്ട് മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്തോടെ സന്തോഷിക്കുന്നു; ആകയാൽ
ഈ എന്റെ സന്തോഷംപൂർത്തിയായിരിക്കുന്നു.
30 ആയവൻ വളരേണം, ഞാനോ കുറയേണം.
31 മേലിൽ നിന്നു വരുന്നവൻ എല്ലാവർക്കും മീതെയാകുന്നു; ഭൂമിയിൽ നിന്നുള്ളവൻ
ഭുമിയിൽ നിന്നു ആകുന്നു; ഭുമിക്കടുത്തവ സംസാരിക്കയും ചെയുന്നു; സ്വർഗ്ഗത്തിൽനിന്നു
വരുന്നവൻ എല്ലാവർക്കും മീതെയാകുന്നു.
32 അവൻ കാൺകെയും കേൾക്കയും ചെയ്തിട്ടുള്ളത് സാക്ഷിയായി പറയുന്നു;
അവന്റെ സാക്ഷ്യം ആരും കൈക്കൊള്ളുന്നതുമില്ല.
33 അവന്റെ സാക്ഷ്യം കൈക്കൊണ്ടവൻ ദൈവം സത്യവാൻ എന്നുള്ളതിനു മുദ്രയിട്ടു.
34 എന്തെന്നാൽ ദൈവം അയച്ചവൻ ദൈവ മൊഴികളെ പറയുന്നു; ദൈവം അവനു
ആത്മാവിനെ അളവാലെ അല്ലല്ലോ കൊടുക്കുന്നതു.
35 പിതാവു പുത്രനെ സ്നേഹിക്കുന്നു. സകലവും അവന്റെ കയ്യിൽ കൊടുത്തുമിരിക്കുന്നു.
36 പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ
ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു.

## അദ്ധ്യായം 4

ശമര്യാ സ്ത്രീയോടുള്ള സംഭാഷണം. 28. ശമര്യാക്കാർ വിശ്വസിച്ചത്. 43 കാനാവിലെ രണ്ടാം അതിശയം

എന്നാറെ യോഹന്നാന്നിലും അധികം ശിഷ്യന്മാരെ യേശു ചേർത്തു സ്നാനപ്പെടുത്തുന്ന പ്രകാരം പരീശന്മാർ കേട്ടു, എന്നു കർത്താവു അറിഞ്ഞു.
2 [എങ്കിലും തന്റെ ശിഷ്യന്മാർ അല്ലാതെ, യേശു തന്നേ സ്നാനപ്പെടുത്തിയില്ല].
3 അപ്പോൾ അവൻ യെഹൂദ്യയെ വിട്ടു പിന്നെയും ഗലീലെക്കു പുറപ്പെട്ടു.
4 എന്നാൽ  അവൻ ശമര്യയിൽകൂടി കടക്കെണ്ടതായിരുന്നു.
5 ആകയാൽ അവൻ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത പറമ്പിന്നരികിൽ സിഖാർ എന്ന ശമര്യ നഗരത്തിൽ വരുന്നു.
6 യാക്കോബിൻ ഉറവു അവിടെ ഉണ്ടായിരുന്നു. ആകയാൽ യേശു വഴി നടപ്പിനാൽ തളർന്നിട്ടു അങ്ങനെ ഉറവിന്നരികിൽ ഇരുന്നു. അപ്പോൾ ഏകദേശം ആറാം മണിനേരം ആയിരുന്നു.
7 ഒരു ശമര്യാക്കാരത്തി വെള്ളം കോരുവാൻ വരുന്നു; അവളോടു യേശു: "എനിക്കു കുടിപ്പാൻ തരികാ" എന്നു പറയുന്നു.
8 അവന്റെ ശിഷ്യന്മാർ ആഹാരങ്ങളെ കൊള്ളുവാൻ നഗരത്തിൽ പോയിരുന്നു.
9 എന്നാൽ യെഹൂദർക്കു ശമര്യക്കാരോട് പെരുമാറ്റം ഇല്ലായ്കയാൽ ശമര്യസ്ത്രീ അവനോടു: നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങനെ? എന്നു പറഞ്ഞു.
10 യേശു ഉത്തരം ചൊല്ലിയത്: "നീ ദൈവത്തിന്റെ ദാനത്തെയും നിന്നോടു കുടിപ്പാൻ തരിക എന്നു ചോദിക്കുന്നവൻ ഇന്നവൻ എന്നതിന്നെയും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു".
11 സ്ത്രീ അവനോടു പറയുന്നു: കർത്താവേ, നിനക്കു പാള ഇല്ല, കിണറും ആഴമുള്ളതല്ലോ; പിന്നെ ജീവനുള്ള വെള്ളം നിനക്കു എവിടെ നിന്നുള്ളു?
12 ഞങ്ങൾക്കു ഈ കിണറു തന്നവനായി താൻ തന്നെയും തന്റെ മക്കളും മൃഗക്കൂട്ടങ്ങളും ഇതിൽ നിന്നു കുടിച്ചിട്ടുള്ള ഞങ്ങളുടെ അപ്പനായ യാക്കോബിനെക്കാൾ നീ വലിയവനോ?
13 യേശു അവളോടു ഉത്തരം ചൊല്ലിയത്: "ഈ വെള്ളത്തിൽ നിന്നു കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും.
14 ഞാൻ കൊടുക്കുന്ന വെള്ളത്തിൽ നിന്നു ആരെങ്കിലും കുടിച്ചാലോ എന്നേക്കും ദാഹിക്കയില്ല, ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന വെള്ളത്തിന്റെ ഉറവായിത്തീരും".
15 സ്ത്രീ അവനാടു: കർത്താവേ, എനിക്കു ദാഹിക്കയും ഞാൻ ഇവിടെ കോരുവാൻ വരികയും ചെയാത്തിരിപ്പാൻ ആ വെള്ളം എനിക്കു തരിക, എന്നു പറയുന്നു.
16 യേശു അവളോടു: "പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു ഇങ്ങു വരിക" എന്നു പറഞ്ഞു.
17 എനിക്കു ഭർത്താവു ഇല്ല, എന്നു സ്ത്രീ ഉത്തരം ചൊല്ലിയാറെ, യേശു പറഞ്ഞു: "എനിക്കു ഭർത്താവു ഇല്ല, എന്നു ചൊല്ലിയത് നന്ന്.
18 എന്തെന്നാൽ നിനക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ നിന്റെ ഭർത്താവല്ല; ഇതു നീ ചൊല്ലിയത് സത്യം തന്നേ" .
19 സ്ത്രീ അവനോടു പറഞ്ഞു: കർത്താവേ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു.
20 ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ കുമ്പിട്ടു വന്നു; കുമ്പിടേണ്ടുന്ന സ്ഥലം യെരൂശലേമിൽ ആകുന്നു, എന്നു നിങ്ങൾ ചൊല്ലുന്നു.
21 എന്നാറെ യേശു അവളോടു പറയുന്നത്: "സ്ത്രീയേ, എന്നെ വിശ്വസിക്ക; നാഴിക വരുന്നുണ്ട് അപ്പോൾ നിങ്ങൾ പിതാവിനെ കുമ്പിടുന്നത് ഈ മലമേൽ എന്നില്ല യെരൂശലേമിൽ എന്നുമില്ല.
22 നിങ്ങൾ അറിയാത്തതിനെ നിങ്ങൾ കുമ്പിടുന്നു; ഞങ്ങളോ അറിയുന്നതിനെ കുമ്പിടുന്നു; രക്ഷ യെഹൂദരിൽ നിന്നു ആകുന്നുവല്ലോ.

23 എങ്കിലും സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും കുമ്പിടുന്ന
നാഴിക വരുന്നു, ഇപ്പോൾ തന്നെയും ആകുന്നു; തന്നേ നമസ്കരിക്കുന്നവർ ആയിട്ടു
ഇങ്ങനത്തവരെ അല്ലോ പിതാവു അന്വേഷിക്കുന്നു.
24 ദൈവം ആത്മാവു ആകുന്നു, അവനെ കുമ്പിടുന്നവർ ആത്മാവിലും സത്യത്തിലും
കുമ്പിടുകയും വേണം.
25 സ്ത്രീ അവനോടു: [ക്രിസ്തു എന്ന് ചൊല്ലപ്പെടുന്ന] മശീഹ വരുന്നു, എന്നു ഞാൻ
അറിയുന്നു; ആയവൻ വരുമ്പോൾ ഞങ്ങളോട് സകലവും അറിയിക്കും, എന്നു പറഞ്ഞു.
26 യേശു അവളോടു: “നിന്നോടു സംസാരിക്കുന്ന ഞാൻ അവൻ ആകുന്നു” എന്നു പറഞ്ഞു.
27 ഇതിന്നിടയിൽ അവന്റെ ശിഷ്യന്മാർ വന്നു അവൻ സ്ത്രീയോടു സംസാരിക്കയാൽ
ആശ്ചര്യപ്പെട്ടു എങ്കിലും നീ എന്തു അന്വേഷിക്കുന്നു? അവളോടു എന്തു സംസാരിക്കുന്നു?
എന്നു ആരും പറഞ്ഞില്ല.

28 അനന്തരം സ്ത്രീ തന്റെ പാത്രം വെച്ചിട്ടു നഗരത്തിൽ ചെന്നു ആ മനുഷ്യരോടു പറഞ്ഞു:
29 ഞാൻ ചെയ്തിട്ടുള്ളത് ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നുകാണ്മിൻ;
പക്ഷേ ഇവൻ ക്രിസ്തു ആല്ലയോ?
30 അവർ നഗരത്തിൽ നിന്നു പുറപ്പെട്ടു അവന്റെ അടുക്കൽ വരികയും ചെയ്തു.
31 അതിന്നിടയിൽ ശിഷ്യന്മാർ: റബ്ബീ, ഭക്ഷിക്ക, എന്നു അവനോടു അപേക്ഷിച്ചു.
32 എന്നാറെ അവൻ: “നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കു ഉണ്ടു” എന്നു
അവരോടു പറഞ്ഞു.
33 ആകയാൽ വല്ലവനും അവനു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ, എന്നു ശിഷ്യന്മാർ തമ്മിൽ
പറഞ്ഞു.
34 യേശു അവരോടു ചൊല്ലുന്നത്: “എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ വേലയെ
തികെക്കുന്നതു അത്രേ എന്റെ ആഹാരം ആകുന്നു.
35 ഇനി നാലു മാസം ഉണ്ട്; അപ്പോൾ കൊയ്ത്തു വരുന്നു എന്നു നിങ്ങൾ
ചൊല്ലുന്നില്ലയോ? ഇതാ നിങ്ങളുടെ കണ്ണുകളെ ഉയർത്തി, നിലങ്ങൾ ഇപ്പോഴെ കൊയ്ത്തിനു
വെണ്മയായിരിക്കുന്നതു കാണ്മിൻ” എന്നു ഞാൻ നിങ്ങളോടു പറയുന്നു.
36 “കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവെക്കുന്നു; ആയതു
വിതെക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിപ്പാൻ തന്നെ.
37 എന്തെന്നാൽ വിതെക്കുന്നൻ വേറെ, കൊയ്യുന്നവൻ വേറെ എന്നുള്ള ചൊൽ ഇതിൽ
സത്യമായിരിക്കുന്നു.
38 നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു കൊയ്‌വാൻ ഞാൻ നിങ്ങളെ അയച്ചു, മറ്റുള്ളവർ
അദ്ധ്വാനിച്ചു, അവരുടെ അദ്ധ്വാനത്തിൽ നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.
39 എന്നാറെ ഞാൻ ചെയ്തിട്ടുള്ളത് ഒക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സാക്ഷ്യം
ചൊല്ലിയ സ്ത്രീയുടെ വചനം ഹേതുവായി ആ ഊരിൽ പല ശമര്യരും അവനിൽ
വിശ്വസിച്ചു.
40 ആകയാൽ ശമര്യർ അവന്റെ അടുക്കൽ വന്നപ്പോൾ തങ്ങളോടു കൂടെ പാർക്കേണം
എന്നു അവനോടു അപേക്ഷിച്ചു; അവൻ രണ്ടുനാൾ പാർക്കയും ചെയ്തു.
41 ഏറ്റവും അധികം ആളുകൾ അവന്റെ വചനം നിമിത്തം വിശ്വസിച്ചു,
42 സ്ത്രീയോട് പറഞ്ഞു: ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു, ഞങ്ങൾ
തന്നേ കേട്ടു ഇവൻ ലോകരക്ഷിതാവായ ക്രിസ്തു ആകുന്നു സത്യം എന്നു
അറിഞ്ഞിരിക്കുന്നു.

43 രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ അവിടെ നിന്നു പുറപ്പെട്ടു, ഗലീലെക്കു പോയി.
44 എന്തെന്നാൽ ഒരു പ്രവാചകനു തന്റെ പിതൃദേശത്തിൽ ബഹുമാനം ഇല്ല, എന്നു യേശു
തന്നേ സാക്ഷ്യം പറഞ്ഞിരുന്നു.

45 എന്നാൽ അവൻ ഗലീലയിൽ വന്നപ്പോൾ ഗലീലക്കാർ തങ്ങളും പെരുന്നാളിന്നു
പോയിരുന്നത്കൊണ്ട് അവൻ യെരൂശലേമിൽവെച്ചു പെരുന്നാളിൽ ചെയ്തതു ഒക്കെയും
കണ്ട ഹേതുവാൽ അവനെ കൈകൊണ്ടു.
46 എന്നാറെ അവൻ വെള്ളം വീഞ്ഞാക്കിയ ഗലീലയിലെ കാനാവിൽ പിന്നെയും വന്നു.
അന്നു തന്റെ മകൻ രോഗിയായിരുന്നോരു രാജഭൃത്യൻ കപ്പർന്നഹൂമിൽ ഉണ്ടായിരുന്നു.
47 ഇവൻ യേശു യെഹൂദ്യയായിൽ നിന്നു ഗലീലയിൽ വന്നതു കേട്ടു അവന്റെ അടുക്കൽ
ചെന്നു, അവൻ ഇറങ്ങി വന്നു, തന്റെ മകൻ മരിപ്പാറായിരിക്കകൊണ്ടു അവനെ
സൌഖ്യമാക്കേണം, എന്നു അവനോടു അപേക്ഷിച്ചു.
48 എന്നാറെ യേശു അവനോടു: “നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ
വിശ്വസിക്കയില്ല” എന്നു പറഞ്ഞു.
49 രാജഭൃത്യൻ അവനോടു: കർത്താവേ, എന്റെ പൈതൽ മരിക്കും മുമ്പേ ഇറങ്ങി വരിക,
എന്നു പറയുന്നു.
50 യേശു അവനോടു: “നീ പൊയ്ക്കൊൾക; നിന്റെ മകൻ ജീവിച്ചിരിക്കുന്നു” എന്നു
ചൊല്ലുന്നു. യേശു പറഞ്ഞ വാക്കിനെ വിശ്വസിച്ചു ആ മനുഷ്യൻ പോകയും ചെയ്തു.
51 അവൻ ഇറങ്ങി പോകുമ്പോൾ തന്നെ അവന്റെ ദാസന്മാർ അവനെ എതിരേറ്റു: നിന്റെ
മകൻ ജീവിച്ചിരിക്കുന്നു, എന്നു അറിയിച്ചു.
52 ആകയാൽ അവനു ഭേദം വന്ന നാഴിക അവരോടു ചോദിച്ചാറെ: ഇന്നലെ ഏഴുമണിക്കു
പനി വിട്ടുമാറി, എന്നു അവർ അവനോടു പറഞ്ഞു.
53 ആകയാൽ: നിന്റെ മകൻ ജീവിച്ചിരിക്കുന്നു, എന്നു യേശു തന്നോട് ചൊല്ലിയ ആ
നാഴികയിൽ തന്നേ എന്നു അപ്പൻ അറിഞ്ഞു, അവനും അവന്റെ കുടുംബം ഒക്കെയും
വിശ്വസിക്കയും ചെയ്തു.
54 യേശു യെഹൂദ്യയിൽ നിന്നു ഗലീലയിൽ വന്ന ശേഷം ഇതു അവൻ ചെയ്ത രണ്ടാം
അടയാളം ആകുന്നു.

## അദ്ധ്യായം 5

യേശു ശബ്ബത്തിൽ രോഗശാന്തി വരുത്തിയത്, 16 ദുസ്തർക്കക്കാരോട് തന്റെ ദിവ്യ ശക്തിയും, 25 ഉയർപ്പിപ്പാനും വിധിപ്പാനും അധികാരവും, 31 തന്നെക്കുറിച്ചുള്ള സാക്ഷ്യവും ചൊല്ലി, 41 അവിശ്വാസത്തെ ആക്ഷേപിച്ചത്

ഇവറ്റിന്റെ ശേഷം യെഹൂദരുടെ ഒരു പെരുന്നാൾ ഉണ്ടായിട്ടു യേശു യെരൂശലേമിലേക്കു
കരേറിപോയി.
2 എന്നാൽ യെരൂശലേമിൽ ആട്ടുവാതിൽക്കൽ ബേഥെസ്ദാ എന്നു എബ്രായനാമമുള്ള ഒരു
കുളം ഉണ്ടു; അതിന്നു അഞ്ചു മണ്ഡപങ്ങളും ഉണ്ടു.
3 ആയവറ്റിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെയുള്ളൊരു വലിയ
ജനകൂട്ടം വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ടു കിടന്നിരുന്നു.
4 എന്തെന്നാൽ ചിലപ്പോൾ ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം
കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധിയാൽ പിടിപ്പെട്ടിരുന്നാലും
സൌഖ്യവാനായി വരും.
5 എന്നാൽ മുപ്പത്തെട്ടു ആണ്ടു രോഗത്തിൽ കഴിച്ചിട്ടുള്ള ഒരു മനുഷ്യൻ അവിടെ

ഉണ്ടായിരുന്നു.
6 അവൻ കിടക്കുന്നതിനെ യേശു കണ്ടു, ഏറിയ കാലമായി എന്നും അറിഞ്ഞു: "നിനക്കു
സ്വസ്ഥനാകുവാൻ മനസ്സുണ്ടോ" എന്നു അവനോടു പറയുന്നു.
7 രോഗി അവനോടു ഉത്തരം ചൊല്ലിയത്: കർത്താവേ, വെള്ളം കലങ്ങുമ്പോൾ എന്നെ
കുളത്തിൽ ആക്കുവാൻ എനിക്കു ആരും ഇല്ല; ഞാൻ തന്നേ ചെല്ലുമ്പോൾ മറ്റൊരുത്തൻ
എനിക്കു മുമ്പായി ഇറങ്ങുന്നു.
8 യേശു അവനോടു: "എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക" എന്നു പറയുന്നു.
9 ഉടനെ ആ മനുഷ്യൻ സൌഖ്യമായി തന്റെ കിടക്ക എടുത്തുംകൊണ്ട് നടന്നു. എങ്കിലോ
ആ നാൾ ശബ്ബത്ത് ദിവസം ആയിരുന്നു.

10 ആകയാൽ യെഹൂദന്മാർ ആ സൌഖ്യപ്പെട്ടവനോടു: ശബ്ബത്ത് ദിവസം ആകുന്നു; കിടക്ക
എടുപ്പാൻ നിനക്ക് ന്യായമില്ല, എന്നു പറഞ്ഞു.
11 അവൻ അവരോടു ഉത്തരം ചൊല്ലിയത്: എന്നെ സ്വസ്ഥനാക്കിയവൻ തന്നെ: നിന്റെ
കിടക്ക എടുത്തു നടക്ക എന്നു എന്നോടു പറഞ്ഞു.
12 എന്നത് കൊണ്ട് അവർ അവനോടു: നിന്റെ കിടക്ക എടുത്തു നടക്ക എന്നു നിന്നോടു
പറഞ്ഞ മനുഷ്യൻ ആർ? എന്നു ചോദിച്ചു.
13 എന്നാൽ ആ സ്ഥലത്ത് പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതുകൊണ്ടു
അവൻ ഇന്നവൻ എന്നു സ്വസ്ഥനായവൻ അറിഞ്ഞില്ല.
14 അനന്തരം യേശു അവനെ ദൈവാലയത്തിൽവെച്ചു കണ്ടെത്തി അവനോടു: "നോക്കു, നീ
സ്വസ്ഥനായി തീർന്നു; അധികം തിന്മയായുള്ളതു നിനക്ക് സംഭവിക്കാതിരിപ്പാൻ ഇനി പാപം
ചെയ്യരുതു" എന്നു പറഞ്ഞു.
15 ആ മനുഷ്യൻ പോയി തന്നെ സൌഖ്യമാക്കിയതു യേശു, എന്നു യെഹൂദന്മാരോടു
അറിയിച്ചു.
16 ആകയാൽ യേശു ശബ്ബത്തിൽ ഇവ ചെയ്കകൊണ്ടു യെഹൂദന്മാർ അവനെ പീഡിപ്പിച്ചു
കൊല്ലുവാൻ അന്വേഷിച്ചു.
17 എന്നാൽ യേശു അവരോടു: "എന്റെ പിതാവു ഇതുവരെയും പ്രവർത്തിക്കുന്നു; ഞാനും
പ്രവർത്തിക്കുന്നു" എന്നു ഉത്തരം പറഞ്ഞു.
18 ആകയാൽ അവൻ ശബ്ബത്തിനെ അഴിക്കകൊണ്ടു മാത്രമല്ല, ദൈവം സ്വന്തപിതാവു എന്നു
ചൊല്ലി തന്നെത്താൻ ദൈവത്തോടു സമമാക്കുകകൊണ്ടും, യെഹൂദന്മാർ അവനെ
കൊല്ലുവാൻ ഏറ്റവും അന്വേഷിച്ചുപോന്നു.

19 ആയതുകൊണ്ട് യേശു അവരോടു ഉത്തരം ചൊല്ലിയത്: "ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു പറയുന്നു, പിതാവു ചെയ്തു കാണുന്നതു അല്ലാതെ, പുത്രനു സ്വതേ ഒന്നും
ചെയ്‌വാൻ കഴികയില്ല; എന്തെന്നാൽ അവൻ എന്തു ചെയ്യുന്നുവോ അവറ്റെ പുത്രനും
അവ്വണ്ണം ചെയ്യുന്നു.
20 എന്തെന്നാൽ പിതാവു പുത്രനെ പ്രിയപ്പെടുന്നു, താൻ ചെയ്യുന്നവ ഒക്കെയും അവനു
കാണിച്ചും വരുന്നു; നിങ്ങൾ ആശ്ചര്യപ്പെടുമാറു ഇവറ്റിൽ വലിയ ക്രിയകളെയും അവനു
കാണിക്കും.
21 പിതാവു മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ തന്നെ പുത്രനും താൻ
ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു.

22 എന്തെന്നാൽ പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം
പുത്രനുകൊടുത്തിരിക്കുന്നു.
23 എല്ലാവരും പിതാവിനെ ബഹുമാനിക്കുംപ്രകാരം പുത്രനെയും ബഹുമാനിക്കേണ്ടതിനു
തന്നെ. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും
ബഹുമാനിക്കുന്നില്ല.
24 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ
അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ വരാതെ
മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.
25 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം
കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴികവരുന്നു; ഇപ്പോൾ തന്നെയും
ആകുന്നു.
26 എന്തെന്നാൽ പിതാവിനു തന്നിൽതന്നേ ജീവനുള്ള പ്രകാരം അവൻ പുത്രനും
തന്നിൽതന്നേ ജീവനുള്ളവൻ ആകുമാറു നല്കി.
27 അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധിയെയും നടത്തിപ്പാൻ അവനു അധികാരം
കൊടുത്തു.
28 ഇതിങ്കൽ ആശ്ചര്യപ്പെടേണ്ട; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു,
29 നന്മകൾ ചെയ്തവർ ജീവന്റെ ഉയർപ്പിനായും തിന്മകൾ ചെയ്തവർ ന്യായവിയുടെ
ഉയർപ്പിനായും പുറപ്പെടുവാനുള്ള നാഴിക വരുന്നു.
30 എനിക്കു ഒന്നും സ്വതേ ചെയ്തുകൂടാ; ഞാൻ കേൾക്കുന്ന പ്രകാരം ന്യായം വിധിക്കുന്നു;
ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ച പിതാവിന്റെ ഇഷ്ടമത്രേ അന്വേഷിക്കുന്നതുകൊണ്ടു
എന്റെ വിധി നീതിയുള്ളതും ആകുന്നു.

31 എന്നെക്കുറിച്ചു ഞാൻ തന്നേ സാക്ഷ്യം പറഞ്ഞാൽ എന്റെ സാക്ഷ്യം സത്യമുള്ളതല്ല.
32 എന്നെക്കുറിച്ചു സാക്ഷ്യം ചൊല്ലുന്നവൻ മറ്റൊരുത്തൻ ഉണ്ട്; അവൻ എന്നെക്കുറിച്ചു
പറയുന്ന സാക്ഷ്യം സത്യമുള്ളത് എന്നു ഞാൻ അറിയുന്നു.
33 നിങ്ങൾ യോഹാന്നാന്റെ അടുക്കൽ ആളയച്ചു; അവനും സത്യത്തിന്നു സാക്ഷ്യം
കൊടുത്തിരിക്കുന്നു.
34 ഞാനോ മനുഷ്യനിൽ നിന്നു സാക്ഷ്യം വാങ്ങുന്നില്ല; നിങ്ങൾ രക്ഷിക്കപ്പെടുവാനത്രേ ഇവ
പറയുന്നു.
35 ആയവൻ എരിഞ്ഞു വിളങ്ങുന്ന വിളക്കു ആയിരുന്നു; നിങ്ങളോ തൽസമയത്തേക്കു
അവന്റെ വെളിച്ചത്തിൽ ഉല്ലസിച്ചുകൊൾവാൻ ഇച്ഛിച്ചു.
36 എന്നാൽ യോഹന്നാന്റേതിനെക്കാളും വലിയ സാക്ഷ്യം എനിക്ക് ഉണ്ടു; എന്തെന്നാൽ
ഞാൻ തികപ്പാനായിട്ടു പിതാവു എനിക്കു തന്ന ക്രിയകൾ, ഞാൻ ചെയ്യുന്ന ക്രിയകൾ തന്നേ
പിതാവു എന്നെ അയച്ചിരിക്കുന്നു, എന്നു എന്നെക്കുറിച്ചു സാക്ഷ്യം ചൊല്ലുന്നു.
37 എന്നെ അയച്ച പിതാവുതാനും എന്നെക്കുറിച്ചു സാക്ഷ്യം ചൊല്ലിയിരിക്കുന്നു; നിങ്ങൾ
അവന്റെ ശബ്ദം ഒരുനാളും കേട്ടിട്ടുമില്ല, അവന്റെ രൂപം കണ്ടിട്ടുമില്ല.
38 അവന്റെ വചനം നിങ്ങളുടെ ഉള്ളിൽ വസിക്കുന്നതുമില്ല; ആയവൻ അയച്ചവനെ
നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ.
39 തിരുവെഴുത്തുകളെ ശോധന ചെയ്യുവിൻ; അവറ്റിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു
എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ തന്നെ എനിക്കു സാക്ഷികൾ ആകുന്നു.
40 എങ്കിലും നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു

മനസ്സില്ല.

41 മനുഷ്യരിൽ നിന്നു മഹത്ത്വം ഞാൻ വാങ്ങുന്നില്ല.
42 എന്നാൽ നിങ്ങൾക്കു ദൈവസ്നേഹം ഉള്ളിൽ ഇല്ല എന്നു ഞാൻ നിങ്ങളെ അറിഞ്ഞിരിക്കുന്നു.
43 എന്റെ പിതാവിൻ നാമത്തിൽ ഞാൻ വന്നിട്ട് നിങ്ങൾ എന്നെ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ തന്റെ സ്വന്തനാമത്തിൽ വന്നു എങ്കിൽ അവനെ നിങ്ങൾ കൈക്കൊള്ളും.
44 തമ്മിൽ തമ്മിൽ മഹത്വം വാങ്ങിക്കൊണ്ടു ഏക ദൈവത്തിൽ നിന്നുള്ള മഹത്വത്തെ അന്വേഷിക്കാത്ത നിങ്ങൾക്കു എങ്ങനെ വിശ്വസിക്കാം?
45 ഞാൻ പിതാവിൻ മുമ്പിൽ നിങ്ങളെ കുറ്റം ചുമത്തും, എന്നു തോന്നരുതു. നിങ്ങളെ കുറ്റം ചുമത്തുന്നവൻ ഉണ്ടു; നിങ്ങൾ ആശ വെച്ചിരിക്കുന്ന മോശെ തന്നേ.
46 എന്തെന്നാൽ നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു; ആയവൻ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നുവല്ലോ.
47 എന്നാൽ അവന്റെ എഴുത്തുകളെ നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ മൊഴികളെ എങ്ങനെ വിശ്വസിക്കും.

## അദ്ധ്യായം 6

അയ്യായിരത്തിനു ഭക്ഷണം കൊടുത്ത ശേഷം [മത്തായി.14, മർക്കോസ്.6, ലൂക്കോസ്.9], 14. യേശു കടലിൻ മീതെ നടന്നത് [മത്തായി.14, മർക്കോസ്.6] , 22. താൻ സത്യം ഉള്ള ആഹാരം എന്ന് പുരുഷാരത്തോടും, 41. പള്ളിയിലും വാദിച്ചു, 52. കഠിനം ഉള്ള ഉപദേശം കൊണ്ട്, 60. ശിഷ്യന്മാരെ പരിശോധിച്ചത്

**അ**നന്തരം യേശു തിബെര്യാസ് എന്ന ഗലീലക്കടലിന്റെ അക്കരെക്കു യാത്രയായി.
2 അവൻ രോഗികളിൽ ചെയ്യുന്ന അടയാളങ്ങളെ കാണുകകൊണ്ട് ഒരു വലിയ പുരുഷാരം അവനെ പിന്തുടർന്നു.
3 യേശു മലയിൽ കരേറി ശിഷ്യരോടുകൂടെ അവിടെ ഇരുന്നു.
4 എന്നാൽ യെഹൂദരുടെ പെരുന്നാൾ ആകുന്ന പെസഹ അടുത്തിരുന്നു.
5 ആകയാൽ യേശു കണ്ണുകളെ ഉയർത്തി വലിയൊരു പുരുഷാരം തന്റെ അടുക്കൽ വരുന്ന പ്രകാരം കണ്ടിട്ടു ഫിലിപ്പൊസിനോടു പറയുന്നു: “ഇവർക്കു തിന്നുവാൻ നാം എവിടെ നിന്നു അപ്പങ്ങൾ കൊൾവു”.
6 എന്നാൽ താൻ ചെയ്‌വാൻ പോകുന്നത് എന്തെന്ന് അറിഞ്ഞുകൊണ്ട് അവനെ പരീക്ഷിച്ചു പറഞ്ഞത് അത്രേ.
7 ഫിലിപ്പൊസ് അവനോടു: ഇവരിൽ ഓരോരുത്തനു അല്പമല്പം ലഭിക്കേണ്ടതിനു ഇരുനൂറു പണത്തിന്റെ അപ്പം പോരാ, എന്നു ഉത്തരം പറഞ്ഞു.
8 അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായി ശിമോൻ പത്രൊസിന്റെ സഹോദരനാകുന്ന അന്ത്രെയാസ് അവനോടു പറയുന്നു:
9 ഇവിടെ ഒരു ബാലകൻ ഉണ്ടു; അവന് അഞ്ചു യവ അപ്പവും രണ്ടു ചെറുമീനും ഉണ്ടു; എങ്കിലും ഇത്രപേർക്കു അതു എന്തുള്ളു?
10 എന്നാറെ യേശു: “ആളുകളെ ഇരുത്തുവിൻ ” എന്നു പറഞ്ഞു. എന്നാൽ ആ സ്ഥലത്തു വളരെ പുല്ലുണ്ടായിരുന്നു; എണ്ണത്തിൽ അയ്യായിരത്തോളം പുരുഷന്മാർ ഇരിക്കയും

ചെയ്തു.
11 പിന്നെ യേശു അപ്പങ്ങളെ എടുത്തു വാഴ്ത്തി, ശിഷ്യന്മാർക്കും ശിഷ്യന്മാർ
ഇരുന്നവർക്കും പങ്കിട്ടുകൊടുത്തു; അപ്രകാരം മീനുകളിലും അവർക്ക് വേണ്ടുവോളം
കൊടുത്തു.
12 അവർക്കു തൃപ്തിയായശേഷം തന്റെ ശിഷ്യന്മാരോടു: “ശേഷിച്ച കഷണം ഒന്നും
നഷ്ടമാക്കാതെവണ്ണം കൂട്ടികൊൾവിൻ ” എന്നു പറയുന്നു.
13 അവർ കൂട്ടി, അഞ്ചു യവ അപ്പങ്ങൾ തിന്നവർക്ക് മിഞ്ചിയ കഷണങ്ങൾ കൊണ്ട്
പന്ത്രണ്ടു കൊട്ട നിറക്കയും ചെയ്തു.

14 ആകയാൽ യേശു ചെയ്ത അടയാളത്തെ കണ്ട മനുഷ്യർ: ലോകത്തിലേക്കു
വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം, എന്നു പറഞ്ഞു.
15 പിന്നെ തന്നെ രാജാവാക്കേണ്ടതിന് അവർ വന്നു തന്നെ പിടിച്ചുകൊണ്ട് പോകുവാൻ
ഭാവിക്കുന്നു, എന്നു യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി.
16 സന്ധ്യയായപ്പോൾ അവന്റെ ശിഷ്യന്മാർ കടല്പുറത്തേക്കു ഇറങ്ങി,
17 പടവിൽ കയറി കടൽക്കരെ കപ്പർന്നഹൂമിലേക്കു പോയി; ഇരുട്ടായശേഷവും യേശു
അവരുടെ അടുക്കൽ വന്നില്ല.
18 കൊടുങ്കാറ്റു അടിച്ചിട്ട് കടൽ പൊങ്ങി;
19 എന്നിട്ട് അവർ ഇരുപത്തഞ്ചോ മുപ്പതോ സ്ഥാതി ദൂരത്തോളം വലിച്ചശേഷം
കടലിന്മേൽ യേശു നടന്നു പടവിനോടു സമീപിക്കുന്നതു കണ്ടു ഭയപ്പെട്ടു.
20 എന്നാറെ അവൻ: “ഞാൻ ആകുന്നു, ഭയപ്പെടെണ്ടാ” എന്നു അവരോടു പറയുന്നു.
21 അപ്പോൾ അവനെ പടവിൽ കരേറ്റുവാൻ അവർ ഇച്ഛിച്ചു; പടവു അവർ പോകുന്ന
ദേശത്തു ഉടനെ എത്തുകയും ചെയ്തു.

22 പിറ്റെന്നാൾ കടൽക്കരെ നിൽക്കുന്ന പുരുഷാരം അവന്റെ ശിഷ്യന്മാർ കയറിപോയ ആ
ഒരു പടവു ഒഴികെ അവിടെ വേറെ ഇല്ലാഞ്ഞു എന്നും, യേശു തന്റെ ശിഷ്യന്മാരോടുകൂടെ
പടവിൽ ഏറാതെ ശിഷ്യന്മാർ മാത്രം പോയി എന്നും കണ്ടു.
23 എങ്കിലും കർത്താവു വാഴ്ത്തീയ ശേഷം അവർ അപ്പം ഭക്ഷിച്ച സ്ഥലത്തിന്നരികെ
തിബെര്യാസിൽനിന്നു വേറെ പടകുകൾ എത്തിയിട്ടുണ്ടായിരുന്നു.
24 ആകയാൽ യേശു അവിടെ ഇല്ല അവന്റെ ശിഷ്യന്മാരും ഇല്ല എന്നു പുരുഷാരം കണ്ട്
തങ്ങളും പടവുകളിൽ കയറി യേശുവിനെ തിരഞ്ഞുകൊണ്ട് കപ്പർന്നഹൂമി വന്നു.
25 കടൽക്കരെ അവനെ കണ്ടെത്തിയപ്പോൾ: റബ്ബീ, നീ എപ്പോൾ ഇവിടെ വന്നു? എന്നു
ചോദിച്ചു.
26 യേശു ഉത്തരം ചൊല്ലിയത്:“ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ
അടയാളങ്ങളെ കണ്ടതിനാലല്ല, അപ്പങ്ങളിൽ നിന്നു ഭക്ഷിച്ചു തൃപ്തരായതുകൊണ്ടത്രേ
എന്നെ അന്വേഷിക്കുന്നതു.
27 അഴിഞ്ഞുപോകുന്ന ആഹാരത്തെ അല്ല, നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തെ
തന്നേ പ്രവർത്തിച്ചു നേടുവിൻ; അതിനെ മനുഷ്യപുത്രൻ നിങ്ങൾക്കു തരും. ഇവനെ അല്ലോ
പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു.
28 എന്നത് കൊണ്ട് അവർ അവനോടു ഞങ്ങൾ ദൈവത്തിന്റെ ക്രിയകളെ
പ്രവർത്തിക്കേണ്ടതിന്നു എന്തു ചെയ്യേണ്ടു എന്നു പറഞ്ഞു.
29 യേശു അവരോടു: “ദൈവത്തിന്റെ ക്രിയ എന്നത് അവൻ അയച്ചവനിൽ നിങ്ങൾ
വിശ്വസിക്കുന്നതത്രേ ആകുന്നു” എന്നു ഉത്തരം പറഞ്ഞു.
30 അതുകൊണ്ട് അവർ അവനോടു പറഞ്ഞു: ഞങ്ങൾ കണ്ടു നിന്നെ വിശ്വസിപ്പാൻ നീ
എന്തു അടയാളം ചെയ്യുന്നു? നീ എന്തു പ്രവർത്തിക്കുന്നു?
31 ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നുവല്ലോ; സ്വർഗ്ഗത്തിൽ നിന്നു

അവർക്ക് അപ്പം തിന്മാൻ കൊടുത്തു, എന്നു എഴുതിയിരിക്കുന്ന പ്രകാരം തന്നെ.[1]
32 എന്നതുകൊണ്ട് യേശു അവരോടു ചൊല്ലിയത്: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു
പറയുന്നു: മോശെ നിങ്ങൾക്കു സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം തന്നില്ല എങ്കിലോ സ്വർഗ്ഗത്തിൽ
നിന്ന് സത്യമായുള്ള അപ്പത്തെ എന്റെ പിതാവ് നിങ്ങൾക്കു തരുന്നു.
33 ദൈവത്തിന്റെ അപ്പം എന്നത് സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു ലോകത്തിന്നു ജീവനെ
കൊടുക്കുന്നതു ആകുന്നു".
34 അവർ അവനോടു: കർത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണമേ എന്നു
പറഞ്ഞു.
35 യേശു അവരോടു ചൊല്ലിയത്: "ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ
വരുന്നവന്നു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരു നാളും ദാഹിക്കയുമില്ല.
36 എങ്കിലും നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല, എന്നു ഞാൻ നിങ്ങളോടു
പറഞ്ഞുവല്ലോ.
37 പിതാവു എനിക്കു തരുന്നതു ഒക്കെയും എന്റെ അടുക്കൽ വരും; എന്റെ അടുക്കൽ
വരുന്നവനെ ഞാൻ ഒരു പ്രകാരത്തിലും പുറത്ത് തള്ളിക്കളകയുമില്ല.
38 എന്തെന്നാൽ ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാൻ അത്രേ
സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നിരിക്കുന്നു.
39 അവൻ എനിക്കു തന്നതിൽ ഒന്നും കളയാതെ എല്ലാം ഒടുക്കത്തെ നാളിൽ
ഉയിർത്തെഴുന്നേല്പിക്ക എന്നുള്ളത് എന്നെ അയച്ച പിതാവിന്റെ ഇഷ്ടം ആകുന്നു.
40 എന്നെ അയച്ചവന്റെ ഇഷ്ടം ആവിതു, പുത്രനെ നോക്കി അവനിൽ വിശ്വസിക്കുന്നവന്ന്
എല്ലാം നിത്യജീവൻ ഉണ്ടാകയും ഞാൻ അവനെ ഒടുക്കത്തെ നാളിൽ
ഉയിർത്തെഴുന്നേല്പിക്കയും വേണം എന്നു തന്നെ.

41 അതുകൊണ്ട് സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന അപ്പം ഞാൻ ആകുന്നു, എന്ന് അവൻ
പറഞ്ഞതിനാൽ യെഹൂദർ അവനെക്കുറിച്ചു പിറുപിറുത്തു പറഞ്ഞത്:
42 ഇവൻ യോസേഫിന്റെ പുത്രനായ യേശു അല്ലയോ? ഇവന്റെ അപ്പനെയും അമ്മയെയും
നാം അറിയുന്നുവല്ലോ; പിന്നെ ഞാൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു എന്നു ഇവൻ
ചൊല്ലുന്നത് എങ്ങനെ?
43 അവരോടു യേശു ഉത്തരം പറഞ്ഞതു: "നിങ്ങൾ തമ്മിൽ പിറുപിറുക്കേണ്ടാ.
44 എന്നെ അയച്ച പിതാവു ആകർഷിക്കാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ
കഴികയില്ല; ആയവനെ ഞാൻ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും.
45 എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും, എന്നു പ്രവാചകരിൽ
എഴുതിയിരിക്കുന്നു.[2] പിതാവിൽ നിന്നു കേട്ടുപഠിച്ചവൻ എല്ലാം എന്റെ അടുക്കൽ
വരുന്നു.
46 വല്ലവനും പിതാവിനെ കണ്ടിട്ടുണ്ടു എന്നല്ല, ദൈവത്തിൻ പക്കൽ നിന്നുള്ളവനേ
പിതാവിനെ കണ്ടിട്ടുള്ളു.
47 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എങ്കൽ വിശ്വസിക്കുന്നവനു നിത്യജീവൻ
ഉണ്ടു.
48 ഞാൻ ജീവന്റ അപ്പം ആകുന്നു.
49 നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചു മരിക്കയും ചെയ്തു.
50 ഇതോ, വല്ലവനും അതിൽ നിന്നു ഭക്ഷിച്ചാൽ മരിക്കാതിരിക്കേണ്ടതിന്നു
സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്ന അപ്പം ആകുന്നു.

1.സങ്കി. 78:24 2. യെശ. 54:13

51 സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ആരാനും ഈ
അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന
അപ്പമോ ലോകജീവനു വേണ്ടി കൊടുപ്പാനിരിക്കുന്ന എന്റെ മാംസം ആകുന്നു.

52 ആകയാൽ യെഹൂദന്മാർ: ഇവൻ തന്റെ മാംസം നമുക്ക് തിന്മാൻ എങ്ങനെ തരുവാൻ
കഴിയും? എന്നു ചൊല്ലി തങ്ങളിൽ ഇടഞ്ഞു.
53 അപ്പോൾ യേശു അവരോടു ചൊല്ലിയത്: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു
പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം
കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ തന്നെ ജീവൻ ഇല്ല.
54 എന്റെ മാംസം തിന്നു എന്റെ രക്തം കുടിക്കുന്നവന് നിത്യജീവൻ ഉണ്ടു; ഞാൻ
ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കയും ചെയ്യും .
55 എന്തെന്നാൽ എന്റെ മാംസം സത്യമായി ഭക്ഷണം ആകുന്നു, എന്റെ രക്തം സത്യമായി
പാനീയവും ആകുന്നു.
56 എന്റെ മാംസം തിന്നു എന്റെ രക്തം കുടിക്കുന്നവൻ എന്നിലും ഞാൻ അവനിലും
വസിക്കുന്നു

57 ജീവനുള്ള പിതാവു എന്നെ അയച്ചിട്ടു ഞാൻ പിതാവുമൂലം ജീവിക്കുന്നതുപോലെ
എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും.
58 സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന അപ്പം ഇതു ആകുന്നു; നിങ്ങളുടെ പിതാക്കന്മാർ മന്ന
ഭക്ഷിക്കയും മരിക്കയും ചെയ്തതുപോലെ അല്ല; ഈ അപ്പം തിന്നുന്നവൻ എന്നേക്കും
ജീവിക്കും.
59 ഇവ അവൻ കപ്പർന്നഹൂമിലെ പള്ളിയിൽ ഉപദേശിച്ചുകൊണ്ട് പറഞ്ഞു.
60 അതുകൊണ്ട് അവന്റെ ശിഷ്യന്മാർ പലരും കേട്ടിട്ടു: ഇതു കഠിനവാക്കു; ഇതു ആർക്കു
കേൾപ്പാൻ കഴിയും? എന്നു പറഞ്ഞു.
61 ആകയാൽ ശിഷ്യന്മാർ അതിനെച്ചൊല്ലി പിറുപിറുക്കുന്നതു യേശു തന്നിൽ അറിഞ്ഞു
അവരോടു പറഞ്ഞു: "ഇതു നിങ്ങളെ ഇടറിക്കുന്നുവോ?
62 പിന്നെ മനുഷ്യപുത്രൻ പൂർവത്തിൽ ഇരുന്നേടത്തേക്കു കരേറിപ്പോകുന്നതു നിങ്ങൾ
കണ്ടാലോ?
63 ജീവിപ്പിക്കുന്നതു ആത്മാവു ആകുന്നു, മാംസം ഒന്നിന്നും ഉപകരിക്കുന്നില്ല; ഞാൻ
നിങ്ങളോടു സംസാരിക്കുന്ന മൊഴികൾ ആത്മാവ് ആകുന്നു, ജീവനും ആകുന്നു.
64 എങ്കിലും വിശ്വസിക്കാത്ത ചിലർ നിങ്ങളിൽ ഉണ്ടു എന്തെന്നാൽ, വിശ്വസിക്കാത്തവർ
ഇന്നവർ എന്നും തന്നെ കാണിച്ചു കൊടുപ്പവൻ ഇന്നവൻ എന്നും യേശു ആദിമുതൽ
അറിഞ്ഞു.
65 പിന്നെ അവൻ പറഞ്ഞു: ഇതു ഹേതുവായിട്ടത്രേ ഞാൻ നിങ്ങളോടു എന്റെ പിതാവിൽ
നിന്നു നല്കപ്പെട്ടിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല, എന്നു
ചൊല്ലിയത്.
66 ഇതുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിന്നോക്കം വാങ്ങിപ്പോയി, അവനോടു
കൂടെ പിന്നെ സഞ്ചരിച്ചതുമില്ല.
67 ആകയാൽ യേശു പന്തിരുവരോടു: "നിങ്ങളും പൊയ്ക്കളവാൻ ഇച്ഛിക്കുന്നുവോ?" എന്നു
പറഞ്ഞു.
68 എന്നാറെ ശിമോൻ പത്രൊസ് അവനോടു ഉത്തരം ചൊല്ലിയത്: കർത്താവേ, ഞങ്ങൾ
ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ മൊഴികൾ നിനക്കുണ്ട്.
69 നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്നു ഞങ്ങൾ വിശ്വസിച്ചും
അറിഞ്ഞും ഇരിക്കുന്നു.

70 യേശു അവരോടു ഉത്തരം ചൊല്ലിയത്: “നിങ്ങൾ പന്തിരുവരെ ഞാൻ
തിരഞ്ഞെടുത്തില്ലയോ? എന്നാലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാചു ആകുന്നു”.
71 ഇതു അവൻ ശിമോന്റെ പുത്രനായ ഇഷ്ക്കര്യോത്തനായ യൂദാവിനെക്കുറിച്ചത്രേ
പറഞ്ഞത്; പന്തിരുവരിൽ ഒരുത്തനായ ഇവൻ അല്ലോ അവനെ കാണിച്ചുകൊടുപ്പാൻ
ഇരുന്നത്.

## അദ്ധ്യായം 7

യേശു കൂടാരപെരുന്നാള്ളിൽ, 14. തന്റെ ഉപദേശത്തിനും ക്രിയക്കും പ്രമാണം വിവരിച്ചും, 37. നല്ല ഉറവിനെ പ്രശംസിച്ചും പുരുഷാരത്തോട് വാദിച്ചത്, 44. അവരെ പോലെ ന്യായാധിപസംഘവും ഛിദ്രിച്ചത്.

ഇവറ്റിന്റെ ശേഷം യേശു ഗലീലയിൽ സഞ്ചരിച്ചു, എന്തെന്നാൽ യെഹൂദന്മാർ അവനെ
കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ടു യെഹൂദ്യയിൽ സഞ്ചരിപ്പാൻ മനസ്സില്ലാഞ്ഞു.
2 എന്നാൽ യെഹൂദരുടെ പെരുനാൾ ആകുന്ന കൂടാരനാൾ അടുത്തിരുന്നു.
3 എന്നാറെ അവന്റെ സഹോദരന്മാർ അവനോടു: നീ ചെയ്യുന്ന ക്രിയകളെ നിന്റെ
ശിഷ്യന്മാരും കാണേണ്ടതിന്നു ഇവിടം വിട്ടു യെഹൂദ്യയിലേക്കു പോക.
4 പ്രസിദ്ധൻ ആകുവാൻ അന്വേഷിക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ;
നീ ഇവ ചെയ്യുന്നു എങ്കിൽ ലോകത്തിന്നു നിന്നെത്തന്നേ വെളിപ്പെടുത്തുക, എന്നു പറഞ്ഞു.
5 എന്തെന്നാൽ അവന്റെ സഹോദരന്മാരും അവങ്കൽ വിശ്വസിച്ചില്ല.
6 അതുകൊണ്ട് യേശു അവരോടു പറയുന്നു: “എന്റെ സമയം ഇതുവരെ വന്നിട്ടില്ല;
നിങ്ങളുടെ സമയം എല്ലായ്പോഴും ഒരുങ്ങി ഇരിക്കുന്നു.
7 ലോകത്തിന്നു നിങ്ങളെ പകെപ്പാൻ കഴിയുന്നതല്ല; ഞാനോ അതിന്റെ ക്രിയകൾ
ദോഷമുള്ളവ ആകുന്നു എന്നു അതിനെക്കുറിച്ചു സാക്ഷ്യം ചൊല്ലുന്നതുകൊണ്ടു അതു
എന്നെ പകെക്കുന്നു.
8 നിങ്ങൾ ഈ പെരുനാളിന്നു കയറി പോകുവിൻ; എന്റെ സമയം ഇതുവരെയും
നിവർത്തി വന്നിട്ടില്ലായ്കകൊണ്ടു ഞാൻ ഈ പെരുനാളിന്നു ഇപ്പോൾ കയറി പോകുന്നില്ല.
9 ഇങ്ങനെ അവരോടു ചൊല്ലീട്ടു ഗലീലയിൽ തന്നേ പാർത്തു.
10 പിന്നെ അവന്റെ സഹോദരന്മാർ കയറി പോയശേഷം അവനും പരസ്യമായിട്ടല്ല
രഹസ്യത്തിൽ എന്നപോലെ പോയി.
11 എന്നാൽ യെഹൂദർ : അവൻ എവിടെ? എന്നു ചൊല്ലി അവനെ പെരുനാളിൽ
അന്വേഷിച്ചു.
12 പുരുഷാരങ്ങളിലും അവനെകൊണ്ട് വളരെ പിറുപിറുപ്പ് ഉണ്ടായി; ചിലർ അവൻ
നല്ലവൻ എന്നും മറ്റു ചിലർ: അല്ല, അവൻ പുരുഷാരത്തെ വഞ്ചിക്കുന്നു എന്നും പറഞ്ഞു.
13 എന്നാലും യെഹൂദരെ ഉള്ള ഭയം നിമിത്തം ആരും പ്രസിദ്ധമായി അവനെക്കുറിച്ചു
സംസാരിച്ചില്ല.

14 എന്നാറെ പെരുനാൾ പാതി ആയപ്പോൾ യേശു ദൈവാലയത്തിലേക്കു കയറിചെന്നു
ഉപദേശിച്ചു.
15 ഇവൻ പഠിച്ചിട്ടില്ലാത്തവൻ ആയിരിക്കെ വിദ്യകൾ എങ്ങനെ അറിയുന്നു? എന്നു
യെഹൂദർ ചൊല്ലി ആശ്ചര്യപ്പെട്ടു.

16 അപ്പോൾ യേശു അവരോടു ഉത്തരം ചൊല്ലിയത്: “എന്റെ ഉപദേശം എന്റേതല്ല, എന്നെ
അയച്ചവന്റേതത്രെ.
17 അവന്റെ ഇഷ്ടം ചെയ്‌വാൻ ഒരുത്തൻ ഇച്ഛിക്കുന്നു എങ്കിൽ ഈ ഉപദേശം ദൈവത്തിൽ
നിന്നുള്ളതോ ഞാൻ സ്വയമായി പറയുന്നതോ എന്നു അവൻ അറിയും.
18 സ്വയമായി പറയുന്നവൻ സ്വന്തമഹത്വത്തെ അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ
മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു, നീതികേടു അവനിൽ ഇല്ല.
19 മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നിട്ടില്ലയോ? എന്നിട്ടും നിങ്ങളിൽ ആരും
ന്യായപ്രമാണത്തെ ആചരിക്കുന്നില്ല, നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നതു
എന്തു?
20 പുരുഷാരം ഉത്തരം ചൊല്ലിയത്: നിനക്കു ഒരു പിശാചു ഉണ്ടു; ആർ നിന്നെ
കൊല്ലുവാൻ അന്വേഷിക്കുന്നു?
21 യേശു അവരോടു ഉത്തരം പറഞ്ഞതു: “ഞാൻ ഒരു ക്രിയ ചെയ്തു; ആയതിനെ കൊണ്ട്
നിങ്ങൾ എല്ലാവരും ആശ്ചര്യപ്പെടുന്നു.
22 മോശെ നിങ്ങൾക്കു പരിച്ഛേദനയെ നൽകി, [അതോ മോശെയിൽ നിന്ന് എന്നല്ല
പിതാക്കന്മാരിൽ  നിന്നത്രേ] എന്നിട്ടും നിങ്ങൾ ശാബ്ബതിൽ മനുഷ്യനെ പരിച്ഛേദന
ചെയുന്നുവല്ലോ.
23 മോശെയുടെ ന്യായപ്രമാണത്തിനു നീക്കം വരാതിരിപ്പാൻ ശാബ്ബതിലും മനുഷ്യൻ
പരിച്ഛേദന ഏല്ക്കുന്നു എങ്കിൽ ഞാൻ ശാബ്ബതിൽ ഒരു മനുഷ്യനെ അശേഷം
സൌഖ്യമാക്കിയതിനാൽ എങ്കൽ ഈർഷ്യപ്പെടുന്നുവോ?
24 കാഴ്ചപ്രകാരം വിധിക്കാതെ നീതിയുള്ള വിധി വിധിപ്പിൻ.
25 എന്നാറെ യെരൂശലേമ്യരിൽ ചിലർ പറഞ്ഞു: അവർ കൊല്ലുവാൻ അന്വേഷിക്കുന്നവൻ
ഇവൻ അല്ലയോ?
26 കണ്ടാലും അവൻ ധൈര്യത്തോടെ സംസാരിക്കുന്നു; അവർ അവനോടു ഒന്നും
പറയുന്നില്ല; പക്ഷെ ഇവൻ ക്രിസ്തു തന്നെ എന്നു പ്രമാണികൾ ഉണ്മയിൽ ബോധിച്ചുവോ?
27 എങ്കിലും ഇവൻ എവിടെനിന്നു എന്നു നാം അറിയുന്നു; ക്രിസ്തു വരുമ്പോൾ അവൻ
എവിടെനിന്നു എന്നു ആരും അറികയില്ല.

28 ആകയാൽ യേശു ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾവിളിച്ചു പറഞ്ഞത്: “നിങ്ങൾ
എന്നെയും അറിയുന്നു, ഞാൻ എവിടെനിന്നു ആകുന്നു എന്നും അറിയുന്നു. ഞാനോ
സ്വയമായിട്ടല്ല വന്നത്; എന്നാൽ എന്നെ അയച്ചവൻ സത്യമുള്ളവൻ ആകുന്നു, അവനെ
നിങ്ങൾ അറിയുന്നില്ല.
29 ഞാൻ അവങ്കൽ നിന്നു ആകകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ
അവനെ അറിയുന്നു”.
30 എന്നാറെ അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു എങ്കിലും അവന്റെ നാഴിക
അതുവരെയും വന്നിട്ടില്ലാഞ്ഞതിനാൽ ആരും അവന്റെ മേൽ കൈകളെ വെച്ചില്ല.
31 പുരുഷാരത്തിൽ പലരും: ക്രിസ്തു വരുമ്പോൾ ഇവൻ ചെയ്തതിൽ അധികം
അടയാളങ്ങളെ ചെയ്യുമോ? എന്നു ചൊല്ലി അവനിൽ വിശ്വസിച്ചു.
32 പുരുഷാരം അവനെക്കുറിച്ചു ഇങ്ങനെ പിറുപിറുക്കുന്നത് പരീശന്മാർ കേട്ടാറെ
അവനെ പിടിക്കേണ്ടതിന്നു പരീശരും മഹാപുരോഹിതന്മാരും സേവകന്മാരെ അയച്ചു.
33 അതുകൊണ്ട് യേശു: “ഞാൻ ഇനി കുറെ കാലം നിങ്ങളോടുകൂടെ ഇരിക്കുന്നു; പിന്നെ
എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു.
34 നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ല; ഞാൻ ഇരിക്കുന്നേടത്തു നിങ്ങൾക്കു
വരുവാൻ കഴികയുമില്ല ” എന്നു അവരോടു പറഞ്ഞു.
35 അതുകൊണ്ട് യെഹൂദന്മാർ: നാം കണ്ടെത്താതവണ്ണം ഇവൻ എവിടേക്കു പോകുവാൻ

ഭാവിക്കുന്നു? ഗ്രേക്കന്മാരിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കേ പോയി ഗ്രേകർക്ക് ഉപദേശിപ്പാൻ ഭാവമോ?
36 നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ല, ഞാൻ ഇരിക്കുന്നേടത്തു നിങ്ങൾക്കു വരുവാൻ കഴികയുമില്ല, എന്നു ഈ ചൊല്ലിയ വാക്കു എന്തു? എന്നു തമ്മിൽ പറഞ്ഞു.

37 പെരുനാളിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശുനിന്നുകൊണ്ടു വിളിച്ചു പറഞ്ഞു: "ആർക്കു ദാഹിക്കുന്നുവോ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.
38 എന്നിൽ വിശ്വസിക്കുന്നവനോ, തിരുവെഴുത്തുകൾ പറഞ്ഞപ്രകാരം: ജീവവെള്ളത്തിന്റെ നദികൾ അവന്റെ വയറ്റിൽ നിന്നു ഒഴുകും"[1].
39 എന്നാൽ ഇതു തങ്കൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു പറഞ്ഞു; എന്തെന്നാൽ യേശു അതുവരെയും മഹത്വപ്പെട്ടിട്ടില്ലാഞ്ഞതിനാൽ പരിശുദ്ധാത്മാവ് അത്രത്തോളം നൽകപ്പെട്ടില്ല.
40 പുരുഷാരത്തിൽ പലരും ആ വാക്കു കേട്ടാറെ: ഇവൻ സത്യമായി ആ പ്രവാചകൻ ആകുന്നു, എന്നു പറഞ്ഞു. ത്തിൽ
41 വേറെ ചിലർ ഇവൻ ക്രിസ്തു തന്നേ എന്നും, മറ്റു ചിലർ: ഗലീലയിൽ നിന്നോ ക്രിസ്തു വരുന്നതു?
42 ദാവീദിന്റെ സന്തതിയിൽ നിന്നും ദാവീദിരുന്ന ഗ്രാമമായ ബേത്ലഹേമിൽനിന്നും ക്രിസ്തു വരുന്നു എന്നു തിരുവെഴുത്തു പറയുന്നില്ലയോ? എന്നും പറഞ്ഞു.[2]
43 അങ്ങനെ പുരുഷാരത്തിൽ അവനെച്ചൊല്ലി ഭിന്നത ഉണ്ടാകയും ചെയ്തു.
44 അവരിൽ ചിലർ അവനെ പിടിപ്പാൻ ഇച്ഛിച്ചു, എങ്കിലും ആരും അവൻ മേൽ കൈകളെവെച്ചില്ല.
45 അതുകൊണ്ട് ആ സേവകന്മാർ മഹാപുരോഹിതരുടെയും പരീശന്മാരുടെയും അടുക്കൽ വന്നു. ആയവർ അവരോടു: നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞതു എന്തു? എന്നു ചോദിച്ചു.
46 ഈ മനുഷ്യനെ പോലെ മനുഷ്യൻ ഒരുനാളും സംസാരിച്ചിട്ടില്ല, എന്നു സേവകന്മാർ ഉത്തരം പറഞ്ഞു.
47 പരീശന്മാർ അവരോടു: നിങ്ങളും വഞ്ചിക്കപ്പെട്ടുവോ?
48 പ്രമാണികളിൽ ആകട്ടെ പരീശരിൽ ആകട്ടെ ഒരുത്തനെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?
49 ന്യായപ്രമാണത്തെ അറിയാത്ത ഈ ജനക്കൂ\ട്ടം ശപിക്കപ്പെട്ടവർ അത്രേ, എന്നു പറഞ്ഞു.
50 അവരിൽ ഒരുത്തനായി, രാത്രിയിൽ അവന്റെ അടുക്കൽ വന്ന നിക്കൊദേമൊസ് അവരോടു:
51 നമ്മുടെ ന്യായപ്രമാണം ഒരു മനുഷ്യനിൽ നിന്നു മുമ്പെ കേട്ടു അവൻ ചെയ്യുന്നതു ഇന്നതു എന്നു അറിഞ്ഞിട്ടല്ലാതെ അവനെ ന്യായം വിധിക്കുന്നുവോ? എന്നു പറയുന്നു.[1.]
52 അവർ അവനോടു: നീയും ഗലീലക്കാരനോ? ആരാഞ്ഞുകാൺക, ഗലീലയിൽ നിന്നു ഒരു പ്രവാചകനും എഴുന്നേറ്റിട്ടില്ലല്ലോ, എന്നു ഉത്തരം പറഞ്ഞു.
53 പിന്നെ ഓരോരുത്തൻ താന്താന്റെ വീട്ടിലേക്കു പോയി.

1.യെശ. 44:3,58:11 2.മീഖാ. 5:2

## അദ്ധ്യായം 8

വ്യഭിചാരിണിക്കുള്ള വിധി. 12.യേശു ലോകവെളിച്ചവും അവന്റെ ഉപദേശം സത്യമുള്ളതും. 21. താൻ ഇന്നവൻ ആകുന്നു എന്നും, 30. ഇന്നവർക്ക് ഇന്നവൻ പിതാവ് എന്നും, 58. താൻ അബ്രഹാമിനും മുമ്പനും മേൽപ്പെട്ടവനും എന്നും ചൊല്ലിയത്.

**യേ**ശു ഒലീവ് മലക്കു വാങ്ങി പോയി.
2 പുലർച്ചയ്ക്ക് അവൻ പിന്നെയും ദൈവാലയത്തിൽ എത്തിയാറെ ജനം ഒക്കെയും
അവന്റെ അടുക്കൽ വന്നു; അവനും ഇരുന്നു അവർക്ക് ഉപദേശിച്ചു.
3 അപ്പോൾ ശാസ്ത്രികളും പരീശരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ
അവന്റെ അടുക്കൽ കൊണ്ടുവന്നു നടുവിൽ നിറുത്തി,
4 അവനോടു പറയുന്നു: ഗുരോ, ഈ സ്ത്രീ വ്യഭിചാരം ചെയുന്ന നേരത്തിൽ തന്നേ
പിടിക്കപ്പെട്ടു.
5 ഇങ്ങനെത്തവരെ കല്ലെറിയേണം എന്നു മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോടു
കല്പിച്ചിരിക്കുന്നു; എന്നാൽ നീ എന്തു പറയുന്നു?[2]
6 ഇതു അവനിൽ കുറ്റം ചുമത്തുവാൻ സംഗതി ഉണ്ടാകേണ്ടതിന്നു അവനെ
പരീക്ഷിച്ചുകൊണ്ട് പറഞ്ഞു. യേശുവോ, അവരെ കേൾക്കാത്തതുപോലെ, താഴെ കുനിഞ്ഞു
വിരൽകൊണ്ടു നിലത്തിൽ എഴുതിക്കൊണ്ടിരുന്നു.
7 എന്നാൽ അവർ അവനോടു ചോദിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ നിവിർന്നു:
"നിങ്ങളിൽ പാപമില്ലാത്തവൻ അവളിൽ ഒന്നാമതു കല്ലു എറിയട്ടെ" എന്നു അവരോടു
പറഞ്ഞു.
8 പിന്നെയും താഴെ കുനിഞ്ഞു നിലത്തിൽ എഴുതിക്കൊണ്ടിരുന്നു.
9 അവർ കേട്ടു മനസ്സാക്ഷിയാൽ ആക്ഷേപിക്കപ്പെട്ടിട്ടു മൂപ്പന്മാർ മുതൽ ഇളയവർ
വരെയും ഓരോരുത്തനായി പുറപ്പെട്ടുപോയി, യേശു മാത്രവും സ്ത്രീ നടുവിൽ
നില്ക്കുന്നവളായും ശേഷിച്ചു.
10 എന്നാറെ യേശു നിവിർന്നു സ്ത്രീയേ അല്ലാതെ ആരെയും കാണാഞ്ഞു അവളോട്:
"സ്ത്രീയെ, നിന്നെ കുറ്റം ചുമത്തിയവർ എവിടെ? നിനക്കു ആരും ശിക്ഷ വിധിച്ചില്ലയോ? "
എന്നു പറഞ്ഞു.
11 കർത്താവേ, ആരുമില്ല, എന്നു അവൾ പറഞ്ഞാറെ: "ഞാനും നിനക്കു ശിക്ഷ
വിധിക്കുന്നില്ല, പോക; ഇനി പാപം ചെയ്യരുത്" എന്നു യേശു അവളോട് പറഞ്ഞു.

12 പിന്നെയും യേശു അവരോടു സംസാരിച്ചു: "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു;
എന്നെ പിന്തുടരുന്നവൻ ഇരുളിൽ നടക്കാതെ ജീവ വെളിച്ചമുള്ളവൻ ആകും" എന്നു
പറഞ്ഞു.
13 ആകയാൽ പരീശന്മാർ അവനോടു: നീ നിന്നെക്കുറിച്ചു തന്നേ സാക്ഷ്യം ചൊല്ലുന്നു;
നിന്റെ സാക്ഷ്യം സത്യമല്ല, എന്നു പറഞ്ഞു.
14 യേശു അവരോടു ഉത്തരം ചൊല്ലിയതു: "ഞാൻ എന്നെക്കുറിച്ചു തന്നേ സാക്ഷ്യം
ചൊല്ലിയാലും എന്റെ സാക്ഷ്യം സത്യം ആകുന്നു; എന്തെന്നാൽ ഞാൻ എവിടെ നിന്നു വന്നു
എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ അറിയുന്നു; നിങ്ങളോ, ഞാൻ എവിടെ നിന്നു
വന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല.
15 നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു; ഞാൻ ആരെയും വിധിക്കുന്നില്ല.

1. ആവർ. 1:16 2.ആവർ. 22:24

16 ഞാൻ വിധിച്ചാലും എന്റെ വിധി സത്യമാകുന്നു; എന്തെന്നാൽ ഞാൻ ഏകനല്ല, ഞാനും
എന്നെ അയച്ച പിതാവും കൂടിയിരിക്കുന്നു.
17 രണ്ടു മനുഷ്യരുടെ സാക്ഷ്യം സത്യം ഉള്ളത് എന്നു നിങ്ങളുടെ ന്യായപ്രമാണത്തിലും
എഴുതിയിരിക്കുന്നുവല്ലോ.[1]
18 ഞാൻ എന്നെക്കുറിച്ചു തന്നേ സാക്ഷ്യം ചൊല്ലുന്നവൻ ആകുന്നു, എന്നെ അയച്ച
പിതാവും എന്നെക്കുറിച്ചു സാക്ഷ്യം ചൊല്ലുന്നു.
19 എന്നാറെ അവർ അവനോടു: നിന്റെ പിതാവു എവിടെ ആകുന്നു? എന്നു
ചോദിച്ചതിന്നു, യേശു ഉത്തരം ചൊല്ലിയത്: "നിങ്ങൾ എന്നെയും എന്റെ പിതാവിനെയും
അറിയുന്നില്ല; എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു".
20 യേശു ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ ഈ മൊഴികളെ ഭണ്ഡാരസ്ഥലത്തിൽ
വെച്ചു പറഞ്ഞു; അവന്റെ നാഴിക അതുവരെയും വന്നിട്ടില്ലാഞ്ഞതുണ്ടു ആരും അവനെ
പിടിച്ചതുമില്ല.
21 ആകയാൽ യേശു പിന്നെയും അവരോടു: "ഞാൻ പോകുന്നു, നിങ്ങൾ എന്നെ
അന്വേഷിക്കും, നിങ്ങളുടെ പാപത്തിൽ മരിക്കയും ചെയ്യും; ഞാൻ പോകുന്ന ഇടത്തേക്കു
നിങ്ങൾക്കു വരുവാൻ കഴികയില്ല " എന്നു പറഞ്ഞു.
22 അതുകൊണ്ട് യെഹൂദന്മാർ: ഞാൻ പോകുന്ന ഇടത്തേക്കു നിങ്ങൾക്കു വരുവാൻ
കഴികയില്ല എന്നു അവൻ ചൊല്ലുന്നതിനാൽ പക്ഷേ തന്നെത്താൻ കൊല്ലുമോ? എന്നു
പറഞ്ഞു.
23 അവരോടു അവൻ പറഞ്ഞു: "നിങ്ങൾ കീഴെയുള്ളവറ്റിൽ നിന്നു ആകുന്നു; ഞാൻ
മേലുള്ളവറ്റിൽ നിന്നു ആകുന്നു. നിങ്ങൾ ഈ ലോകത്തിൽ നിന്നാകുന്നു, ഞാൻ ഈ
ലോകത്തിൽ നിന്നല്ല.
24 ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ നിങ്ങളോടു
മ്പോപറഞ്ഞു; എന്തെന്നാൽ ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങളുടെ
പാപങ്ങളിൽ മരിക്കും".
25 അവർ അവനോടു: നീ ആർ ആകുന്നു? എന്നു ചോദിച്ചതിന്നു യേശു പറഞ്ഞു:
"ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിക്കുന്നവൻ തന്നേ.
26 നിങ്ങളെക്കുറിച്ചു വളരെ പറവാനും വിധിപ്പാനും എനിക്കു ഉണ്ടു; എങ്കിലും എന്നെ
അയച്ചവൻ സത്യവാൻ ആകുന്നു, അവനിൽ നിന്നു ഞാൻ കേട്ടവ തന്നേ ലോകത്തോടു
പറയുന്നു".
27 അവൻ പിതാവിനെക്കുറിച്ചു തങ്ങളോടു ചൊല്ലി, എന്നു അവർക്ക് തിരിഞ്ഞില്ല.
28 അതുകൊണ്ട് യേശു അവരോടു: "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ
ഇന്നവൻ ആകുന്നു എന്നും സ്വയമായി ഒന്നും ചെയ്യാതെ എന്റെ പിതാവു എനിക്കു
ഉപദേശിച്ച പോലെ തന്നെ സംസാരിക്കുന്നു എന്നും,
29 എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ടു എന്നും അറിയും; ഞാൻ എല്ലായ്പോഴും
അവന്നു പ്രസാദമുള്ളവ ചെയ്യുന്നതുകൊണ്ടു പിതാവ് എന്നെ ഏകനായി വിട്ടിട്ടില്ല ".

30 ഇവ അവൻ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ പലരും അവനിൽ വിശ്വസിച്ചു.
31 ആകയാൽ തങ്കൽ വിശ്വസിച്ച യെഹൂദരോടു യേശു പറഞ്ഞു: "നിങ്ങൾ എന്റെ
വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ സത്യമായി എന്റെ ശിഷ്യന്മാർ ആകും.
32 നിങ്ങൾ സത്യത്തെ അറികയും സത്യം നിങ്ങളെ വിടുതലാക്കുകയും ചെയ്യും".
33 അവർ ഉത്തരം ചൊല്ലിയത്: ഞങ്ങൾ അബ്രാഹാമിന്റെ സന്തതി ആകുന്നു; ആർക്കും
ഒരുനാളും ദാസരായി ഇരുന്നിട്ടില്ല; നിങ്ങൾ വിടുതൽ ഉള്ളർ ആകും എന്നു നീ പറയുന്നതു
എങ്ങനെ?

1.ആവർ.19:15

34 യേശു ഉത്തരം ചൊല്ലിയത്: “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, പാപത്തെ
ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു.
35 ദാസനോ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രൻ എന്നേക്കും വസിക്കുന്നു.
36 ആകയാൽ പുത്രൻ നിങ്ങളെ വിടുതൽ ആക്കിയാൽ നിങ്ങൾ സാക്ഷാൽ വിടുതൽ
ഉള്ളവർ ആകും.
37 നിങ്ങൾ അബ്രാഹാമിന്റെ സന്തതി ആകുന്നു എന്നു ഞാൻ അറിയുന്നു, എങ്കിലും എന്റെ
വചനം നിങ്ങളിൽ പറ്റായ്കകൊണ്ടു നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു.
38 എന്റെ പിതാവിൻ പക്കൽ കണ്ടിട്ടുള്ളതിനെ ഞാൻ പറയുന്നു; എന്നാൽ നിങ്ങളുടെ
പിതാവിൻ പക്കൽ നിങ്ങൾ കണ്ടിട്ടുള്ളതിനെ നിങ്ങൾ ചെയ്യുന്നു.
39 അവർ അവനോടു: അബ്രാഹാം ഞങ്ങളുടെ പിതാവു ആകുന്നു, എന്നു ഉത്തരം
ചൊല്ലിയതിന്നു യേശു പറയുന്നു: “നിങ്ങൾ അബ്രാഹാമിന്റെ മക്കൾ ആയിരുന്നു എങ്കിൽ
അബ്രാഹാമിന്റെ ക്രിയകളെ ചെയ്യുമായിരുന്നു.
40 എന്നാൽ ദൈവത്തിൽ നിന്നു കേട്ടിട്ടുള്ള സത്യത്തെ നിങ്ങളോടു പറഞ്ഞ മനുഷ്യനായ
എന്നെ നിങ്ങൾ ഇപ്പോൾ കൊല്ലുവാൻ അന്വേഷിക്കുന്നു; ഇതു അബ്രാഹാം ചെയ്തില്ലല്ലോ.
41 നിങ്ങളുടെ പിതാവിന്റെ ക്രിയകൾ അത്രേ നിങ്ങൾ ചെയ്യുന്നത്”. എന്നാറെ അവർ
അവനോടു: ഞങ്ങൾ വേശ്യാദോഷത്തിൽ നിന്നു ജനിച്ചവരല്ല; ഒരേ പിതാവ് ഞങ്ങൾക്കുണ്ട്,
ദൈവം തന്നേ, എന്നു പറഞ്ഞു.
42 എന്നാറെ യേശു അവരോടു ചൊല്ലിയതു: “ദൈവം നിങ്ങളുടെ പിതാവു ആയിരുന്നു
എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു; എന്തെന്നാൽ ഞാൻ ദൈവത്തിൽ നിന്നു
പുറപ്പെട്ടു വന്നിരിക്കുന്നു; ഞാൻ സ്വയമായി വന്നതല്ല, അവൻ എന്നെ അയക്കയത്രേ
ചെയ്തത്.
43 എന്റെ സംസാരം നിങ്ങൾ എന്തുകൊണ്ട് തിരിച്ചറിയാത്തത്? എന്റെ വചനം കേൾപ്പാൻ
കഴിയായ്കകൊണ്ടത്രേ.
44 നിങ്ങൾ പിശാചെന്ന പിതാവിൽ നിന്നാകുന്നു; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ
ചെയ്വാനും ഇച്ഛിക്കുന്നു; ആയവൻ ആദിമുതൽ കുലപാതകൻ ആയിരുന്നു; അവനിൽ
സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നിലനിന്നതുമില്ല. ആയവൻ പൊളി പറയുമ്പോൾ
സ്വന്തത്തിൽ നിന്നു പറയുന്നു; എന്തെന്നാൽ അവൻ അസത്യവാദിയും അതിന്റെ പിതാവും
ആകുന്നു.
45 ഞാനോ സത്യത്തെ പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല.
46 നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു? എന്നാൽ ഞാൻ
സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്തുകൊണ്ട് എന്നെ വിശ്വസിക്കുന്നില്ല?
47 ദൈവത്തിൽ നിന്നുള്ളവൻ ദൈവമൊഴികളെ കേൾക്കുന്നു; നിങ്ങൾ ദൈവത്തിൽ നിന്നു
അല്ലായ്കകൊണ്ടു കേൾക്കുന്നില്ല.
48 എന്നതിന് യെഹൂദർ അവനോടു ഉത്തരം ചൊല്ലിയത്: നീ ഒരു ശമര്യനും
പിശാചുള്ളവനും ആകുന്നു എന്നു ഞങ്ങൾ പറയുന്നതു ശരിയല്ലയോ?
49 യേശു ഉത്തരം ചൊല്ലിയത്: “എനിക്കു പിശാചില്ല; ഞാൻ എന്റെ പിതാവിനെ
ബഹുമാനിക്ക അത്രേ ചെയ്യുന്നതു; നിങ്ങളോ എന്നെ അപമാനിക്കുന്നു.
50 എന്നാൽ ഞാൻ എന്റെ മഹത്വത്തെ അന്വേഷിക്കുന്നില്ല; അന്വേഷിക്കയും വിധിക്കയും
ചെയ്യുന്നവൻ ഒരുവൻ ഉണ്ടു.
51 ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ഒരുത്തൻ എന്റെ വചനം
കാത്തുകൊണ്ടാൽ അവൻ എന്നേക്കും മരണം കാൺകയില്ല”.
52 എന്നാറെ യെഹൂദർ പറഞ്ഞു: നിനക്കു പിശാചു ഉണ്ടു എന്നു ഇപ്പോൾ ഞങ്ങൾ
അറിയുന്നു; അബ്രാഹാമും പ്രവാചകന്മാരും മരിച്ചു; നീയോ എന്റെ വചനത്തെ ഒരുത്തൻ
കാത്തുകൊണ്ടാൽ എന്നേക്കും മരണം ആസ്വദിക്കയില്ല എന്നു പറയുന്നു.
53 ഞങ്ങളുടെ പിതാവായ അബ്രാഹാമിലും നീ വലിയവനോ? അവൻ മരിച്ചു,

പ്രവാചകന്മാരും മരിച്ചുവല്ലോ; നിന്നെത്തന്നെ നീ ആർ ആക്കുന്നു.
54 യേശു ഉത്തരം പറഞ്ഞത്: “ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നതു എന്റെ പിതാവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ ചൊല്ലുന്നു.
55 എങ്കിലും നിങ്ങൾ അവനെ അറിയുന്നില്ല; ഞാനോ അവനെ അറിയുന്നു; ഞാൻ അവനെ അറിയുന്നില്ല എന്നു പറഞ്ഞാൽ നിങ്ങളെപ്പോലെ അസത്യവാദി ആകും; എങ്കിലോ അവനെ ഞാൻ അറിയുന്നു, അവന്റെ വചനവും കാത്തുകൊള്ളുന്നു.
56 നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിക്കയും ചെയ്തു”.[1]

57 എന്നാറെ യെഹൂദർ അവനോടു പറഞ്ഞു: നിനക്കു ഇതുവരെയും അൻപതു വയസ്സു ആയിട്ടില്ല, എന്നിട്ടും നീ അബ്രാഹാമിനെ കണ്ടുവോ?
58 യേശു അവരോടു: “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ഉണ്ടായതിന്നു മുമ്പേ ഞാൻ ഉണ്ടു ” എന്നു പറഞ്ഞു.
59 അപ്പോൾ അവർ അവനെ എറിവാൻ കല്ലുകൾ എടുത്തു; എന്നാറെ യേശു മറഞ്ഞു അവരുടെ നടുവിൽ കൂടി നടന്നുകൊണ്ട് ദൈവാലയത്തിൽ നിന്നു പുറപ്പെട്ടു ഇങ്ങനെ കടന്നു പോകയും ചെയ്തു.

## അദ്ധ്യായം 9

പിറവികുരുടൻ കാഴ്ച കിട്ടുകയാൽ, 13 പരീശരാൽ ന്യായവിസ്താരവും, 35 ഭ്രിഷ്ടനായ ശേഷം വിശ്വാസം ഉണ്ടായതു

**അ**വൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായോരു മനുഷ്യനെ കണ്ടു.
2 എന്നാറെ അവന്റെ ശിഷ്യന്മാർ: റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ? എന്നു അവനോടു ചോദിച്ചു.
3 യേശു ഉത്തരം ചൊല്ലിയത്: “ഇവൻ എങ്കിലും ഇവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല, ഇവങ്കൽ ദൈവക്രിയകൾ വെളിവാകേണ്ടതിന്നത്രേ.
4 എന്നെ അയച്ചവന്റെ ക്രിയകളെ പകൽ ഉള്ളേടത്തോളം ഞാൻ പ്രവർത്തിക്കേണ്ടതാകുന്നു; രാത്രി വരുന്നു, അപ്പോൾ ആർക്കും പ്രവർത്തിപ്പാൻ കഴികയില്ല.;
5 ഞാൻ ലോകത്തിൽ ഉള്ളപ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു”.
6 എന്നത് പറഞ്ഞിട്ടു നിലത്തു തുപ്പി തുപ്പൽകൊണ്ടു ചേറുണ്ടാക്കി ആ ചേറു കുരുടന്റെ കണ്ണുകളിന്മേൽ പൂശി
7 “നീ പോയി ശിലോഹാംകുളത്തിൽ കഴുകുക” എന്നു അവനോടു പറഞ്ഞു; [ശിലോഹാം എന്നതിന്നു അയക്കപ്പെട്ടവൻ എന്നർത്ഥം] അവനും പോയി കഴുകി, കണ്ണ്കാണുന്നവനായി വരികയും ചെയ്തു.
8 അതുകൊണ്ട് അയൽക്കാരും അവനെ മുമ്പ് കുരുടനായി കണ്ടിട്ടുള്ളവരും: ഇരുന്നു ഇരന്നവൻ ഇവനല്ലയോ? എന്നു ചൊല്ലി.
9 ചിലർ അവൻ തന്നേ എന്നും, മറ്റു ചിലർ: അവനു സദൃശ്യൻ അത്രേ എന്നും പറഞ്ഞു; ഞാൻ തന്നേ ആകുന്നു എന്നു അവൻ പറഞ്ഞു.
10 ആകയാൽ അവർ അവനോടു: നിന്റെ കണ്ണുകൾ എങ്ങനെ തുറന്നു എന്നു ചോദിച്ചു.

1. ഉൽ. 22:18

11. യേശു എന്നൊരു മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണുകളിൻമേൽ പൂശി: നീ
ശിലോഹാം എന്ന കുളത്തിൽ പോയി കഴുകുക, എന്നു എന്നോടു പറഞ്ഞു; ഞാൻ പോയി
കഴുകി കാഴ്ച പ്രാപിച്ചു, എന്നു പറഞ്ഞു.
12 ആയവൻ എവിടെ? എന്നു അവർ അവനോടു ചോദിച്ചതിന്നു: ഞാൻ അറിയുന്നില്ല,
എന്നു പറഞ്ഞു.
13 മുമ്പേ കുരുടനായിരുന്നവനെ അവർ പരീശന്മാരുടെ അടുക്കൽ കൊണ്ടുപോകുന്നു.
14 എന്തെന്നാൽ യേശു ചേറുണ്ടാക്കി അവന്റെ കണ്ണുകളെ തുറന്നതു ശബ്ബത്ത് നാളിൽ
ആയിരുന്നു.
15 ആകയാൽ പരീശന്മാർ പിന്നെയും അവനോടു നീ കാഴ്ച പ്രാപിച്ചതു എങ്ങനെ? എന്നു
ചോദിച്ചു. അവൻ അവരോടു: എന്റെ കണ്ണുകളിൻമേൽ അവൻ ചേറു ഇട്ടു; ഞാൻ
കഴുകി; കാണുകയും ചെയുന്നു എന്നു പറഞ്ഞു.
16 അപ്പോൾ പരീശന്മാർ ചിലർ: ഈ മനുഷ്യൻ ശബ്ബത്തിനെ പ്രമാണിക്കായ്കകൊണ്ടു
ദൈവത്തിൽ നിന്നല്ല എന്നു പറഞ്ഞു. മറ്റു ചിലർ: പാപിയായോരു മനുഷ്യന്നു
ഇപ്രകാരമുള്ള അടയാളങ്ങളെ ചെയ്‌വാൻ എങ്ങനെ കഴിയും? എന്നു പറഞ്ഞു; അവരിൽ
ഒരു ഉണ്ടാകയും ചെയ്തു.
17 അവർ പിന്നെയും കുരുടനോടു: നിന്റെ കണ്ണുകളെ തുറക്കയാൽ നീ അവനെക്കുറിച്ചു
എന്തു പറയുന്നു? എന്നതിന്നു: അവൻ ഒരു പ്രവാചകൻ ആകുന്നു എന്നു അവൻ
പറഞ്ഞു.
18 എന്നാൽ യെഹൂദർ കാഴ്ചപ്രാപിച്ചവന്റെ അമ്മയപ്പന്മാരെ വിളിപ്പിക്കുവോളം അവൻ
കുരുടനായിരുന്നു എന്നും കാഴ്ച പ്രാപിച്ചു എന്നും വിശ്വസിക്കാതെ ഇരുന്നു.
19 പിന്നെ അവരോട്: കുരുടനായി ജനിച്ചു എന്നു നിങ്ങൾ ചൊല്ലുന്ന നിങ്ങളുടെ മകൻ
ഇവൻ തന്നെയോ? എന്നാൽ അവൻ ഇപ്പോൾ കാണുന്നതു എങ്ങനെ? എന്നു ചോദിച്ചു.
20 അവന്റെ അമ്മയപ്പന്മാർ അവരോടു ഉത്തരം ചൊല്ലിയത്: ഇവൻ ഞങ്ങളുടെ മകൻ
എന്നും കുരുടനായി ജനിച്ചവൻ എന്നും ഞങ്ങൾ അറിയുന്നു.
21 ഇപ്പോൾ കണ്ണു കാണുന്നതു എങ്ങനെ എന്നതോ അറിയുന്നില്ല; അവന്റെ കണ്ണുകളെ ആർ
തുറന്നു എന്നും ഞങ്ങൾ അറിയുന്നില്ല; അവനു പ്രായം ഉണ്ടല്ലോ, അവനോടു ചോദിപ്പിൻ;
അവൻ തനിക്കു വേണ്ടി തന്നെ പറയും.
22 യെഹൂദന്മാരെ ഭയപ്പെടുകകൊണ്ടു അവന്റെ അമ്മയപ്പന്മാർ ഇങ്ങനെ പറഞ്ഞു;
എന്തെന്നൽ ആരെങ്കിലും അവനെ ക്രിസ്തു എന്നു അനുസരിച്ചു പറഞ്ഞാൽ
പള്ളിഭ്രഷ്ടനാകേണം എന്നു യെഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നു
23 അതുകൊണ്ടത്രേ അവന്റെ അമ്മയപ്പന്മാർ: അവനു പ്രായം ഉണ്ടല്ലോ, അവനോടു
ചോദിപ്പിൻ, എന്നു പറഞ്ഞതു.
24 എന്നാൽ കുരുടനായിരുന്ന മനുഷ്യനെ അവർ രണ്ടാമതും വിളിച്ചു: ദൈവത്തിനു
മഹത്വം കൊടുക്ക, ഈ മനുഷ്യൻ പാപി ആകുന്നു എന്നു ഞങ്ങൾ അറിയുന്നു എന്നു
പറഞ്ഞു.
25 എന്നാറെ അവൻ ഉത്തരം ചൊല്ലിയത്: അവൻ പാപി ആകുന്നുവോ ഞാൻ
അറിയുന്നില്ല; ഒന്നു അറിയുന്നു; ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കാണുന്നു.
26 അവർ പിന്നെയും അവനോടു: നിനക്കു അവൻ എന്തു ചെയ്തു? നിന്റെ കണ്ണുകളെ
എങ്ങനെ തുറന്നു? എന്നു പറഞ്ഞു.
27 എന്നാറെ അവൻ: ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ; നിങ്ങൾ കേട്ടില്ല; വീണ്ടും
കേൾപ്പാൻ ഇച്ഛിക്കുന്നതു എന്തു? പക്ഷെ നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകുവാൻ
മനസ്സോ? എന്നു ഉത്തരം പറഞ്ഞു.
28 അപ്പോൾ അവർ അവനെ ശകാരിച്ചു: നീ അവന്റെ ശിഷ്യൻ; ഞങ്ങൾ മോശെയുടെ
ശിഷ്യന്മാർ ആകുന്നു.
29 മോശെയോടു ദൈവം സംസാരിച്ചു എന്നു ഞങ്ങൾ അറിയുന്നു, ഇവനോ എവിടെനിന്നു

എന്നു ഞങ്ങൾ അറിയുന്നില്ല, എന്നു പറഞ്ഞു.
30 അവരോടു ആ മനുഷ്യൻ ഉത്തരം ചൊല്ലിയത്: എന്റെ കണ്ണുകളെ തുറന്നിട്ടും അവൻ
എവിടെനിന്നു എന്നു നിങ്ങൾ അറിയാത്തതിൽ ആശ്ചര്യം തന്നെ.
31 പാപികളെ ദൈവം ചെവി കൊള്ളുന്നില്ല എന്നും വല്ലവനും ദൈവഭക്തനായിരുന്നു,
അവന്റെ ഇഷ്ടം ചെയ്യുന്നു എങ്കിൽ അവനെ ചെവി കൊള്ളുന്നു എന്നും നാം
അറിയുന്നുവല്ലോ.
32 കുരുടനായി പിറന്നവന്റെ കണ്ണുകളെ യാതൊരുത്തൻ തുറന്നപ്രകാരം ലോകം
ഉണ്ടായതുമുതൽ കേട്ടിട്ടില്ല.
33 ഇവൻ ദൈവത്തിൽ നിന്നു അല്ലായ്കയാൽ അവനു ഒന്നും ചെയ്‌വാൻ കഴികയില്ല.
34 അവർ അവനോടു: നീ അശേഷം പാപങ്ങളിൽ പിറന്നു; ഞങ്ങൾക്ക് നീ
ഉപദേശിക്കുന്നുവോ? എന്നു ഉത്തരം ചൊല്ലി അവനെ പുറത്താക്കിക്കളകയും ചെയ്തു.

35 അവനെ പുറത്താക്കിയ പ്രകാരം യേശു കേട്ടു. പിന്നെ അവനെ കണ്ടെത്തിയാറെ,
അവനോടു പറഞ്ഞത്: "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ? ".
36 എന്നാറെ അവൻ: കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആർ
ആകുന്നു? എന്നു ഉത്തരം ചൊല്ലി.
37 അപ്പോൾ യേശു പറഞ്ഞു: "നീ അവനെ കണ്ടിട്ടും ഉണ്ടു; നിന്നോടു സംസാരിക്കുന്നവനും
അവൻ തന്നേ ആകുന്നു".
38 ആയവൻ: കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു ചൊല്ലി അവനെ നമസ്കരിച്ചു.
39 യേശു പറഞ്ഞു: "കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ
ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു".
40 അവനോടുകൂടെയുള്ള ചില പരീശന്മാർ ഇവ കേട്ടു: പക്ഷെ ഞങ്ങളും കുരുടരോ?
എന്നു പറഞ്ഞു.
41 "എന്നാറെ നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ, നിങ്ങൾക്കു പാപം ഇല്ലായിരുന്നു;
ഇപ്പോഴോ ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറകയാൽ നിങ്ങളുടെ പാപം നില്ക്കുന്നു"
എന്നു യേശു അവരോടു പറഞ്ഞു.

## അദ്ധ്യായം 10

നല്ല ഇടയൻ. 7 ആടുകൾക്ക് വാതിൽ എന്നുള്ള സദൃശങ്ങൾ, 22 പ്രതിഷ്ഠാ നാളിൽ തനിക്കു പിതാവിനോടുള്ള
ഐക്യം അറിയിച്ചു, 30 തെളിയിച്ചത്.

**ആ**മേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻ തൊഴുത്തിൻ വാതിലൂടെ
കടക്കാതെ വേറെ വഴിയായി കരേറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു.
2 വാതിലൂടെ കടക്കുന്നവനോ ആടുകളുടെ ഇടയൻ ആകുന്നു.
3 ആയവനു വാതിൽ കാവൽക്കാരൻ തുറക്കുന്നു; ആടുകളും അവന്റെ ശബ്ദം കേൾക്കുന്നു;
തന്റെ സ്വന്ത ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു.
4 തന്റെ സ്വന്ത ആടുകളെ അവൻ പുറത്തുകൊണ്ടു പോയശേഷം അവറ്റിൻ മുമ്പെ
നടക്കുന്നു; ആടുകളും അവന്റെ ശബ്ദം അറികകൊണ്ട് അവന്റെ പിന്നാലെ ചെല്ലുന്നു.
5 എന്നാൽ അവ അന്യരുടെ ശബ്ദം അറിയായ്കകൊണ്ടു അന്യനെ പിന്തുടരാതെ അവനെ
വിട്ടു ഓടിപ്പോകും.
6 ഈ സാദൃശ്യം യേശു അവരോടു പറഞ്ഞു; എന്നാൽ തങ്ങളോടു ചൊല്ലിയത് ഇന്നതു

എന്നു അവർക്ക് തിരിഞ്ഞില്ല.

7 ആകയാൽ യേശു പിന്നെയും അവരോടു പറഞ്ഞതു: “ആമേൻ, ആമേൻ, ഞാൻ
നിങ്ങളോടു ചൊല്ലുന്നു: ആടുകൾക്കുള്ള വാതിൽ ഞാൻ ആകുന്നു.
8 എനിക്കു മുമ്പെ വന്നവർ ഒക്കെയും കള്ളന്മാരും കവർച്ചക്കാരും അകുന്നു; ആടുകൾ
അവരേ ചെവികൊണ്ടതുമില്ല.
9 ഞാൻ തന്നെ വാതിൽ ആകുന്നു; ആരെങ്കിലും എന്നിലൂടെ കടന്നു എങ്കിൽ രക്ഷപ്പെടും;
അവൻ അകത്തു വരികയും പുറപ്പെടുകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും.
10 കപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; ഞാൻ വന്നതു
അവർക്കു ജീവൻ ഉണ്ടാകുവാനും പരിപൂർണ്ണമായി ഉണ്ടാവാനും അത്രേ.
11 നല്ല ഇടയൻ ഞാൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ പ്രാണനെ
വെക്കുന്നു.
12 ഇടയൻ അല്ല കൂലിക്കാരനായി ഉള്ളവൻ ആടുകൾ തനിക്കു സ്വന്തം അല്ലായ്കയാൽ
ചെന്നായ് വരുന്നതു കണ്ടിട്ടു ആടുകളെ വിട്ടു ഓടിക്കളയുന്നു; ചെന്നായ് അവറ്റെ പിടിച്ചു
ആടുകളെ ചിന്നിക്കയും ചെയ്യുന്നു.
13 എന്നാൽ കൂലിക്കാരൻ ഓടികളയുന്നത് അവൻ കൂലിക്കാരനും ആടുകളെക്കുറിച്ചു
വിചാരമില്ലാത്തവനും ആകകൊണ്ടു അത്രേ.
14 നല്ല ഇടയൻ ഞാൻ ആകുന്നു; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ
അറികയും ചെയ്യുംപോലെ ഞാൻ എനിക്കുള്ളവറ്റെ അറിയുന്നവനും എനിക്കുള്ളവറ്റാൽ
അറിയപ്പെട്ടവനും ആകുന്നു.
15 ആടുകൾക്കു വേണ്ടി ഞാൻ എന്റെ പ്രാണനെ വെക്കുന്നു.
16 ഈ തൊഴുത്തിൽ നിന്നല്ലാത്ത വേറെ ആടുകളും എനിക്കു ഉണ്ടു; അവറ്റെയും ഞാൻ
വരുത്തേണ്ടതാകുന്നു; എന്റെ ശബ്ദം അവ ചെവികൊള്ളും; ഒർ [ആട്ടിൻ] കൂട്ടം ഒർ ഇടയൻ
എന്ന് ആകയും ചെയ്യും.
17 എന്റെ പ്രാണനെ പിന്നെയും എടുക്കേണ്ടതിന്നു ഞാൻ അതിനെ വെക്കുന്നതുകൊണ്ടു
പിതാവു എന്നെ സ്നേഹിക്കുന്നു.
18 ആരും അതിനെ എന്നിൽ നിന്നു പിടിച്ചുപറിക്കുന്നില്ല; ഞാനായിട്ടു തന്നേ അതു
വെക്കുന്നു; അതു വെപ്പാൻ അധികാരം ഉണ്ടു; വീണ്ടും എടുപ്പാനും അധികാരം ഉണ്ടു; ഈ
കല്പന എന്റെ പിതാവിൽ നിന്നു ലഭിച്ചു.
19 ഈ വചനങ്ങൾ നിമിത്തം യെഹൂദന്മാരിൽ പിന്നെയും ഭിന്നത ഉണ്ടായി.
20 അവരിൽ പലരും; അവനു പിശാചു ഉണ്ടു; ഭ്രാന്തനും ആകുന്നു; അവനെ കേൾക്കുന്നതു
എന്തിന്നു? എന്നു പറഞ്ഞു.
21 മറ്റു ചിലർ: ഇവ പിശാചുള്ളവന്റെ മൊഴികൾ അല്ല; പിശാചിന്നു കുരുടരുടെ
കണ്ണുകളെ തുറപ്പാൻ കഴിയുമോ? എന്നു പറഞ്ഞു.

22 എന്നാൽ യെരൂശലേമിൽ പ്രതിഷ്ഠാ പെരുനാൾ ആയി ശീതകാലവുമായിരുന്നു.
23 യേശു ദൈവലായത്തിൽ ശലോമോൻ മണ്ഡപത്തിൽ നടന്നുകൊണ്ടിരുന്നു.
24 അപ്പോൾ യെഹൂദന്മാർ അവനെ വളഞ്ഞു: നീ എത്രത്തോളം ഞങ്ങളുടെ ദേഹിയെ
സംശയിപ്പിക്കുന്നു? നീ ക്രിസ്തു ആകുന്നു എങ്കിൽ സ്പഷ്ടമായി ഞങ്ങളോട് പറക, എന്നു
അവനോടു പറഞ്ഞു.
25 യേശു അവരോടു ഉത്തരം ചൊല്ലിയതു: “ഞാൻ നിങ്ങളോടു പറഞ്ഞു നിങ്ങൾ
വിശ്വസിക്കുന്നില്ല; എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന ക്രിയകൾ ആയവ
എനിക്കു സാക്ഷ്യം ചൊല്ലുന്നു.
26 നിങ്ങളോ വിശ്വസിക്കുന്നില്ല, എന്തെന്നാൽ ഞാൻ നിങ്ങളോട് പറഞ്ഞ പ്രകാരം നിങ്ങൾ
എന്റെ ആടുകളിൽ ഉള്ളവവരല്ല.

27 എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവറ്റയെ അറികയും അവ എന്നെ
പിന്തുടരുകയും ചെയ്യുന്നു.
28 അവറ്റിൽ ഞാൻ നിത്യജീവനെ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചു പോകയില്ല;
ആരും എന്റെ കയ്യിൽ നിന്നു അവറ്റെയെ പിടിച്ചുപറിക്കയും ഇല്ല.
29 എനിക്ക് തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലിയവനാകുന്നു; എന്റെ
പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴിയുന്നതുമല്ല
30 ഞാനും പിതാവും ഒന്നാകുന്നു."
31 എന്നാറെ യെഹൂദർ പിന്നെയും അവനെ എറിവാൻ കല്ലുകൾ എടുത്തു.
32 അതിനു യേശു അവരോടു പറഞ്ഞു : "എന്റെ പിതാവിൽ നിന്നു പല
സൽക്രിയയകളെയും ഞാൻ നിങ്ങൾക്കു കാണിച്ചു, അതിൽ ഏതു ക്രിയനിമിത്തം നിങ്ങൾ
എന്നെ കല്ലെറിയുന്നു?"
33 യെഹൂദർ അവനോടു ഉത്തരം ചൊല്ലിയത്: സൽക്രിയ നിമിത്തമല്ല നിന്നെ
കല്ലെറിയുന്നത്, ദൈവദൂഷണം നിമിത്തവും നീ മനുഷ്യനായിരിക്കെ നിന്നെത്തന്നേ ദൈവം
ആക്കുന്നതുകൊണ്ടുമത്രേ.
34 യേശു അവരോടു ഉത്തരം ചൊല്ലിയത്: "നിങ്ങൾ ദൈവങ്ങൾ എന്നു ഞാൻ പറഞ്ഞു,
എന്നു നിങ്ങളുടെ വേദത്തിൽ എഴുതിയിരിക്കുന്നില്ലയോ?[1]
35 ദൈവ വചനം ഉണ്ടായിട്ടുള്ളവരെ ദൈവങ്ങൾ എന്നു ചൊല്ലി എങ്കിൽ
[തിരുവെഴുത്തിന്നു നീക്കം വന്നുകൂടാത്തതും ആയിരുന്നാൽ],
36 ഞാൻ ദൈവത്തിന്റെ പുത്രൻ എന്നു പറകകൊണ്ടു: നീ ദൈവദൂഷണം പറയുന്നു എന്നു
പിതാവു വിശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോടു നിങ്ങൾ ചൊല്ലുന്നുവോ?
37 ഞാൻ എന്റെ പിതാവിൻ ക്രിയകളെ ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ.
38 ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവു എന്നിലും ഞാൻ
അവനിലും എന്നു നിങ്ങൾ അറിഞ്ഞു വിശ്വസിക്കേണ്ടതിനു ആ ക്രിയകളെ വിശ്വസിപ്പിൻ".

39 എന്നാറെ അവർ അവനെ പിന്നെയും പിടിക്കുടുവാൻ അന്വേഷിച്ചു; എങ്കിലും
അവരുടെ കയ്യിൽ നിന്നു അവൻ തെറ്റി, .
40 യോർദ്ദാന്നക്കരെ യോഹന്നാൻ ആദിയിൽ സ്നാനപ്പെടുത്തികൊണ്ടിരുന്ന സ്ഥലത്തേക്ക്
വാങ്ങി പോയി അവിടെ പാർത്തു.
41 പലരും അവന്റെ അടുക്കെ വന്നു: യോഹന്നാൻ അടയാളം ഒന്നും ചെയ്തിട്ടില്ല
എങ്കില്ലും ഇവനെക്കുറിച്ചു യോഹന്നാൻ പറഞ്ഞതു ഒക്കെയും സത്യമായിരുന്നു എന്നു
ചൊല്ലി..
42 അവിടെ പലരും അവങ്കൽ വിശ്വസിക്കയും ചെയ്തു.

## അദ്ധ്യായം 11

ബേഥാന്യയിലെ ലാസർ മരിച്ചത്. 17 യേശു ലാസറെ ഉയർപ്പിച്ചത്, 45 അതിന്റെ ഫലങ്ങൾ.

മറിയയുടെയും അവളുടെ സഹോദരി മാർത്തയുടെയും ഗ്രാമമായ ബേഥാന്യയിലെ ലാസർ
എന്ന ഒരുത്തൻ രോഗിയായിരുന്നു.
2 എന്നാൽ മറിയ കർത്താവിനെ പരിമള തൈലം കൊണ്ട് അഭിഷേകം ചെയ്ത് തന്റെ
തലമുടികൊണ്ടു അവന്റെ കാലുകളെ തുടച്ചവൾ ആയിരുന്നു.[2]അവളുടെ സഹോദരനായ

1 .സങ്കി. 52:6 2. യോഹ.12:2

ലാസർ തന്നെ രോഗിയായത്.
3 ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു: കർത്താവേ, ഇതാ നിനക്കു
പ്രിയനായവൻ രോഗിയായിരിക്കുന്നു എന്നു പറയിച്ചു.
4 എന്നാറെ യേശു അതു കേട്ടിട്ടു: ഈ രോഗം മരണത്തിലേക്കല്ല, ദൈവ മഹത്വത്തിനു
അത്രേ ആകുന്നത്, ദൈവ പുത്രൻ അതിനാൽ മഹത്വം വരുവാൻ തന്നെ എന്ന് പറഞ്ഞു.
5 എന്നാൽ യേശു മാർത്തയെയും അവളുടെ സഹോദരിയെയും ലാസറിനെയും
സ്നേഹിച്ചിരുന്നു.
6 ആകയാൽ അവൻ രോഗിയായിരിക്കുന്നു എന്നു കേട്ടാറെ താൻ അന്നു ഇരുന്ന
സ്ഥലത്തിൽ രണ്ടു നാൾ പാർത്തു.
7 അതിന്റെ ശേഷം ശിഷ്യന്മാരോടു: നാം തിരികെ യെഹൂദ്യയിലേക്കു പോക, എന്നു
പറയുന്നു.
8 ശിഷ്യന്മാർ അവനോടു: റബ്ബീ, യെഹൂദർ ഇപ്പോൾ തന്നേ നിന്നെ കല്ലെറിവാൻ
അന്വേഷിച്ചുവല്ലോ; നീ തിരികെ അവിടെ പോകുന്നുവോ? എന്നു പറയുന്നു.
9 യേശു ഉത്തരം ചൊല്ലിയത്: പകലിന്നു പന്ത്രണ്ടു മണിനേരം ഇല്ലയോ? ഒരുത്തൻ പകലിൽ
നടക്കുന്നു എങ്കിൽ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നതുകൊണ്ടു ഇടറുന്നില്ല.
10 രാത്രിയിൽ നടക്കുന്നു എങ്കിലോ തന്നിൽ വെളിച്ചം ഇല്ലായ്കകൊണ്ടു ഇടറുന്നു.
11 ഇവ പറഞ്ഞിട്ടു അവൻ: നമ്മുടെ പ്രീയനായ ലാസർ നിദ്രപ്രാപിച്ചിരിക്കുന്നു; എങ്കിലും
അവനെ ഉറക്കുണർത്തുവാൻ ഞാൻ പോകുന്നു എന്നു അവരോടു പറയുന്നു.
12 ആകയാൽ അവന്റെ ശിഷ്യന്മാർ: കർത്താവേ, നിദ്രപ്രാപിച്ചു എങ്കിൽ അവൻ
രക്ഷപെടും, എന്നു പറഞ്ഞു.
13 എന്നാൽ യേശു അവന്റെ മരണത്തെക്കുറിച്ചു അത്രേ പറഞ്ഞതു; അവർക്കോ
ഉറക്കത്തിൽ നിദ്രയടയുന്നതിനെക്കുറിച്ചു, എന്നു തോന്നി.
14 അപ്പോൾ യേശു അവരോടു സ്പഷ്ടമായി പറഞ്ഞു: ലാസർ മരിച്ചു.
15 നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ അവിടെ ഇല്ലാഞ്ഞതുകൊണ്ടു നിങ്ങളുടെ നിമിത്തം
ഞാൻ സന്തോഷിക്കുന്നു; എങ്കിലും നാം അവന്റെ അടുക്കൽ പോക.
16 എന്നാറെ [ദിദിമൊസ് എന്നു നാമമുള്ള] തോമസ് കൂട്ടുശിഷ്യരോടു: അവനോടു കൂടെ
മരിപ്പാൻ നാമും പോക എന്നു പറഞ്ഞു.

17 പിന്നെ യേശു വന്നപ്പോൾ അവനെ കല്ലറയിൽ വെച്ചിട്ടു നാലു നാളായി എന്നു
അറിഞ്ഞു.
18 എന്നാൽ ബേഥാന്യ യെരൂശലേമിന്നരികെ ഏകദേശം പതിനഞ്ചു സ്ഥാതി [രണ്ടു നാഴിക]
ദൂരത്തിലത്രേ.
19 മാർത്തയെയും മറിയയെയും തങ്ങളുടെ സഹോദരനെക്കുറിച്ചു ആശ്വസിപ്പിക്കേണ്ടതിന്നു
യെഹൂദരിൽ പലരും അവരുടെ അടുക്കൽ വന്നിരുന്നു.
20 ആകയാൽ യേശു വരുന്നു എന്നു കേട്ടപ്പോൾ മാർത്ത അവനെ എതിരേല്പാൻ പോയി;
മറിയ വീട്ടിൽ തന്നെ ഇരുന്നു.
21 മാർത്ത യേശുവിനോടു പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ
എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു.
22 ഇപ്പോഴും നീ ദൈവത്തോടു എന്തു ചോദിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ

അറിയുന്നു.
23 യേശു അവളോടു: നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറയുന്നു.
24 മാർത്ത അവനോടു പറയുന്നു: ഒടുക്കത്തെ നാളിലെ ഉയർപ്പിൽ അവൻ
ഉയിർത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു.
25 യേശു അവളോടു പറഞ്ഞു: ഞാൻ തന്നേ ഉയർപ്പും ജീവനും ആകുന്നു; എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
26 ജീവിച്ചിരുന്നു എങ്കൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്കയില്ല; ഇതിനെ നീ
വിശ്വസിക്കുന്നുവോ?
27 അവനോടു അവൾ പറയുന്നു: ഉവ്വു, കർത്താവേ, ലോകത്തിൽ വരുവാനുള്ള
ദൈവപുത്രനായ ക്രിസ്തു നീ തന്നേ, എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു.
28 എന്നു ചൊല്ലീട്ടുപോയി തന്റെ സഹോദരിയായ മറിയയെ ഗൂഢമായി വിളിച്ചു: ഗുരു
വന്നു നിന്നെ വിളിക്കുന്നു, എന്നു പറഞ്ഞു.
29 അവൾ കേട്ട ഉടനെ വേഗം എഴുന്നേറ്റു അവന്റെ അടുക്കെ വരുന്നു.
30 എന്നാൽ യേശു ഗ്രാമത്തിൽ ചെല്ലാതെ മാർത്ത അവനെ എതിരേറ്റ സ്ഥലത്തിൽ തന്നേ
ആയിരുന്നു.
31 വീട്ടിൽ അവളോടുകൂടെ ഇരുന്നു അവളെ ആശ്വസിപ്പിക്കുന്നവരായ യെഹൂദന്മാർ, മറിയ
വേഗം എഴുന്നേറ്റു പുറപ്പെടുന്നത് കണ്ടിട്ടു: അവൾ കല്ലറെക്കൽ കരവാൻ പോകുന്നു,
എന്നു ചൊല്ലി പിൻചെന്നു.
32 എന്നാൽ മറിയ യേശു ഇരിക്കുന്നേടത്തു എത്തി അവനെ കണ്ടിട്ടു അവന്റെ കാൽക്കൽ
വീണു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ
മരിക്കയില്ലായിരുന്നു, എന്നു പറഞ്ഞു.
33 ആകയാൽ അവൾ കരയുന്നതും അവളോടുകൂടെ വന്ന യെഹൂദന്മാർ കരയുന്നതും
യേശു കണ്ടാറെ ആത്മാവിൽ വിങ്ങികൊണ്ട് കലങ്ങി:
34 അവനെ എവിടെ വെച്ചു? എന്നു ചോദിച്ചു. കർത്താവേ, വന്നു കാൺക, എന്നു അവർ
അവനോടു പറയുന്നു.
35 യേശു കണ്ണീർ വാർത്തു.
36 ആകയാൽ യെഹൂദന്മാർ: കണ്ടോ അവനോടു എത്ര പ്രിയം ഉണ്ടായിരുന്നു, എന്നു
പറഞ്ഞു.
37 അവരിൽ ചിലർ: കുരുടന്റെ കണ്ണുകളെ തുറന്ന ഇവന്നു ഇവനെയും
മരിക്കാതാക്കുവാൻ കഴികയില്ലാഞ്ഞുവോ? എന്നു പറഞ്ഞു.
38 യേശു പിന്നെയും ഉള്ളിൽ വിങ്ങികൊണ്ട് കല്ലറെക്കൽ ചെന്നു; അതു ഒരു ഗുഹ
ആയിരുന്നു; ഒരു കല്ലും അതിന്മേൽ വെച്ചിരുന്നു.
39 യേശു: കല്ലിനെ നീക്കുവിൻ എന്നു പറയുന്നു. മരിച്ചവന്റെ സഹോദരിയായ മാർത്ത:
കർത്താവേ, ഇപ്പോൾ നാറ്റം വെച്ചിരിക്കുന്നു; നാലാം നാൾ ആകുന്നുവല്ലോ, എന്നു
പറയുന്നു.
40 യേശു അവളോടു പറയുന്നു: നീ വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വത്തെ കാണും,
എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ?
41 എന്നാറെ മരിച്ചവൻ കിടന്ന ഇടത്തിൽ നിന്നു അവർ കല്ലിനെ നീക്കിയപ്പോൾ യേശു
കണ്ണുകളെ ഉയർത്തി പറഞ്ഞു: പിതാവേ, നീ എന്നേ കേട്ടതുകൊണ്ട് ഞാൻ നിന്നെ

വാഴ്ത്തുന്നു.
42 നീ എപ്പോഴും എന്നേ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ
എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ
നിമിത്തം ഞാൻ പറഞ്ഞു.
43 ഇപ്രകാരം പറഞ്ഞശേഷം: ലാസറെ, പുറത്തു വാ എന്നു മഹാ ശബ്ദത്തോടെ വിളിച്ചു.
44 മരിച്ചവനും കൈ കാലുകൾ ശീലകളാൽ കെട്ടപ്പെട്ടും മുഖം റൂമാൽകൊണ്ടു
മൂടിക്കെട്ടിയും പുറത്തുവന്നു; അവനെ കെട്ടഴിച്ചു പോകുവാൻ വിടുവിൻ, എന്നു യേശു
അവരോടു ചൊല്ലുന്നു.

45 ആകയാൽ മറിയയുടെ അടുക്കൽ വന്ന യെഹൂദന്മാരിൽ പലരും അവൻ ചെയ്തതു
കണ്ടിട്ടു അവങ്കൽ വിശ്വസിച്ചു.
46 എന്നാൽ ചിലർ പരീശരുടെ അടുക്കൽ പോയി യേശു ചെയ്തതു അവരോടു
അറിയിച്ചു.
47 ആകയാൽ മഹാപുരോഹിതരും പരീശന്മാരും സംഘം കൂടി: നാം എന്തു ചെയ്യുന്നു?
ഈ മനുഷ്യൻ വളരെ അടയാളങ്ങളെ ചെയ്യുന്നുവല്ലോ.
48 അവനെ ഇങ്ങനെ വിട്ടേച്ചാൽ എല്ലാവരും അവങ്കൽ വിശ്വസിക്കും; റോമക്കാരും വന്നു
നമ്മുടെ സ്ഥലവും വംശവും എടുത്തുകളയും, എന്നു പറഞ്ഞു.
49 എന്നാറെ അവരിൽ ഒരുത്തനായി, ആ വർഷത്തെ മഹാപുരോഹിതനായ കയ്യഫാവു
അവരോടു ചൊല്ലിയത്: നിങ്ങൾ ഒന്നും അറിയുന്നില്ല;
50 വംശം എല്ലാം നശിച്ചുപോകാതവണ്ണം ഒരു മനുഷ്യൻ ജനത്തിനുവേണ്ടി മരിക്കുന്നതു
നമുക്ക് ഉപകാരം എന്നു വിചാരിക്കുന്നതുമില്ല.
51 ഇതു സ്വമേതയാൽ പറഞ്ഞതല്ല, താൻ ആ വർഷത്തെ മഹാപുരോഹിതൻ ആകയാൽ
ജനത്തിന്നു വേണ്ടി യേശു മരിപ്പാൻ ഇരിക്കുന്നു എന്നു അവൻ പ്രവചിച്ചതത്രേ.
52 ആ ജനത്തിന്നു വേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായിട്ടു
ചേർത്തുകൊള്ളേണ്ടതിന്നും കൂടെ തന്നേ.
53 എന്നാറെ അവർ അന്നു മുതൽ അവനെ കൊല്ലുവാൻ തങ്ങളിൽ നിരൂപിച്ചു.
54 അതുകൊണ്ടു യേശു യെഹൂദരുടെ ഇടയിൽ പിന്നെ പ്രസിദ്ധമായി നടക്കാതെ അവിടം
വിട്ടു മരുഭൂമിക്കരികിൽ എഫ്രയീം എന്ന നഗരത്തിലേക്കു വാങ്ങി തന്റെ ശിഷ്യരുമായി
അവിടെ പാർത്തു.
55 യെഹൂദരുടെ പെസഹ അടുത്തിരിക്കയാൽ പലരും തങ്ങൾക്കു ശുദ്ധിവരുത്തുവാൻ
പെസഹെക്കു മുമ്പായി നാടു വിട്ടു യെരൂശലേമിലേക്കു കരേറി.
56 അവർ യേശുവിനെ അന്വേഷിച്ചു ദൈവാലയത്തിൽ നിൽക്കുമ്പോൾ നിങ്ങൾക്കു
എങ്ങനെ തോന്നുന്നു? അവൻ പെരുനാൾക്കു വരികയില്ലന്നോ? എന്നു തങ്ങളിൽ പറകയും
ചെയ്തു.
57 എന്നാൽ മഹാപുരോഹിതന്മാരും പരീശരും അവനെ പിടികൂടേണ്ടതിന് അവൻ
ഇരിക്കുന്ന ഇടം ആരെങ്കിലും അറിഞ്ഞാൽ ബോധിപ്പിക്കേണം എന്ന് കല്പന
കൊടുത്തിരുന്നു.

## അദ്ധ്യായം 12

ബേഥാന്യയിലേ അഭിഷേകം [മത്തായി 26, മർക്കോ. 14], 9. യെരൂശലേം നഗരപ്രവേശനം [മത്തായി 21, മർക്കോ.11, ലൂക്കോ.19], 20. ഗ്രേക്കന്മാർ സന്ദർശിച്ചതും അന്ത്യ പ്രസംഗവും, 37. യെഹൂദരുടെ മന കാഠിന്യം

**ച**ത്തു പോയ ശേഷം മരിച്ചവരിൽ നിന്നു താൻ ഉയിർപ്പിച്ച ലാസർ ഇരുന്ന
ബേഥാന്യയിൽ യേശു പെസഹെക്കു ആറു നാൾ മുമ്പെ വന്നു.
2 എന്നാറെ അവനു അവിടെ അത്താഴം ഉണ്ടാക്കി; മാർത്ത ശുശ്രൂഷ ചെയ്തു, ലാസറോ
അവനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ഒരുവൻ ആയിരുന്നു.
3 അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസിതൈലം ഒരു റാത്തൽ എടുത്തു
യേശുവിന്റെ കാലുകളിൽ പൂശി, കാലുകളെ തന്റെ തലമുടികൊണ്ടു തുവർത്തി;
തൈലത്തിന്റെ സൌരഭ്യം വീട്ടിൽ നിറകയും ചെയ്തു.
4 എന്നാറെ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായി അവനെ കാണിച്ചുകൊടുപ്പാനിരുന്ന
ശിമോൻ പുത്രനായ യൂദാ ഈസ്കര്യോത്ത് പറയുന്നു:
5 ഈ തൈലം മുന്നൂറു പണത്തിന്നു വിറ്റു ദിരിദ്രർക്കു കൊടുക്കാഞ്ഞതു എന്തു കൊണ്ട്?
6 എന്നാൽ ഇതു ദരിദ്രരെക്കുറിച്ചു വിചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ ആകകൊണ്ടും
മടിശീല തന്റെ പക്കൽ ആകയാൽ അതിൽ ഇടപ്പെട്ടതിനെ ചുമക്കകൊണ്ടും അത്രേ
പറഞ്ഞതു.
7 ആകയാൽ യേശു: അവളെ വിടുക; എന്റെ ശവസംസ്കാരത്തിനുള്ള നാൾക്കായിട്ടു അവൾ
ഇതിനെ സംഗ്രഹിച്ചിരുന്നു.
8 ദരിദ്രർ നിങ്ങൾക്കു എല്ലായ്പ്പോഴും അടുക്കെ ഉണ്ടല്ലോ; ഞാൻ നിങ്ങൾക്കു
എല്ലായ്പ്പോഴും ഇല്ലതാനും, എന്നു പറഞ്ഞു.

9 എന്നാറെ അവൻ അവിടെ ഉള്ള പ്രകാരം അറിഞ്ഞിട്ടു യെഹൂദരുടെ ഒരു വലിയ കൂട്ടം
യേശുവിന്റെ നിമിത്തം തന്നെ അല്ല, അവൻ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ച ലാസറെ
കാണ്മാനായിട്ടും വന്നു.
10 അവൻ ഹേതുവായിട്ട് അനേകം യെഹൂദന്മാർ പോയി യേശുവിൽ വിശ്വസിക്കയാൽ,
11 ലാസറെയും കൊല്ലേണം എന്നു മഹാപുരോഹിതർ നിരൂപിച്ചു.
12 പിറ്റേനാൾ പെരുന്നാൾക്കു വന്നോരു വലിയ പുരുഷാരം യേശു യെരൂശലേമിൽ വരുന്നു
എന്നു കേട്ടിട്ടു,
13 ഈത്തപ്പനകളുടെ കുരുത്തോലകൾ എടുത്തുംകൊണ്ടു അവനെ എതിരേല്പാൻ പുറപ്പെട്ടു
പോയി: ഹോശന്നാ, യിസ്രായേലിൻ രാജാവായി കർത്താവിൻ നാമത്തിൽ വരുന്നവൻ
വാഴ്ത്തപ്പെട്ടവൻ, എന്നു ആർത്തു.[1]
14 യേശു ഒരു ചെറിയ കഴുതയെ കണ്ടിട്ടു അതിന്മേൽ കയറി ഇരുന്നു.
15 "സീയോൻ പുത്രി, ഭയപ്പെടേണ്ടാ; കണ്ടാലും നിന്റെ രാജാവു കഴുതക്കുട്ടിപ്പുറത്തു ഇരുന്നു
കൊണ്ട് വരുന്നു" എന്നു എഴുതിയിരിക്കുന്ന പ്രകാരം തന്നേ.[2]

[1]സങ്കി. 118:26 [2]സെഖ. 9:9

16 ആയതു അവന്റെ ശിഷ്യന്മാർ ആദിയിൽ അറിഞ്ഞില്ല; യേശു മഹത്വപ്പെട്ടശേഷം ഇവ
അവനെക്കുറിച്ചു എഴുതപ്പെട്ടിരിക്കുന്നു എന്നും, തങ്ങൾ അവനോട് ഇവ ചെയ്തു എന്നും
അവർക്കു ഓർമ്മ ഉണ്ടായി.
17 ആകയാൽ അവൻ ലാസറെ കല്ലറയിൽ നിന്നു വിളിച്ചു മരിച്ചവരിൽ നിന്നു
എഴുന്നേല്പിച്ചപ്പോൾ അവനോടുകൂടെ ഉണ്ടായിരുന്ന പുരുഷാരം സാക്ഷ്യം ചൊല്ലി.
18 അതുകൊണ്ട് പുരുഷാരം അവൻ ഈ അടയാളം ചെയ്തപ്രകാരം കേട്ടിട്ടു അവനെ
എതിരേറ്റുകൂടി.
19 ആകയാൽ പരീശർ തമ്മിൽ തമ്മിൽ: നിങ്ങളാൽ ഒന്നും സാധിക്കുന്നില്ല എന്ന്
കാണുന്നുവോ? ഇതാ ലോകം അവന്റെ പിന്നാലെ ആയിപ്പോയി എന്നു പറകയും ചെയ്തു.
20 പെരുനാളിൽ കുമ്പിടുവാൻ കയറി വരുന്നവരിൽ ചില ഗ്രേക്കന്മാർ ഉണ്ടായിരുന്നു.
21 ആയവർ ഗലീലയിലെ ബേത്ത്സയിദക്കാരനായ ഫിലിപ്പൊസിന്റെ അടുക്കൽ ചെന്നു
അവനോടു: യജമാനനേ, ഞങ്ങൾക്കു യേശുവിനെ കാണ്മാൻ ആഗ്രഹമുണ്ടു എന്നു
അപേക്ഷിച്ചു പറഞ്ഞു.

22 ഫിലിപ്പൊസ് വന്നു അന്ത്രെയാസിനോടു പറയുന്നു. പിന്നെ അന്ത്രെയാസും
ഫിലിപ്പൊസും യേശുവിനോടു പറയുന്നു.
23 എന്നാൽ യേശു അവരോടു ഉത്തരം ചൊല്ലിയത്: മനുഷ്യപുത്രൻ മഹത്വപ്പെടുവാനുള്ള
നാഴിക വന്നിരിക്കുന്നു.
24 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തിൽ വീണു
ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കുന്നു; ചത്തു എങ്കിലോ വളരെ ഫലം തരുന്നു.
25 തന്റെ ദേഹിയെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ദേഹിയെ
പകെക്കുന്നവൻ അതിനെ നിത്യജീവനോളം സൂക്ഷിക്കും.[1]
26 യാതോരുത്തൻ എന്നെ ശുശ്രൂഷ ചെയ്യുന്നു എങ്കിൽ അവൻ എന്നെ പിന്തുടരട്ടെ; ഞാൻ
എവിടെ ഇരിക്കുന്നുവോ അവിടെ എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; യാതോരുത്തൻ
എന്നെ ശുശ്രൂഷ ചെയ്താൽ അവനെ പിതാവു മാനിക്കും.
27 ഇപ്പോൾ എൻ ദേഹി കലങ്ങിയിരിക്കുന്നു; പിന്നെ ഞാൻ എന്തു പറവു? പിതാവേ, ഈ
നാഴികയിൽനിന്നു എന്നെ രക്ഷിക്കേണമേ; എങ്കിലും ഇതിൻ നിമിത്തം ഞാൻ ഈ
നാഴികയിലേക്കു വന്നു.
28 പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ. എന്നാറെ: ഞാൻ മഹത്വപ്പെടുത്തി;
ഇനിയും മഹത്വപ്പെടുത്തുകയും ചെയ്യും എന്നൊരു ശബ്ദം വാനത്തിൽ നിന്നു വന്നു:
29 അതുകേട്ടിട്ടു, നില്ക്കുന്ന പുരുഷാരം: ഇടി ഉണ്ടായി, എന്നു പറഞ്ഞു; മറ്റു ചിലർ: ഒരു
ദൂതൻ അവനോടു സംസാരിച്ചു, എന്നു പറഞ്ഞു.
30 യേശു ഉത്തരം ചൊല്ലിയത്: ഈ ശബ്ദം എന്റെ നിമിത്തമല്ല, നിങ്ങളുടെ നിമിത്തം അത്രേ
ഉണ്ടായതു.
31 ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകപ്രഭു പുറത്തു
കളയപ്പെടും.
32 ഞാൻ ഭൂമിയിൽ നിന്നു ഉയർത്തപ്പെട്ടു എങ്കിൽ എല്ലാവരെയും എങ്കലേക്കു
ആകർഷിക്കയും ചെയ്യും.

33 ഇതു താൻ മരിപ്പാനുള്ള മരണവിധം ഇന്നതെന്നു സൂചിപ്പിച്ചു പറഞ്ഞതത്രേ.
34 പുരുഷാരം അവനോടു ഉത്തരം ചൊല്ലിയത്: ക്രിസ്തു എന്നേക്കും ഇരിക്കുന്നു എന്നു
ഞങ്ങൾ വേദത്തിൽ നിന്നു കേട്ടിരിക്കുന്നു[2]. പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടതെന്നു
നീ എങ്ങനെ പറയുന്നു? ഈ മനുഷ്യൻ ആർ ആകുന്നു?
35 എന്നാറെ യേശു അവരോടു പറഞ്ഞു: ഇനി കുറെക്കാലം വെളിച്ചം നിങ്ങളോട് കൂടെ

1..ലൂക്കോ. 9:24, 2..ദാനീ. 7:14

ഇരിക്കുന്നു; ഇരുൾ നിങ്ങളെ പിടിക്കാതെ വണ്ണം നിങ്ങൾക്കു വെളിച്ചം ഉള്ളേടത്തോളം
നടന്നുകൊൾവിൻ. ഇരുളിൽ നടക്കുന്നവൻ താൻ എവിടെ പോകുന്നു എന്നു
അറിയുന്നില്ലല്ലോ.
36 നിങ്ങൾക്കു വെളിച്ചം ഉള്ളടത്തോളം വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിന്നു
വെളിച്ചത്തിൽ വിശ്വസിപ്പിൻ. ഇവ യേശു പറഞ്ഞു; പിന്നെ വാങ്ങി പോയി അവരിൽ
നിന്നു ഒളിച്ചു കൊൾകയും ചെയ്തു.
37 ഇത്ര വലിയ അടയാളങ്ങളെ അവർ കാൺകെ ചെയ്താറെയും അവർ അവനിൽ
വിശ്വസിച്ചില്ല.
38 “കർത്താവേ, ഞങ്ങളുടെ പ്രസംഗം ആർ വിശ്വസിച്ചു? കർത്താവിൻ ഭുജം ആർക്കു
വെളിപ്പെട്ടു?” എന്നു യെശയ്യാപ്രവാചകൻ പറഞ്ഞ വചനം പൂരിപ്പാൻ തന്നെ.[1.]
39 ഇതു നിമിത്തം അവർക്കു വിശ്വസിപ്പാൻ കഴിഞ്ഞതുമില്ല; എന്തെന്നാൽ യെശയ്യാവു
പിന്നെയും പറയുന്നു:
40 അവർ കണ്ണുകൊണ്ടു കാണാതെയും ഹൃദയംകൊണ്ടു തിരിച്ചറിയാതെയും, മനം
തിരിയാതെയും, ഞാൻ അവരെ സൌഖ്യമാക്കാതെയും ഇരിപ്പാൻ അവരുടെ കണ്ണുകളെ
അവൻ കുരുടാക്കി ഹൃദയത്തെയും തടിപ്പിച്ചിരിക്കുന്നു”.
41 ഇവ യെശയ്യാവു പറഞ്ഞത് അവന്റെ മഹത്വം കണ്ടു അവനെക്കുറിച്ചു
സംസാരിച്ചപ്പോൾ ആയിരുന്നു[2].
42 എന്നിട്ടും പ്രമാണികളിലും അനേകർ അവനിൽ വിശ്വസിച്ചു; എങ്കിലും പള്ളിഭ്രഷ്ടർ
ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ല.
43 എന്തെന്നാൽ അവർ ദൈവമഹത്വത്തെക്കാളും മനുഷ്യ മഹത്വത്തെ ഏറ്റം സ്നേഹിച്ചു.
44 യേശു വിളിച്ചു പറഞ്ഞതു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ
അയച്ചവനിൽ വിശ്വസിക്കുന്നു.
45 എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു.
46 എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി
ലോകത്തിൽ വന്നു.
47 എന്റെ മൊഴികൾ ആരെങ്കിലും കേട്ടു വിശ്വസിക്കാതിരുന്നാൽ അവനെ ഞാൻ
വിധിക്കുന്നില്ല; എന്തെന്നാൽ ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ
വന്നതു.
48 എന്റെ മൊഴികളെ കൈക്കൊള്ളാതെ എന്നെ തള്ളുന്നവന്നു ന്യായം വിധിക്കുന്നവൻ
ഉണ്ടു; ഞാൻ പറഞ്ഞ വചനം ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും.
49 എന്തെന്നാൽ ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവു തന്നേ ഞാൻ
ഇന്നതു പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും എനിക്ക് കല്പന തന്നു.
50 അവന്റെ കല്പന നിത്യജീവൻ ആകുന്നു എന്നു ഞാൻ അറിയുന്നു; ആകയാൽ ഞാൻ
സംസാരിക്കുന്നവ പിതാവു എന്നോടു അരുളിയപ്രകാരം തന്നേ സംസാരിക്കുന്നു.

## അദ്ധ്യായം 13

യേശു ശിഷ്യരുടെ കാൽ കഴുകി, 12. ഉപദേശിച്ചത്, 21. യൂദയുടെ ദ്രോഹം, 31. അന്യോന്യ സ്നേഹത്തെ കുറിച്ചുള്ള കല്പന, 36. പത്രോസിന്റെ വീഴ്ച അറിയിച്ചത് [മത്താ.26,മർ.14, ലൂക്കോ.22]

**പെ**സഹപെരുനാൾക്ക് മുമ്പെ യേശു ഈ ലോകം വിട്ടു പിതാവിൻ അരികിൽ

1.യെശ. 53:1, 2.യെശ. 6:9

പോകുവാനുള്ള തന്റെ നാഴിക വന്നു എന്നു അറിഞ്ഞിട്ടു, അവൻ ലോകത്തിൽ
തനിക്കുള്ളവരെ സ്നേഹിച്ചിരിക്കയാൽ അവരെ അവസാനത്തോളം സ്നേഹിച്ചു.
2 അവനെ കാണിച്ചുകൊടുക്കേണ്ടതിന് ശിമോൻ പുത്രനായ യൂദാ ഈസ്കര്യോത്തവിന്റെ
ഹൃദയത്തിൽ പിശാചു തോന്നിച്ചിരിക്കെ,
3 അത്താഴംതുടങ്ങും നേരം, യേശു തന്റെ കയ്യിൽ പിതാവു സകലവും എല്പിച്ചിരിക്കുന്നു
എന്നും താൻ ദൈവത്തിൽ നിന്നു പുറപ്പെട്ടു വന്നു എന്നും, ദൈവത്തിൻ അടുക്കെ
പോകുന്നു എന്നും അറിഞ്ഞിട്ട്,
4 അത്താഴത്തിൽ നിന്നു എഴുന്നേറ്റു വസ്ത്രങ്ങളെ ഊരിവെച്ചു ഒരു ശീല എടുത്തു തന്റെ
അരയിൽ ചുറ്റി കെട്ടികൊണ്ട്,
5 ഒരു പാത്രത്തിൽ വെള്ളം ഒഴിച്ച് ശിഷ്യരുടെ കാലുകളെ കഴുകുവാനും താൻ അരയിൽ
ചുറ്റിയിരുന്ന ശീലകൊണ്ടു തുവർത്തുവാനും തുടങ്ങി.
6 അപ്പോൾ അവൻ ശിമോൻ പത്രൊസിന്റെ അടുക്കൽ വരുന്നു; എന്നാറെ ആയവൻ
അവനോടു: കർത്താവേ, നീ എന്റെ കാലുകളെ കഴുകുന്നുവോ? എന്നു പറയുന്നു.
7 യേശു അവനോടു: ഞാൻ ചെയ്യുന്നതിനെ നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും
താനും, എന്നു ഉത്തരം ചൊല്ലി.
8 നീ ഒരുനാളും എന്റെ കാലുകളെ കഴുകരുത്, എന്നു പത്രൊസ് പറയുന്നു; യേശു
ഉത്തരം ചൊല്ലിയത്: ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടുകൂടെ പങ്കില്ല.
9 എന്നാറെ ശിമോൻ പത്രോസ്: കർത്താവേ, എന്റെ കാലുകൾ മാത്രമല്ല കൈകളും തലയും
കൂടെ, എന്നു പറയുന്നു.
10 യേശു അവനോടു: കുളിച്ചിരിക്കുന്നവന്നു കാലുകൾ അല്ലാതെ കഴുകുവാൻ ആവശ്യം
ഇല്ല; അവൻ മുഴുവനും ശുദ്ധിയുള്ളവൻ ആകുന്നു; നിങ്ങൾ ശുദ്ധിയുള്ളവർ ആകുന്നു;
എല്ലാവരും അല്ലതാനും, എന്നു പറയുന്നു.
11 തന്നെ കാണിച്ചുകൊടുക്കുന്നവനെ അറിഞ്ഞിരിക്കകൊണ്ടത്രേ എല്ലാവരും
ശുദ്ധിയുള്ളവരല്ല എന്നു പറഞ്ഞതു.

12 അവരുടെ കാലുകളെ കഴുകി തന്റെ വസ്ത്രങ്ങളെ ധരിച്ച ശേഷം അവൻ പിന്നെയും
ഭോജന പന്തിയിൽ ഇരുന്നു അവരോടു പറഞ്ഞു: ഞാൻ നിങ്ങൾക്കു ചെയ്തതു ഇന്നതു
എന്നു അറിയുന്നുവോ?
13 നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അപ്രകാരം
ആകയാൽ നിങ്ങൾ ചൊല്ലുന്നത് ശരി.
14 കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകി എങ്കിൽ നിങ്ങളും
തമ്മിൽ തമ്മിൽ കാലുകളെ കഴുകേണ്ടതാകുന്നു.
15 ഞാൻ നിങ്ങൾക്കു ചെയ്തപ്രകാരം നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു
ദൃഷ്ടാന്തം തന്നിരിക്കുന്നുവല്ലോ.
16 ആമേൻ, ആമേൻ ഞാൻ നിങ്ങളോടു ചൊല്ലുന്നത്: ദാസൻ തന്റെ കർത്താവിനെക്കാൾ
വലിയവൻ അല്ല; അയക്കപ്പെട്ടവൻ അയച്ചവനെക്കാൾ വലിയവനുമല്ല.[1]
17 ഇവ നിങ്ങൾ അറിയുന്നു എങ്കിൽ അവറ്റെ ചെയ്താൽ ഭാഗ്യവാന്മാർ ആകുന്നു.
18 നിങ്ങളെ എല്ലാവരെയും കുറിച്ചു ചൊല്ലുന്നില്ല; ഞാൻ തിരഞ്ഞെടുത്തവരെ അറിയുന്നു;
എന്നാൽ "എന്നോട് കൂടെ അപ്പം തിന്നുന്നവൻ എന്റെ നേരെ തന്റെ കുതികാൽ ഉയർത്തി"
എന്നുള്ള തിരുവെഴുത്തിന്നു പൂർത്തി വരേണ്ടതാകുന്നു.[2]
19 അതു സംഭവിക്കുമ്പോൾ ഞാൻ തന്നേ ആകുന്നു എന്നു വിശ്വസിക്കേണ്ടതിന്നു അതു
സംഭവിക്കും മുമ്പെ ഇപ്പോഴേ ഞാൻ നിങ്ങളോടു പറയുന്നു.

1.മത്ത. 10:24 2.സങ്കി. 41:9

20 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു ചൊല്ലുന്നത്: ഞാൻ അയക്കുന്ന ഏവനെ എങ്കിലും
കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ
അയച്ചവനെ കൈക്കൊള്ളുന്നു.[1]
21 ഇവ പറഞ്ഞിട്ടു യേശു ആത്മാവിൽ കലങ്ങി: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു
ചൊല്ലുന്നു: നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചുകൊടുക്കും, എന്നു സാക്ഷിപ്പെടുത്തി
പറഞ്ഞു.
22 ഇതു ആരെകൊണ്ട് പറഞ്ഞു എന്നു ശിഷ്യന്മാർ സംശയിച്ചു തമ്മിൽ തമ്മിൽ നോക്കി.
23 ശിഷ്യന്മാരിൽ വെച്ചു യേശു സ്നേഹിച്ചിരുന്ന ഒരുത്തൻ യേശുവിന്റെ നെഞ്ചോടു
ചാരിക്കൊണ്ടിരിക്കെ,
24 ഈ ചൊല്ലിയത് ആരെക്കൊണ്ടു എന്നു ചോദിപ്പാൻ ശിമോൻ പത്രൊസ് അവനോടു
ആംഗ്യം കാട്ടി.
25 ആയവൻ യേശുവിന്റെ മാർവിടത്തിൽ ചരിഞ്ഞുകൊണ്ട്: കർത്താവേ, അതു ആർ
ആകുന്നു? എന്നു ചോദിച്ചു.
26 ഞാൻ അപ്പഖണ്ഡംമുക്കി കൊടുക്കുന്നത് ആർക്കോ അവൻ തന്നേ എന്നു യേശു ഉത്തരം
പറഞ്ഞു; ഖണ്ഡം മുക്കിയിട്ട് ശിമോൻ പുത്രനായ യൂദാ ഈസ്കര്യോത്താവിന് കൊടുത്തു.
27 ഖണ്ഡത്തിന്റെ ശേഷം സാത്താൻ ഉടനെ അവനിൽ പ്രവേശിച്ചു. ആകയാൽ യേശു
അവനോടു: നീ ചെയ്യുന്നതു ആതിവേഗത്തിൽ ചെയ്ക, എന്നു പറയുന്നു.
28 എന്നാൽ ഇതു ഇന്നതിനെക്കുറിച്ചു ചൊല്ലിയതെന്നു ഭോജന പന്തിയിൽ ഇരുന്നവരിൽ
ആരും അറിഞ്ഞില്ല.
29 മടിശീല യൂദാവിൻ പക്കൽ ആകയാൽ പെരുനാൾക്കു വേണ്ടുന്നതു മേടിക്ക എന്നോ
ദരിദ്രർക്കു ഏതാനും കൊടുക്ക എന്നോ യേശു അവനോടു കല്പിക്കുന്ന പ്രകാരം
ചിലർക്ക് തോന്നി.
30 എന്നാറെ അവൻ ഖണ്ഡം വാങ്ങിയിട്ട് ക്ഷണത്തിൽ പുറപ്പെട്ടു പോയി; അപ്പോൾ രാത്രി
ആയിരുന്നു.
31 അവൻ പുറപ്പെട്ടു പോയപ്പോൾ യേശു പറയുന്നു: ഇപ്പോൾ മനുഷ്യപുത്രൻ
മഹത്വപ്പെട്ടു; ദൈവവും അവനിൽ മഹത്വപ്പെട്ടു;
32 ദൈവം അവനിൽ മഹത്വപ്പെട്ടു എങ്കിൽ ദൈവം അവനെ തന്നിൽ തന്നേ
മഹത്വപ്പെടുത്തും; പെട്ടെന്ന് മഹത്വപ്പെടുത്തുകയും ചെയ്യും.

33 പൈതങ്ങളേ, ഞാൻ ഇനി കുറഞ്ഞോന്നു നിങ്ങളോടുകൂടെ ഇരിക്കുന്നു. നിങ്ങൾ എന്നെ
അന്വേഷിക്കും; പിന്നെ ഞാൻ പോകുന്ന ഇടത്തു നിങ്ങൾക്കു വരുവാൻ കഴികയില്ല എന്നു
യെഹൂദരോടു പറഞ്ഞപ്രകാരം ഇന്നു നിങ്ങളോടും ചൊല്ലുന്നു.[2]
34 നിങ്ങൾ തമ്മിൽ സ്നേഹിക്കേണം, എന്നൊരു പുതിയ കല്പന നിങ്ങൾക്കു തരുന്നു;
ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ.
35 നിങ്ങൾക്കു തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യർ ആകുന്നു എന്നു
അതിനാൽ എല്ലാവരും അറിയും.
36 ശിമോൻ പത്രൊസ് അവനോടു: കർത്താവേ, നീ എവിടെ പോകുന്നു എന്നു പറയുന്നു.
ഞാൻ പോകുന്ന ഇടത്തേക്കു നിനക്കു ഇപ്പോൾ എന്നെ പിന്തുടരുവാൻ കഴികയില്ല; പിന്നെ
നീ എന്നെ പിന്തുടരും താനും എന്നു യേശു അവനോടു ഉത്തരം പറഞ്ഞു.
37 പത്രൊസ് അവനോടു: കർത്താവേ, ഇപ്പോൾ തന്നെ എനിക്കു നിന്നെ പിന്തുടരുവാൻ
കഴിയാത്തതു എന്തുകൊണ്ട്? നിനക്കു വേണ്ടി എന്റെ പ്രാണനെ വെച്ചുകളയും എന്നു
പറഞ്ഞു.

1.മത്ത. 10:40, 2. യോഹ. 7:34

38 യേശു ഉത്തരം ചൊല്ലിയത്: നിന്റെ പ്രാണനെ എനിക്കുവേണ്ടി വെക്കുമോ? ആമേൻ,
ആമേൻ, ഞാൻ നിന്നോടു പറയുന്നു: നീ മൂന്നു പ്രവശ്യം എന്നെ തള്ളിപ്പറയുവോളം കോഴി
കൂകുകയില്ല.

## അദ്ധ്യായം 14

യേശു ശിഷ്യരെ ആശ്വസിപ്പിച്ചു കൊണ്ട് തന്റെ യാത്രയും, 8. പിതാവിനോടുള്ള ഐക്യവും 12. ശിഷ്യർ ആത്മാവിനെ പ്രാപിച്ചതും, 22. തന്റെ പ്രത്യക്ഷതയും അറിയിച്ചു, 25. സമാധാനം ചൊല്ലുന്നത്.

നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും
വിശ്വസിപ്പിൻ.
2 എന്റെ പിതാവിൻ ഭവനത്തിൽ പല പാർപ്പിടങ്ങൾ ഉണ്ടു; അല്ലാഞ്ഞാൽ ഞാൻ
നിങ്ങളോടു പറയുമായിരുന്നു, ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു.
3 ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കി എങ്കിൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും
ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും
4 ഞാൻ പോകുന്ന ഇടം നിങ്ങൾ അറിയുന്നു, വഴിയും അറിയുന്നു.
5 തോമസ് അവനോടു: കർത്താവേ, നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല;
പിന്നെ വഴി എങ്ങനെ അറിയാം? എന്നു പറയുന്നു.
6 യേശു അവനോടു ചൊല്ലുന്നു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു;
എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.
7 നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു;
വിശേഷിച്ചു ഇന്നുമുതൽ നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടുമിരിക്കുന്നു.
8 ഫിലിപ്പോസ് അവനോടു: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം;
എന്നാൽ ഞങ്ങൾക്കു മതി, എന്നു പറയുന്നു.

9 യേശു അവനോടു ചൊല്ലുന്നു: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ
അറിഞ്ഞില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടു; പിന്നെ പിതാവിനെ
ഞങ്ങൾക്കു കാണിച്ചുതരേണം, എന്നു ചൊല്ലുന്നതു എങ്ങനെ?
10 ഞാൻ പിതാവിലും പിതാവു എന്നിലും ആകുന്നു, എന്നു നീ വിശ്വസിക്കുന്നില്ലയോ?
ഞാൻ നിങ്ങളോടു ചൊല്ലുന്ന മൊഴികളെ സ്വയമായി ചൊല്ലുന്നില്ല; എന്നിൽ വസിക്കുന്ന
പിതാവ് താൻ തന്നെ ക്രിയകളെ ചെയ്യുന്നു.
11 ഞാൻ പിതാവിലും പിതാവു എന്നിലും ആകുന്നു എന്നു എന്നെ വിശ്വസിപ്പിൻ;
അല്ലെങ്കിൽ ക്രിയകൾ നിമിത്തം തന്നെ എന്നെ വിശ്വസിപ്പിൻ.
12 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു ചൊല്ലുന്നു; എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ
ചെയ്യുന്ന ക്രിയകളെ അവനും ചെയ്യും; ഇവറ്റിലും വലിയവ അവൻ ചെയ്യും, എന്തെന്നാൽ
ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകുന്നു.
13 നിങ്ങൾ എന്റെ നാമത്തിൽ എന്തു യാചിച്ചാലും പിതാവു പുത്രനിൽ
മഹത്വപ്പെടേണ്ടതിന്നു ഞാൻ അതിനെ ചെയ്യും.
14 നിങ്ങൾ എന്റെ നാമത്തിൽ എന്തു എങ്കിലും യാചിച്ചാൽ അത് ഞാൻ ചെയ്യും.

15 നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊൾവിൻ.
16 എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ എന്നേക്കും നിങ്ങളോടു കൂടെ
വസിപ്പാനുള്ള സത്യാത്മാവായ മറ്റൊരു ആശ്വാസപ്രദനെ നിങ്ങൾക്കു തരും.
17 അവനെ ലോകത്തിനു കൈക്കൊൾവാൻ കഴികയില്ല എന്തെന്നാൽ അത് അവനെ
കാണുന്നില്ല അറിയുന്നതുമില്ല; നിങ്ങളോ അവനെ അറിയുന്നു; എന്തെന്നാൽ അവൻ
നിങ്ങളോടു കൂടെ വസിക്കുന്നു, നിങ്ങളിൽ ഇരിക്കയും ചെയ്യും.
18 ഞാൻ നിങ്ങളെ ഉടയവൻ ഇല്ലാത്തവരായി വിടുകയില്ല; നിങ്ങളുടെ അടുക്കൽ ഞാൻ
വരും.
19 ഇനി അൽപ്പനേരം കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല; നിങ്ങളോ എന്നെ
കാണുന്നു; ഞാൻ ജീവിച്ചിരിക്കുന്നതുകൊണ്ടു നിങ്ങളും ജീവിച്ചിരിക്കും.
20 ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നു നിങ്ങൾ
അന്നു അറിയും.
21 എന്റെ കല്പനകൾ ഉള്ളവനായി അവറ്റയെ കാക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ
ആകുന്നു; എന്നെ സ്നേഹിക്കുന്നവൻ എന്റെ പിതാവിനാൽ സ്നേഹിക്കപ്പെടും; ഞാനും
അവനെ സ്നേഹിച്ചു അവനു എന്നെത്തന്നേ വെളിപ്പെടുത്തും.

22 ഈസ്കര്യോത്താവല്ലാത്ത യൂദാ അവനോടു പറയുന്നു: കർത്താവേ, നീ ലോകത്തിനല്ല
ഞങ്ങൾക്ക് നിന്നെ തന്നെ വെളിപ്പെടുത്തുവാൻ പോകുന്നതു എന്തു കൊണ്ടാകുന്നു?
23 യേശു അവനോടു ഉത്തരം ചൊല്ലിയത്: ഒരുത്തൻ എന്നെ സ്നേഹിച്ചാൽ അവൻ എന്റെ
വചനം കാത്തു കൊള്ളും, എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവനടുക്കെ
വന്നു അവനോടുകൂടെ വസിക്കയും ചെയ്യും.
24 എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനങ്ങളെ കാക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന
വചനമോ എന്റേതല്ല എന്നെ അയച്ച പിതാവിന്റേതത്രേ.
25 [ഇപ്പോൾ] നിങ്ങളോടുകൂടെ വസിച്ചിരിക്കെ ഞാൻ ഇവ നിങ്ങളോടു
സംസാരിച്ചിരിക്കുന്നു.
26 എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന ആശ്വാസ
പ്രദൻ നിങ്ങൾക്കു സകലവും ഉപദേശിക്കും, ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും
ഓർമ്മപ്പെടുത്തുകയും ചെയ്യും.

27 സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു [പോകുന്നു]; എന്റെ സമാധാനം ഞാൻ
നിങ്ങൾക്കു തരുന്നു; ലോകം തരുംപ്പോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു; നിങ്ങളുടെ
ഹൃദയം കലങ്ങുകയും ഭ്രമിക്കയും അരുത്.
28 ഞാൻ പോകന്നു, പിന്നെ നിങ്ങളുടെ അടുക്കൽ വരുന്നു, എന്നു നിങ്ങളോടു പറഞ്ഞതു
കേട്ടുവല്ലോ; നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ ഞാൻ പിതാവിന്റെ അരികിലേക്ക്
പോകുന്നതിനാൽ സന്തോഷിക്കുമായിരുന്നു, എന്തെന്നാൽ പിതാവു എന്നെക്കാൾ
വലിയവനാകുന്നു.
29 അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിപ്പാനായിട്ട് അതു സംഭവിക്കും മുമ്പെ
ഇപ്പോഴേ ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു.
30 ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കയില്ല; എന്തെന്നാൽ ഈ ലോകത്തിന്റെ പ്രഭു
വരുന്നു; അവനു എന്നിൽ ഏതുമില്ല.
31 എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവു എന്നോടു കല്പിച്ച
പ്രകാരം ഞാൻ ചെയ്യുന്നു എന്നും ലോകം അറിയെണ്ടതിന് അത്രേ. എഴുന്നേല്പിൻ; നാം
ഇവിടെ നിന്നു പോക.

## അദ്ധ്യായം 15

മുന്തിരിവള്ളിയുടെ ഉപമ. 9. തന്റെ സ്നേഹത്തിലും, തമ്മിലുള്ള സ്നേഹത്തിലും നിൽപ്പാനും, [4,16,18] ലോക ദ്വേഷത്തെ സഹിപ്പാനും പ്രബോധനം

**ഞാ**ൻ സത്യമായുള്ള മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു.[1]
2 എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ ചെത്തിക്കളയുന്നു; കായക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി ശുദ്ധമാക്കുന്നു.
3 ഞാൻ നിങ്ങളോടു സംസാരിച്ചിട്ടുള്ള വചനം മൂലം നിങ്ങൾ ഇപ്പോഴെ ശുദ്ധിയുള്ളവരാകുന്നു.
4 എന്നിൽ വസിപ്പിൻ; ഞാനും നിങ്ങളിൽ വസിക്കും; കൊമ്പു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ തന്നാൽ തന്നെ കായ്പാൻ കഴിയാത്ത പ്രകാരം എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴികയില്ല.
5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം തരും; എന്തെന്നാൽ എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.
6 ആരെങ്കിലും എന്നിൽ വസിക്കാഞ്ഞാൽ അവൻ ഒരു കൊമ്പുപോലെ പുറത്തു കളയപ്പെട്ടു ഉണങ്ങിപ്പോകും; ആ വക ചേർത്തു തീയിൽ ഇടുന്നു; അവ വെന്തുപോകയും ചെയ്യും.

7 നിങ്ങൾ എന്നിലും എന്റെ മൊഴികൾ നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും യാച്ചിക്കും; അതു നിങ്ങൾക്കു ഉണ്ടാകയും ചെയ്യും.
8 നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ തന്നെ എന്റെ പിതാവു മഹത്വപ്പെടുന്നു; ഇങ്ങനെ നിങ്ങൾ എന്റെ ശിഷ്യർ ആകും.
9 പിതാവു എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു; എന്റെ സ്നേഹത്തിൽ വസിപ്പിൻ.
10 എന്റെ പിതാവിന്റെ കല്പനകളെ ഞാൻ കാത്തുകൊണ്ട് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകളെ കാത്തുകൊണ്ടാൽ എന്റെ സ്നേഹത്തിൽ വസിക്കും.
11 എന്റെ സന്തോഷം നിങ്ങളിൽ വസിപ്പാനും നിങ്ങളുടെ സന്തോഷം നിറവാനും ഞാൻ ഇവ നിങ്ങളോടു സംസാരിച്ചിരിക്കുന്നു.
12 നിങ്ങളെ ഞാൻ സ്നേഹിച്ചപ്രകാരം നിങ്ങൾ തമ്മിലും സ്നേഹിക്കേണം, എന്നത് എന്റെ കല്പന ആകുന്നു.
13 തന്റെ സ്നേഹിതന്മാർക്കുവേണ്ടി തന്റെ പ്രാണനെ വെക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല.
14 ഞാൻ നിങ്ങളോടു കല്പിക്കുന്നവറ്റെ ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ ആകുന്നു.

1.സങ്കി.80:8
15 ദാസൻ തന്റെ കർത്താവ് ചെയ്യുന്നതു അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസർ എന്നു ഇനി വിളിക്കുന്നില്ല; ഞാൻ എന്റെ പിതാവിൽ നിന്നു കേട്ടതു എല്ലാം നിങ്ങളോടു

അറിയിച്ചതു കൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു.

16 നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കയും, നിങ്ങൾ
എന്റെ നാമത്തിൽ പിതാവിനോടു എന്തു യാചിച്ചാലും അവൻ നിങ്ങൾക്കു തരുവാനായിട്ടു
നിങ്ങൾ പോയി ഫലം തരേണ്ടതിന്നും നിങ്ങളുടെ ഫലം ഇരിക്കേണ്ടതിന്നും ഞാൻ നിങ്ങളെ
ആക്കിവെക്കയും ചെയ്തിരിക്കുന്നു.
17 നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതിന്നു ഞാൻ ഇവ നിങ്ങളോടു കല്പിക്കുന്നു.
18 ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ
പകെച്ചിരിക്കുന്നു എന്നു അറിവിൻ.
19 നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ
പ്രീയപ്പെടുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ
ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു.
20 ദാസൻ തന്റെ കർത്താവിനെക്കാൾ വലിയവനല്ല, എന്നു ഞാൻ നിങ്ങളോടു പറഞ്ഞ
വചനം ഓർക്കുവിൻ.[1] ; അവർ എന്നെ പീഡിപ്പിച്ചു എങ്കിൽ നിങ്ങളെയും പീഡിപ്പിക്കും;
എന്റെ വചനം കാത്തു എങ്കിൽ നിങ്ങളുടേതും കാക്കും.
21 എങ്കിലും എന്നെ അയച്ചവനെ അവർ അറിയായ്കകൊണ്ടു എന്റെ നാമം നിമിത്തം
ഇവ ഒക്കെയും അവർ നിങ്ങളോടു ചെയ്യും.
22 ഞാൻ വന്നു അവരോടു സംസാരിച്ചില്ല എങ്കിൽ അവർക്കു പാപം ഇല്ലായിരുന്നു;
ഇപ്പോഴോ തങ്ങളുടെ പാപത്തിന്നു ഒരു ഒഴികഴിവില്ല.
23 എന്നെ പകെക്കുന്നവൻ എന്റെ പിതാവിനെയും പകെക്കുന്നു.
24 മറ്റാരും ചെയ്തിട്ടില്ലാത്ത ക്രിയകളെ ഞാൻ അവരുടെ ഇടയിൽ ചെയ്യാതിരുന്നു എങ്കിൽ
അവർക്കു പാപം ഇല്ലായിരുന്നു; ഇപ്പോഴോ അവർ കണ്ടിട്ടും എന്നെയും എന്റെ
പിതാവിനെയും പകെച്ചിരിക്കുന്നു.
25 “അവർ വെറുതെ എന്നെ പകെച്ചു” എന്നു അവരുടെ വേദത്തിൽ എഴുതിയിരിക്കുന്ന
വചനം നിവൃത്തിയാകേണ്ടതിന്നു തന്നേ.
26 എങ്കിലും ഞാൻ പിതാവിൻ പക്കൽനിന്നു നിങ്ങൾക്കു അയപ്പാനുള്ള ആശ്വാസ
പ്രദനായി പിതാവിൽ നിന്നു പുറപ്പെടുന്ന സത്യാത്മാവായവൻ വരുമ്പോൾ അവൻ
എനിക്ക് സാക്ഷ്യം ചൊല്ലും.
27 നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ടു സാക്ഷ്യം ചൊല്ലും.

## അദ്ധ്യായം 16

5.താൻ പോയ ശേഷം ആത്മവിനാലുള്ള വരവും വ്യാപാരങ്ങളും, 16.തന്റെ മരണാദികളും അറിയിക്കയാൽ, 29.ദുഃഖിതരായി തീർന്ന ശിഷ്യന്മാരെ ഉറപ്പിച്ചത്.

നിങ്ങൾ ഇടർച്ച വരാതിരിപ്പാൻ ഇവ ഞാൻ നിങ്ങളോടു ചൊല്ലിയിരിക്കുന്നു.

1.യോഹ. 13:16

2 അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും; അത്രയുമല്ല നിങ്ങളെ കൊല്ലുന്നവൻ എല്ലാം
ദൈവത്തിന്നു ഉപാസന കഴിക്കുന്നു, എന്നു വിചാരിക്കുന്ന നാഴിക വരുന്നു.
3 അവർ പിതാവിനെയും എന്നെയും അറിയാത്തതിനാൽ ഈ വക നിങ്ങളോട് ചെയ്യും.
4 എന്നാൽ ആ നാഴിക വരുമ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു നിങ്ങൾ
ഓർക്കേണ്ടതിന്നു ഇവ ഇപ്പോൾ നിങ്ങളോടു ചൊല്ലിയിരിക്കുന്നു; ആദിയിൽ ഇവ
നിങ്ങളോടു പറയാഞ്ഞതു ഞാൻ നിങ്ങളോടുകൂടെ ഇരിക്കകൊണ്ടത്രേ.
5 ഇപ്പോഴോ എന്നെ അയച്ചവന്റെ അടുക്കലേക്കു ഞാൻ പോകുന്നു; എവിടെ പോകുന്നു,
എന്നു നിങ്ങൾ ആരും എന്നോടു ചോദിക്കുന്നതുമില്ല.
6 ഇവ നിങ്ങളോടു ചൊല്ലുകകൊണ്ടു ദുഃഖം നിങ്ങളുടെ ഹൃദയത്തെ നിറച്ചിരിക്കുന്നു.
7 എന്നാലും ഞാൻ നിങ്ങളോടു സത്യം ചൊല്ലുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു
പ്രയോജനം ആകുന്നു; എന്തെന്നാൽ ഞാൻ പോകാഞ്ഞാൽ ആശ്വാസപ്രദൻ നിങ്ങളുടെ
അടുക്കെ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങൾക്ക് അയക്കും.
8 ആയവൻ വന്നു പാപത്തെയും നീതിയെയും ന്യായവിധിയെയും കുറിച്ച് ലോകത്തെ
ആക്ഷേപിക്കും.
9 അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു പാപത്തെക്കുറിച്ചും,
10 ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോയി നിങ്ങൾ ഇനി എന്നെ കാണാതിരിക്കും
എന്നത് കൊണ്ട് നീതിയെക്കുറിച്ചും,
11 ഇഹ ലോകത്തിൻ പ്രഭുവിനെ വിധിച്ചിരിക്കകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ.
12 ഇനി വളരെ നിങ്ങളോടു പറവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ
കഴികയില്ല.
13 എങ്കിലും സത്യാത്മാവായവൻ വന്ന ശേഷം അവൻ നിങ്ങളെ സകല സത്യത്തിലും
വഴിനടത്തും; എന്തെന്നാൽ അവൻ സ്വയമായി പറയാതെ താൻ കേൾക്കുന്നവ ചൊല്ലുകയും
വരുവാനുള്ളവ നിങ്ങൾക്കു അറിയിക്കയും ചെയ്യും.
14 ആയവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിപ്പതുകൊണ്ടു എന്നെ
മഹത്വപ്പെടുത്തും.
15 പിതാവിന്നുള്ളവ ഒക്കെയും എനിക്കുള്ളവ ആകുന്നു; അതുകൊണ്ടത്രേ അവൻ
എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിക്കും എന്നു പറഞ്ഞതു.

16 ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നത് കൊണ്ട് കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ
എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ കാണും.
17 എന്നാറെ അവന്റെ ശിഷ്യന്മാരിൽ ചിലർ തമ്മിൽ പറഞ്ഞു: കുറഞ്ഞോന്നു കഴിഞ്ഞിട്ടു
നിങ്ങൾ എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു എന്നെ കാണും എന്നും
ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നത് കൊണ്ട് എന്നും അവൻ നമ്മോടു
ചൊല്ലുന്ന ഇതു എന്തു?
18 ആകയാൽ അവർ പറഞ്ഞു: കുറഞ്ഞോന്നു, എന്നവൻ പറയുന്ന ഇതു എന്താകുന്നു?
അവൻ എന്തു ചൊല്ലുന്നു എന്നു നാം അറിയുന്നില്ല.
19 തന്നോടു ചോദിപ്പാൻ മനസുള്ള പ്രകാരം യേശു അറിഞ്ഞു അവരോടു പറഞ്ഞു:
കുറഞ്ഞോന്നു കഴിഞ്ഞിട്ടു എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു
എന്നെ കാണും, എന്നു ഞാൻ ചൊല്ലുകയാൽ നിങ്ങൾ തമ്മിൽ തമ്മിൽ
വിചാരിക്കുന്നുവോ?

20 ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു വിലപിക്കും; ലോകമോ
സന്തോഷിക്കും; നിങ്ങൾ ദുഃഖിക്കും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും.
21 സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതു കൊണ്ടു അവൾക്കു ദുഃഖം ഉണ്ടു;
എന്നാൽ കുഞ്ഞിനെപ്പെറ്റ ശേഷം ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നു, എന്നുള്ള
സന്തോഷം നിമിത്തം അവൾ ആ കഷ്ടത്തെ പിന്നെ ഓർക്കുന്നില്ല.
22 അങ്ങനെ നിങ്ങൾക്കും ഇപ്പോൾ ദുഃഖം ഉണ്ടു എങ്കിലും ഞാൻ പിന്നെയും നിങ്ങളെ
കാണും; അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും; ആ സന്തോഷം ആരും നിങ്ങളിൽ
നിന്നു എടുത്തുകളകയില്ല.
23 അന്നു നിങ്ങൾ എന്നോടു ഒന്നും ചോദിക്കയുമില്ല. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു
പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു എന്തെല്ലാം യാചിച്ചാലും അവൻ
നിങ്ങൾക്കു തരും.
24 ഇന്നേവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും യാചിച്ചിട്ടില്ല; യാചിപ്പിൻ; എന്നാൽ
നിങ്ങളുടെ സന്തോഷം നിറവാകുംവണ്ണം നിങ്ങൾക്കു ലഭിക്കും.

25 ഇവ നിങ്ങളോടു സദൃശങ്ങളായി ചൊല്ലിയിരിക്കുന്നു എങ്കിലും ഞാൻ ഇനി നിങ്ങളോട്
സദൃശങ്ങളായിട്ട് ചൊല്ലാതെ പിതാവിനെ സംബന്ധിച്ചു നിങ്ങൾക്ക് സ്പഷ്ടമായി
അറിയിക്കും നാഴിക വരുന്നു.
26 അന്നു നിങ്ങൾ എന്റെ നാമത്തിൽ യാചിക്കും; ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു
ചോദിക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നതുമില്ല.
27 എന്തെന്നാൽ നിങ്ങൾ എന്നെ പ്രീയപ്പെട്ട്, ഞാൻ ദൈവത്തിൻ പക്കൽനിന്നു പുറപ്പെട്ടു
വന്നു എന്നു വിശ്വസിച്ചിരിക്കകൊണ്ടു പിതാവു താനും നിങ്ങളെ പ്രീയപ്പെടുന്നു.
28 ഞാൻ പിതാവിൻ പക്കൽ നിന്നു പുറപ്പെട്ടു ലോകത്തിൽ വന്നിരിക്കുന്നു; പിന്നെയും
ലോകത്തെ വിട്ടു പിതാവിന്റെ അടുക്കലേക്കു പോകുന്നു.
29 എന്നാറെ അവന്റെ ശിഷ്യന്മാർ: ഇതാ, ഇപ്പോൾ നീ സദൃശം ഒന്നും ചൊല്ലാതെ
സ്പഷ്ടമായി പറയുന്നു.
30 നീ സകലവും അറിയുന്നു എന്നും ആരും നിന്നോടു ചോദിപ്പാൻ നിനക്കു ആവശ്യം
ഇല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു; ഇതിനാൽ നീ ദൈവത്തിൽ നിന്നു പുറപ്പെട്ടു
വന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു, എന്നു അവനോടു പറയുന്നു.
31 യേശു അവരോടു ഉത്തരം ചൊല്ലിയത്: ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നു.
32 കണ്ടാലും നിങ്ങൾ ഓരോരുത്തൻ അവനവന്റെ സ്വന്തത്തിലേക്കു ചിതറി പോയി എന്നെ
ഏകനായി വിടുന്ന നാഴിക വരുന്നു; വന്നുമിരിക്കുന്നു; പിതാവു എന്നോടുകൂടെ
ഇരിക്കകൊണ്ടു ഞാൻ ഏകനല്ല താനും.
33 നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇവ നിങ്ങളോടു
ചൊല്ലിയിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും; എങ്കിലും
ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

## അദ്ധ്യായം 17

യേശു തനിക്കും, 9. ശിഷ്യന്മാർക്കും, 20. വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിച്ചത്.

ഇവ യേശു ചൊല്ലിയിട്ടു തന്റെ കണ്ണുകളെ വാനത്തിലേക്കു ഉയർത്തി പറഞ്ഞു:
പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന്നു നീ നിന്റെ
പുത്രനെ മഹത്വപ്പെടുത്തേണമേ.
2 നീ അവനു കൊടുത്തിട്ടുള്ളവർക്കെല്ലാവർക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിന്നു
നീ സകല ജഡത്തിന്മേലും അവനു അധികാരം നൽകിയ പ്രകാരം തന്നെ.
3 നിത്യജീവൻ എന്നത് സത്യമായുള്ള ഏക ദൈവമാകുന്ന നിന്നെയും നീ അയച്ച
യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ ആകുന്നു.
4 ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി, എനിക്കു ചെയ്‌വ്വാൻ തന്നിട്ടുള്ള വേലയെ
തികെച്ചു.
5 ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകും മുമ്പെ എനിക്കു നിന്നോട് കൂടെ ഉണ്ടായിരുന്ന
മഹത്വം കൊണ്ട് എന്നെ നിന്നോട് കൂടെ മഹത്വപ്പെടുത്തേണമേ.
6 നീ ലോകത്തിൽനിന്നു എനിക്കു തന്നിട്ടുള്ള മനുഷ്യർക്കു ഞാൻ നിന്റെ നാമം
പ്രത്യക്ഷമാക്കി; അവർ നിനക്കുള്ളവർ ആയിരുന്നു; നീ അവരെ എനിക്കു തന്നു; നിന്റെ
വചനത്തെ അവർ കാത്തും ഇരിക്കുന്നു.
7 നീ എനിക്കു തന്നതു എല്ലാം നിന്റെ പക്കൽ നിന്നു ആകുന്നു എന്നു അവർ ഇപ്പോൾ
ബോധിച്ചിരിക്കുന്നു.
8 എന്തെന്നാൽ നീ എനിക്കു തന്ന വചനം ഞാൻ അവർക്കു കൊടുത്തു; അവർ അവറ്റെ
കൈക്കൊണ്ടു ഞാൻ നിന്റെ പക്കൽ നിന്നു പുറപ്പെട്ടു എന്നു സത്യമായി അറിഞ്ഞും നീ
എന്നെ അയച്ചു എന്നു വിശ്വസിച്ചുമിരിക്കുന്നു.
9 അവർക്കു വേണ്ടി ഞാൻ അപേക്ഷിക്കുന്നു; ലോകത്തിന്നു വേണ്ടി അല്ല; നീ എനിക്കു
തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ടു അവർക്കു വേണ്ടിയത്രേ ഞാൻ
അപേക്ഷിക്കുന്നതു.
10 എന്റേതു എല്ലാം നിന്റേതും നിന്റേതു എന്റേതും ആകുന്നു; ഞാൻ അവറ്റിൽ
മഹത്വപ്പെട്ടുമിരിക്കുന്നു.
11 ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ
അടുക്കൽ വരുന്നു; പരിശുദ്ധപിതാവേ, നീ എനിക്കു തന്നിരിക്കുന്നവർ നമ്മെപ്പോലെ
ഒന്നാകേണ്ടതിന്നു അവരെ നിന്റെ നാമത്തിൽ കാത്തുകൊള്ളേണമേ.
12 ഞാൻ ലോകത്തിൽ അവരോടുകൂടെ ഇരുന്നപ്പോൾ അവരെ നിന്റെ നാമത്താൽ
കാത്തുകൊണ്ടിരുന്നു; നീ എനിക്കു തന്നവരെ ഞാൻ സൂക്ഷിച്ചു; തിരുവെഴുത്തിന്നു
നിവൃത്തി വരേണ്ടതിന്നു ആ നാശപുത്രൻ ഒഴികെ അവരിൽ ഒരുത്തനും
നശിച്ചുപോയതുമില്ല.
13 ഇപ്പോഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു; എന്റെ സന്തോഷം അവർക്കു ഉള്ളിൽ
നിറവായി കിട്ടേണ്ടതിന് ഇവ ലോകത്തിൽവെച്ചു പറകയും ചെയ്യുന്നു.
14 നിന്റെ വചനത്തെ ഞാൻ അവർക്കു കൊടുത്തിരിക്കുന്നു; ഞാൻ ലോകത്തിൽ നിന്നു
അല്ലാത്തതുപോലെ അവരും ലോകക്കാർ അല്ലായ്കകൊണ്ടു ലോകം അവരെ പകെച്ചു.
15 അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദോഷത്തിൽ നിന്നു അവരെ
കാത്തുകൊള്ളേണം എന്നത്രേ അപേക്ഷിക്കുന്നു.
16 ഞാൻ ലോകത്തിൽ നിന്നു അല്ലാത്തതുപോലെ അവരും ലോകത്തിൽ നിന്നുള്ളവർ അല്ല.
17 നിന്റെ സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം തന്നെ സത്യം.
18 നീ എന്നെ ലോകത്തിലേക്കു അയച്ച പ്രകാരം ഞാൻ അവരെയും ലോകത്തിലേക്കു
അയച്ചു.

19 അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്നു അവർക്കു വേണ്ടി
എന്നെത്തന്നേ ഞാൻ വിശുദ്ധീകരിക്കുന്നു.

20 എന്നാൽ ഞാൻ ഇവർക്കു വേണ്ടിമാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ
വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും അപേക്ഷിക്കുന്നു.
21 അവർ എല്ലാവരും ഒന്നാകേണ്ടതിന്നും നീ എന്നെ അയച്ചു, എന്ന് ലോകം
വിശ്വസിപ്പാനായിട്ട് പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും
നമ്മിൽ ഒന്നാകേണ്ടതിന്നും തന്നേ.
22 പിന്നെ നീ എനിക്കു തന്നിട്ടുള്ള മഹത്വത്തെ, നാം ഒന്നായിരിക്കുന്ന പ്രകാരം അവരും
ഒന്നാകുവാനായി, ഞാൻ അവർക്കു കൊടുത്തിരിക്കുന്നു;
23 ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നിലേക്ക് തികെഞ്ഞവരായിരിപ്പാനും നീ
എന്നെ അയച്ചു എന്നും നീ എന്നെ സ്നേഹിച്ച പ്രകാരം അവരെയും സ്നേഹിച്ചു എന്നും
ലോകം അറിവാനും തന്നെ.
24 പിതാവേ, നീ ലോകസ്ഥാപനത്തിന്നു മുമ്പെ എന്നെ സ്നേഹിക്കകൊണ്ടു എനിക്കു
നല്കിയ എന്റെ മഹത്വത്തെ നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന
ഇടത്തു ആയവരും എന്നോടു കൂടെ ഇരിക്കേണം, എന്നു ഞാൻ ഇച്ഛിക്കുന്നു.
25 നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു;
നീ എന്നെ അയച്ചു എന്നും ഇവരും അറിഞ്ഞിരിക്കുന്നു.
26 നീ എന്നെ സ്നേഹിച്ച സ്നേഹം അവരിൽ ആവാനും ഞാൻ അവരിൽ [ആവാനും]
നിന്റെ നാമത്തെ ഞാൻ അവർക്കു അറിയിച്ചു; ഇനി അറിയിക്കയും ചെയ്യും.

## അദ്ധ്യായം 18

യൂദാവിൻ ദ്രോഹവും പത്രോസിന്റെ വെട്ടും. 12. അന്നാസും കയ്യാഫാവും വിസ്തരിക്കും നേരം പത്രോസിന്റെ വീഴ്ച [മത്താ.26, മർ.14, ലൂക്കോ.22], 28. പീലാത്തോസിനോടുള്ള സംഭാഷണം [ലൂക്കോ.23:4].

**യേ**ശു ഇവ പറഞ്ഞശേഷം തന്റെ ശിഷ്യന്മാരോട് കൂടെ കെദ്രോൻ തോട്ടിനു അക്കരെക്കു
പുറപ്പെട്ടു. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു; അതിൽ അവനും അവന്റെ ശിഷ്യന്മാരും
പ്രവേശിച്ചു.
2 അവിടെ യേശു പലപ്പോഴും തന്റെ ശിഷ്യരോടുകൂടെ പോയിരുന്നതിനാൽ ആ സ്ഥലം
അവനെ കാണിച്ചുകൊടുത്ത യൂദാവും അറിഞ്ഞിരുന്നു.
3 എന്നാറെ യൂദാ പട്ടാളത്തെയും മഹാപുരോഹിതർക്കും പരീശർക്കും ഉള്ള സേവകരെ
കൂട്ടികൊണ്ടു ദീപട്ടിപന്തങ്ങളോടും ആയുധങ്ങളോടും കൂടെ അവിടെ വരുന്നു.
4 തന്റെമേൽ വരുവാനുള്ളവ എല്ലാം യേശു അറിഞ്ഞിട്ട് പുറത്തുവന്നു: നിങ്ങൾ ആരെ
തിരയുന്നു? എന്നു അവരോടു പറഞ്ഞു.
5 നസറായക്കാരനായ യേശുവിനെ എന്നു അവർ ഉത്തരം ചൊല്ലിയാറെ: അതു ഞാൻ
ആകുന്നു, എന്നു യേശു പറയുന്നു; അവനെ കാണിച്ചുകൊടുത്ത യൂദാവും അവരോടുകൂടെ
നിന്നിരുന്നു.

6 ഞാൻ ആകുന്നു,എന്നു അവരോടു പറഞ്ഞ ഉടനെ അവർ പിൻവാങ്ങി നിലത്തുവീണു.
7 നിങ്ങൾ ആരെ തിരയുന്നു? എന്നു അവൻ പിന്നെയും അവരോടു ചോദിച്ചു; അതിനു
അവർ: നസറായക്കാരനായ യേശുവിനെ, എന്നു പറഞ്ഞു.
8 അപ്പോൾ യേശു ഉത്തരം ചൊല്ലിയത്: ഞാൻ ആകുന്നു എന്നു നിങ്ങളോടു
പറഞ്ഞുവല്ലോ; ആകയാൽ എന്നെ തിരയുന്നുവെങ്കിൽ ഇവരേ പോകുവാൻ വിടുവിൻ.
9 എന്നതിനാൽ നീ എനിക്കു തന്നവരിൽ ഒരുത്തനെയും ഞാൻ നഷ്ടമാക്കിയിട്ടില്ല, എന്നു
അവൻ ചൊല്ലിയ വചനം നിവൃത്തിയായി.[1]
10 പിന്നെ ശിമോൻ പത്രൊസ് തനിക്കുള്ള വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ
വെട്ടി അവന്റെ വലത്തുകാതു അറുത്തു കളഞ്ഞു; ആ ദാസന്റെ പേർ മൽക്കൊസ് എന്നു
ആയിരുന്നു.
11 എന്നാറെ യേശു പത്രൊസിനോടു: നിന്റെ വാൾ ഉറയിൽ ഇടുക; പിതാവു എനിക്കു
തന്ന പാനപാത്രത്തെ ഞാൻ കുടിക്കേണ്ടയോ? എന്നു പറഞ്ഞു.

12 പട്ടാളവും സഹസ്രാധിപനും യെഹൂദരുടെ സേവകരും യേശുവെ പിടിച്ചുകെട്ടി,
13 മുമ്പെ അന്നാസിന്റെ അടുക്കൽ കൊണ്ടുപോയി; എന്തെന്നാൽ അവൻ ആ വർഷത്തെ
മഹാപുരോഹിതനായ കയ്യഫാവിന്റെ അമ്മായപ്പൻ ആയിരുന്നു.
14 കയ്യഫാ എന്നവനോ, ജനത്തിനുവേണ്ടി ഒരു മനുഷ്യൻ നശിച്ചുപോകുന്നതു ഉപകാരം
എന്നു യെഹൂദരോടു ആലോചിച്ചു പറഞ്ഞവൻ തന്നേ.[2]
15 ശിമോൻ പത്രൊസും മറ്റെ ശിഷ്യനും യേശുവിന്റെ പിന്നാലെ ചെന്നു; ആ ശിഷ്യൻ
മഹാപുരോഹിതനു പരിചയമുള്ളവൻ ആകയാൽ യേശുവിനോടുകൂടെ
മഹാപുരോഹിതന്റെ നടുമുറ്റത്തു കടന്നു.
16 പത്രൊസ് വാതിൽക്കൽ പുറത്തു നില്ക്കുമ്പോൾ, മഹാപുരോഹിതനു പരിചയമുള്ള
മറ്റെ ശിഷ്യൻ പുറത്തുവന്നു വാതിൽകാവൽക്കാരത്തിയോടു പറഞ്ഞു പത്രൊസിനെ
അകത്തു കയറ്റി.
17 എന്നാറെ വാതിൽ കാക്കുന്ന ബാല്യക്കാരത്തി പത്രൊസിനോടു: നീയും ഈ മനുഷ്യന്റെ
ശിഷ്യന്മാരിൽ ഒരുവനല്ലയോ? എന്നു പറയുന്നു; അല്ല, എന്നു അവൻ പറയുന്നു.
18 അന്നു കുളിർ ആകകൊണ്ടു ദാസരും സേവകരും കനൽ കൂട്ടി തീ കാഞ്ഞുകൊണ്ട്
ഇരുന്നു; പത്രൊസും അവരോടുകൂടെ തീ കാഞ്ഞുകൊണ്ടുനിന്നു.
19 എന്നാറെ മഹാപുരോഹിതൻ യേശുവിനോടു അവന്റെ ശിഷ്യന്മാരെയും
ഉപദേശത്തെയും കുറിച്ചു ചോദിച്ചു.
20 അപ്പോൾ യേശു ഉത്തരം ചൊല്ലിയത്: ഞാൻ ലോകത്തോടു പരസ്യത്തിൽ
പറഞ്ഞിരിക്കുന്നു; പള്ളിയിലും എല്ലാ യെഹൂദന്മാരും കൂടുന്ന ദൈവാലയത്തിലും ഞാൻ
എപ്പോഴും ഉപദേശിച്ചു; രഹസ്യത്തിൽ ഒന്നും സംസാരിച്ചിട്ടുമില്ല.
21 നീ എന്നോടു ചോദിക്കുന്നതു എന്തുകൊണ്ട്? ഞാൻ എന്തു ചൊല്ലിയിരിക്കുന്നു, എന്ന്
കേട്ടവരോടു ചോദിക്ക; കണ്ടാലും ഞാൻ പറഞ്ഞതു അവർ അറിയുന്നു.
22 അവൻ ഇങ്ങനെ പറയുമ്പോൾ സേവകരിൽ അരികെ നിന്ന ഒരുത്തൻ:
മഹാപുരോഹിതനോടു ഇങ്ങനെയോ ഉത്തരം ചൊല്ലുന്നത്? എന്നു പറഞ്ഞു, യേശുവിന്റെ
കന്നത്തു ഒന്നടിച്ചു.

23 യേശു അവനോടു: ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ ദോഷത്തിനു തെളിവു
കൊടുക്ക; നല്ലവണ്ണം എങ്കിൽ നീ എന്നെ തല്ലുന്നതു എന്തു? എന്നു ഉത്തരം പറഞ്ഞു.

1.യോഹ. 17:12, 2.യോഹ. 11:50

24 അന്നാസ് അവനെ കെട്ടപ്പെട്ടവനായി മഹാപുരോഹിതനായ കയ്യഫാവിന്റെ അടുക്കൽ
അയച്ചു.
25 ശിമോൻ പത്രൊസ് തീ കാഞ്ഞുനില്ക്കുമ്പോൾ: നീയും അവന്റെ ശിഷ്യന്മാരിൽ
ഒരുത്തനല്ലയോ? എന്നു ചിലർ അവനോടു പറഞ്ഞു; അല്ല എന്നു അവൻ മറുത്തുപറഞ്ഞു.
26 മഹാപുരോഹിതന്റെ ദാസരിൽ വെച്ച് പത്രൊസ് കാതറുത്തവന്റെ ചാർച്ചക്കാരനായ
ഒരുത്തൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ ഞാൻ കണ്ടില്ലയോ? എന്നു പറയുന്നു.
27 പത്രൊസ് പിന്നെയും മറുത്തുപറഞ്ഞു; ഉടനെ പൂവൻ കോഴി കൂകി!

28 പിന്നെ പുലർച്ചെക്കു അവർ യേശുവിനെ കയ്യഫാവിന്റെ അടുക്കൽ നിന്നു
ആസ്ഥാനത്തിലേക്കു കൊണ്ടുപോയി; തങ്ങൾ മലിനപ്പെടാതെ പെസഹ ഭക്ഷിപ്പാന്തക്കവണ്ണം
ആസ്ഥാനത്തിൽ പ്രവേശിക്കാതെ നിന്നു.
29 അതുകൊണ്ട് പീലാത്തൊസ് അവരുടെ അടുക്കെ പുറത്തുവന്നു: ഈ മനുഷ്യന്റെ നേരെ
എന്തു കുറ്റം ബോധിപ്പിക്കുന്നു? എന്നു ചോദിച്ചു.
30 ഇവൻ പാതകൻ അല്ലാഞ്ഞു എങ്കിൽ, അവനെ നിന്റെ പക്കൽ ഏല്പിക്കയില്ലായിരുന്നു,
എന്നു അവർ അവനോടു ഉത്തരം പറഞ്ഞു.
31 പീലാത്തൊസ് അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി നിങ്ങളുടെ
ന്യായപ്രമാണപ്രകാരം വിധിപ്പിൻ എന്നു പറഞ്ഞാറെ, യെഹൂദർ അവനോടു: ആരെയും
കൊല്ലുന്നത് ഞങ്ങൾക്ക് വിഹിതമല്ലല്ലോ എന്ന് പറഞ്ഞു.
32 എങ്ങനെ താൻ ഇന്ന മരണം മരിക്കും എന്ന് യേശു[1] സൂചിപ്പിച്ചവചനം
നിവൃത്തിയാകുവാൻ സംഗതി വന്നു.
33 ആകയാൽ പീലാത്തൊസ് പിന്നെയും ആസ്ഥാനത്തിൽ പ്രവേശിച്ചു യേശുവിനെ
വിളിച്ചു: നീ യെഹൂദരുടെ രാജാവോ? എന്നു ചോദിച്ചു.
34 എന്നാറെ യേശു ഉത്തരം ചൊല്ലിയത്: ഇതു നീ സ്വയമായി പറയുന്നതോ? മറ്റുള്ളവർ
എന്നെകൊണ്ട് നിന്നോടു ബോധിപ്പിച്ചിട്ടോ?
35 പീലാത്തൊസ് ഉത്തരമായി: ഞാൻ യെഹൂദനോ? നിന്റെ ജനവും മഹാപുരോഹിതരും
നിന്നെ എന്റെ പക്കൽ ഏല്പിച്ചു; നീ എന്തു ചെയ്തു? എന്നു പറഞ്ഞു.
36 അപ്പോൾ യേശു ഉത്തരം ചൊല്ലിയത്: എന്റെ രാജ്യം ഈ ലോകത്തിൽ നിന്നുള്ളതല്ല;
എന്റെ രാജ്യം ഈ ലോകത്തിൽ നിന്നു ആയിരുന്നു എങ്കിൽ ഞാൻ യെഹൂദരുടെ കയ്യിൽ
ഏല്പിക്കപ്പെടാതെവണ്ണം എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ ഇപ്പോൾ എന്റെ
രാജ്യം ഇവിടെ നിന്നല്ല സ്പഷ്ടം.
37 ആകയാൽ പീലാത്തൊസ് അവനോടു: എന്നാൽ നീ ഒരു രാജാവോ? എന്നു പറഞ്ഞാറെ
യേശു ഉത്തരം ചൊല്ലിയത്: ഞാൻ രജാവു ആകുന്നു എന്നു നീ പറയുന്നുവല്ലോ;
സത്യത്തിന്നു സാക്ഷിനിൽക്കേണ്ടതിനു ഞാൻ ജനിച്ചിരിക്കുന്നു, ഇതിനായി ലോകത്തിൽ
വന്നുമിരിക്കുന്നു; സത്യത്തിൽ നിന്നുള്ളവൻ എല്ലാം എന്റെ ശബ്ദം കേൾക്കുന്നു.
38 പീലാത്തൊസ് അവനോടു: സത്യം എന്താകുന്നു? എന്നു പറഞ്ഞും വെച്ചു പിന്നെയും
യെഹൂദരുടെ അടുക്കെ പുറത്തു ചെന്നു അവരോടു പറഞ്ഞു: അവനിൽ ഒരു കുറ്റവും
കാണുന്നില്ല.
39 എന്നാൽ പെസഹയിൽ ഞാൻ നിങ്ങൾക്കു ഒരുത്തനെ വിട്ടുതരിക മര്യാദ ഉണ്ടല്ലോ;
അതുകൊണ്ട് യെഹൂദ രാജാവിനെ ഞാൻ നിങ്ങൾക്ക് വിട്ടു തരേണം, എന്നു
ഇച്ഛിക്കുന്നുവോ?

1.യോഹ. 3:14; 12:23

40 എന്നാറെ അവർ എല്ലാവരും പിന്നെയും നിലവിളിച്ചു: ഇവനെ അല്ല, ബറബ്ബാസിനെ തന്നെ, എന്നു പറഞ്ഞു; എന്നാൽ ബറബ്ബാസ് ഒരു കവർച്ചക്കാരൻ ആയിരുന്നു.

## അദ്ധ്യായം 19

`

യേശുവിനെ അടിച്ചു കുലയ്ക്കു വിധിച്ചതും, 16.ക്രൂശിച്ചതും, 31.വിലാപുറത്ത് കുത്തും, ശവസംസ്കാരവും [മത്താ.27, മർ.15, ലൂക്കോ.23].

**അ**പ്പോൾ പീലാത്തൊസ് യേശുവിനെ പിടിച്ചു വാറുകൊണ്ടു അടിപ്പിച്ചു.
2 പടയാളികൾ മുള്ളുകൾ കൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു ധൂമ്രവസ്ത്രവും ധരിപ്പിച്ചു.
3 യെഹൂദരുടെ രാജാവേ, വാഴുക, എന്നു പറഞ്ഞു അവനെ കന്നത്തടിച്ചു.
4 പീലാത്തൊസ് പിന്നെയും പുറത്തു വന്നു: ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു നിങ്ങൾ അറിയേണ്ടതിന്നു അവനെ നിങ്ങളുടെ അടുക്കൽ ഇതാ, പുറത്തു കൊണ്ടുവരുന്നു, എന്നു അവരോടു പറഞ്ഞു.

5 എന്നാറെ യേശു മുൾക്കിരീടവും ധൂമ്രവസ്ത്രവും ധരിച്ചു പുറത്തു വന്നു. അപ്പോൾ: ആ മനുഷ്യൻ ഇതാ, എന്നു അവൻ അവരോടു പറയുന്നു.
6 എന്നാറെ മഹാപുരോഹിതരും സേവകരും അവനെ കണ്ടപ്പോൾ: ക്രൂശിക്ക, അവനെ ക്രൂശിക്ക, എന്നു ആർത്തുവിളിച്ചു. പീലാത്തൊസ് അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി ക്രൂശിപ്പിൻ; ഞാനോ കുറ്റം അവനിൽ കാണുന്നില്ല എന്നു പറയുന്നു.
7 യെഹൂദർ അവനോടു ഉത്തരം ചൊല്ലിയത്: ഞങ്ങൾക്കു ഒരു ന്യായപ്രമാണം ഉണ്ടു; അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊണ്ടു ഞങ്ങളുടെ ന്യായപ്രമാണപ്രകാരം അവൻ മരിക്കേണ്ടതാകുന്നു.
8 ഈ വാക്കു പീലാത്തൊസ് കേട്ടപ്പോൾ ഏറ്റവും ഭയപ്പെട്ടു,
9 പിന്നെയും ആസ്ഥാനത്തിൽ ചെന്നു; നീ എവിടെ നിന്നു ആകുന്നു? എന്നു യേശുവിനോടു പറയുന്നു.
10 യേശു അവനു ഉത്തരം കൊടുത്തില്ല. പീലാത്തൊസ് അവനോടു പറയുന്നു: നീ എന്നോടു സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും, നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ?
11 യേശു ഉത്തരം ചൊല്ലിയത്: മേലിൽനിന്നു നിനക്കു തരപ്പെട്ടില്ല എങ്കിൽ എന്റെ നേരെ നിനക്കു ഒരധികാരവും ഇല്ല; ആയതുകൊണ്ടു എന്നെ നിന്റെ പക്കൽ ഏല്പിച്ചവനു അധികം പാപം ഉണ്ടു.
12 എന്നതു നിമിത്തം പീലാത്തൊസ് അവനെ വിട്ടയപ്പാൻ അന്വേഷിച്ചു. യഹൂദന്മാരോ: നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതൻ അല്ല; തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മറുക്കുന്നുവല്ലോ എന്നു ആർത്തു പറഞ്ഞു.
13 ആകയാൽ ഈ വചനം പീലാത്തൊസ് കേട്ട് യേശുവിനെ പുറത്തു കൊണ്ടുവന്നു, എബ്രായ ഭാഷയിൽ ഗബ്ബഥാ എന്നു ചൊല്ലുന്ന കല്ത്തളമാകുന്ന സ്ഥലത്തു ന്യായാസനത്തിൽ

ഇരുന്നു.
14 അപ്പോൾ പെസഹയുടെ ഒരുക്കനാളും ഏകദേശം ആറു മണിനേരവും ആയിരുന്നു.
അവൻ യെഹൂദരോടു: ഇതാ നിങ്ങളുടെ രാജാവു, എന്നു പറയുന്നു.
15 അതിനു അവർ: നീക്കികളക, അവനെ നീക്കികളക, ക്രൂശിക്ക എന്നു ആർത്തു വിളിച്ചു.
നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കയോ എന്നു പീലാത്തൊസ് അവരോടു പറയുന്നു;
മഹാപുരോഹിതന്മാർ: ഞങ്ങൾക്കു കൈസർ ഒഴികെ രാജാവില്ല എന്നു ഉത്തരം പറഞ്ഞു.

16 അപ്പോൾ അവനെ ക്രൂശിക്കേണ്ടതിനു അവർക്കു ഏല്പിച്ചുകൊടുത്തു. ആയവർ
യേശുവിനെ കയ്യേറ്റു കൊണ്ട് പോകയും ചെയ്തു.
17 അവൻ തന്റെ ക്രൂശിനെ ചുമന്നുകൊണ്ടു എബ്രായഭാഷയിൽ ഗൊല്ഗൊഥാ എന്നു
ചൊല്ലുന്ന തലയോടിടം എന്ന സ്ഥലത്തേക്കു പുറപ്പെട്ടു പോയി.
18 അവിടെ അവനെയും അവനോടു കൂടെ വേറെ രണ്ടു ആളുകളെയും [ഒരുത്തനെ]
അപ്പുറത്തും [ഒരുത്തനെ] ഇപ്പുറത്തും യേശുവിനെ നടവിലുമായി ക്രൂശിച്ചു.
19 വിശേഷിച്ചും പീലാത്തൊസ് ഒരു സൂചകം എഴുതി ക്രൂശിന്മേൽ പതിപ്പിച്ചു; അതിൽ:
നസറായക്കാരനായ യേശു യെഹൂദരുടെ രാജാവു, എന്നിങ്ങനെ എഴുതിയിരുന്നു.
20 യേശുവിനെ ക്രൂശിച്ച സ്ഥലം നഗരത്തിന്നു സമീപം ആകയാൽ അനേകം യെഹൂദന്മാർ
ഈ സൂചകത്തെ വായിച്ചു. ആയതു എബ്രായ ഗ്രേക്ക റോമ എന്നീ ഭാഷകളിൽ
എഴുതിയിരുന്നു.
21 പിന്നെ യെഹൂദന്മാരുടെ മഹാപുരോഹിതന്മാർ പീലാത്തൊസിനോടു പറഞ്ഞു:
യെഹൂദരുടെ രാജാവു എന്നല്ല, ഞാൻ യെഹൂദരുടെ രാജാവു ആകുന്നു എന്നു അവൻ
പറഞ്ഞ പ്രകാരം അത്രേ എഴുതേണ്ടതു.
22 എന്നാറെ പീലാത്തൊസ്: ഞാൻ എഴുതിയതു എഴുതി, എന്നു ഉത്തരം പറഞ്ഞു.
23 പടയാളികൾ യേശുവിനെ ക്രൂശിച്ച ശേഷം അവന്റെ വസ്ത്രങ്ങളെ എടുത്തു ഓരോ
പടയാളിക്കു ഓരോ പങ്കായിട്ടു നാലു അംശം ആക്കി; അങ്കിയെയും എടുത്തു; എന്നാൽ
അങ്കി തുന്നൽ ഇല്ലാതെ മേലിൽ നിന്നു മുറ്റും നെയ്ത്തു പണി ആയിരുന്നു.
24 ഇതു നാം കീറരുതു; ആർക്കു വരും എന്നു ചീട്ടിടുക, എന്നു അവർ തമ്മിൽ പറഞ്ഞു:
എന്റെ വസ്ത്രങ്ങളെ അവർ തങ്ങളിൽ പകുത്തു എന്റെ ഉടുപ്പിൻ മേൽ ചീട്ടിട്ടു എന്നുള്ള
തിരുവെഴുത്തു[1] നിവൃത്തി വരെണ്ടതിന് പടയാളികൾ ഇവ ചെയ്തു.
25 യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും
ക്ലെയോപ്പായുടെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു.
26 എന്നാറെ യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അരികെ നില്ക്കുന്നതു
കണ്ടിട്ടു: സ്ത്രീയേ, കണ്ടാലും നിന്റെ മകൻ, എന്നു തന്റെ അമ്മയോടു പറഞ്ഞു.
27 അനന്തരം ശിഷ്യനോടു: കണ്ടാലും നിന്റെ അമ്മ, എന്നും പറഞ്ഞു. ആ നാഴികമുതൽ
ആ ശിഷ്യൻ അവളെ തന്നിടത്തിലേക്ക് കൈക്കൊണ്ടു.
28 അതിന്റെ ശേഷം സകലവും തികഞ്ഞു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തിനു
നിവൃത്തിയാകേണ്ടതിന് : എനിക്കു ദാഹിക്കുന്നു, എന്നു പറയുന്നു.
29 അവിടെ കാടി നിറഞ്ഞോരു പാത്രം വെച്ചിട്ടുണ്ടായിരുന്നു; അവരും ഒരു സ്പോങ്ങ്
കാടി കൊണ്ട് നിറെച്ചു ഈസോപ്പിന്മേൽ ആക്കി, അവന്റെ വായോടു അടുപ്പിച്ചു.
30 യേശു കാടി വാങ്ങിയ ശേഷം: നിവൃത്തിയായി, എന്നു ചൊല്ലി തല ചായ്ച്ചു
ആത്മാവിനെ ഏല്പിക്കയും ചെയ്തു.

31 എന്നാറെ അന്നു ഒരുക്കനാളും [ആ ശബ്ബത്ത് നാൾ വലിയതും] ആകകൊണ്ടു
ശരീരങ്ങൾ ശബ്ബത്ത് ദിവസത്തിൽ ക്രൂശിന്മേൽ ഇരിക്കരുതു എന്നുവെച്ചു അവരുടെ

1.സങ്കി. 22:18

കാലുകളെ ഒടിച്ചു, എടുപ്പിക്കപ്പെടേണം, എന്നു യെഹൂദന്മാർ പീലാത്തൊസിനോടു
അപേക്ഷിച്ചു.
32 ആകയാൽ പടയാളികൾ വന്നു ഒന്നാമത്തവന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട
മറ്റെവന്റെയും കാലുകളെ ഒടിച്ചു.

33 പിന്നെ അവർ യേശുവിൻ അടുക്കൽ വന്നു, അവൻ മരിച്ചുപോയ പ്രകാരം
കാൺകയാൽ അവന്റെ കാൽകളെ ഒടിച്ചില്ല.
34 എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി;
ഉടനെ രക്തവും വെള്ളവും പുറപ്പെടുകയും ചെയ്തു.
35 ഇതു കണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യം ഉള്ളതാകുന്നു;
നിങ്ങൾ വിശ്വസിക്കേണ്ടതിന്നു താൻ സത്യം പറയുന്നു, എന്നു ആയവൻ അറിഞ്ഞും
ഇരിക്കുന്നു.
36 "എന്നാൽ അവന്റെ ഒരു അസ്ഥിയും ഒടിക്കപ്പെടുകയില്ല" [1] എന്നുള്ള തിരുവെഴുത്തു
നിവൃത്തിയാകേണ്ടതിന്നു ഇവ സംഭവിച്ചു.
37 "പിന്നെ അവർ കുത്തിയവങ്കലേക്കു നോക്കും" [2] എന്നു മറ്റൊരു തിരുവെഴുത്തും
പറയുന്നു.
38 അനന്തരം, [യെഹൂദരെ ഉള്ള ഭയം ഹേതുവാൽ മറഞ്ഞിരുന്നവനായി യേശുവിന്റെ ഒരു
ശിഷ്യനായ അരിമഥ്യയിലെ യോസേഫ് യേശുവിന്റെ ശരീരം എടുത്തു
കൊണ്ടുപോകേണ്ടതിന് പീലാത്തൊസിനോടു ആപേക്ഷിച്ചു. പീലാത്തൊസ് അനുവദിക്കയാൽ
അവൻ വന്നു യേശുവിന്റെ ശരീരം എടുത്തു.
39 [ആദ്യം രാത്രിയിൽ യേശുവിന്റെ അടുക്കെ] വന്ന നിക്കൊദേമൊസും മൂരും അകിലും
കൊണ്ടുള്ള ഒരു കൂട്ടു നൂറു റാത്തലോളം എടുപ്പിച്ചും കൊണ്ടു വന്നു.

40 അയവർ യേശുവിന്റെ ശരീരം എടുത്തു യെഹൂദർ ശവം അടക്കുന്ന മര്യാദപ്രകാരം
അതിനെ സുഗന്ധവർഗ്ഗങ്ങളോടുകൂടെ തുണികളിൽ കെട്ടി.
41 അവനെ ക്രൂശിച്ച പ്രദേശത്തു ഒരു തോട്ടവും ആ തോട്ടത്തിൽ മുമ്പെ ആരെയും
വെച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു.
42 ആ കല്ലറ സമീപം ആകകൊണ്ടു അവർ യെഹൂദരുടെ ഒരുക്കനാൾ നിമിത്തം
യേശുവിനെ അവിടെ വച്ചു.

## അദ്ധ്യായം 20

യേശുവിൻ ശരീരം കല്ലറയിൽ ഇല്ല എന്നു കേട്ട് രണ്ടു ശിഷ്യന്മാർ അവിടെ എത്തിയത്. 11.മഗ്ദലക്കാരിത്തിക്കും, 19.പത്തു ശിഷ്യർക്കും [മത്ത. 28, മർ.16, ലൂക്കോ.24] .
24.തോമസിനും യേശു പ്രത്യക്ഷനായത്. 30.സുവിശേഷത്തിന്റെ താല്പര്യം.

**ആ**ഴ്വട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നേ
കല്ലറെ അരികെ വന്നു കല്ലറയിൽ നിന്നു കല്ലു നീക്കപ്പെട്ടതു കണ്ടു.
2 അപ്പോൾ അവൾ ഓടി ശിമോൻ പത്രൊസിന്റെയും യേശുവിന്നു പ്രിയനായ മറ്റെ
ശിഷ്യന്റെയും അടുക്കൽ എത്തി: കർത്താവിനെ കല്ലറയിൽ നിന്നു എടുത്തു കൊണ്ടുപോയി;

1..പുറ.12:46; സങ്കി.34:20, 2..സെഖ.12:10

എവിടെ വെച്ചു എന്നു ഞങ്ങൾ അറിയുന്നില്ല, എന്നു അവരോടു പറഞ്ഞു.
3 അതുകൊണ്ടു പത്രൊസും മറ്റെ ശിഷ്യനും പുറപ്പെട്ടു കല്ലറെക്കൽ വന്നു.
4 ഇരുവരും ഒന്നിച്ചു ഓടുമ്പോൾ ആ മറ്റെ ശിഷ്യൻ പത്രൊസിനെക്കാൾ വേഗത്തിൽ
പാഞ്ഞു മുമ്പെ കല്ലെറക്കൽ എത്തി.

5 കുനിഞ്ഞുനോക്കി തുണികൾ കിടക്കുന്നതു കണ്ടു; എങ്കിലും അകത്തു പോയില്ല.
6 അവന്റെ പിന്നാലെ ശിമോൻ പത്രൊസും വന്നു കല്ലറയിൽ കടന്നു തുണികൾ
കിടക്കുന്നതും,
7 അവന്റെ തലയിലെ ശീല തുണികളോടുകൂടെ കിടക്കാതെ വേറിട്ടു ഒരിടത്തു ചുരുട്ടി
വെച്ചിരിക്കുന്നതും കണ്ടു.
8 അപ്പോൾ കല്ലെറക്കൽ മുമ്പെ എത്തിയ മറ്റെ ശിഷ്യനും അകത്തു ചെന്നു കണ്ടു
വിശ്വസിക്കയും ചെയ്തു.
9 എന്തെന്നാൽ അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കേണ്ടതാകുന്നു എന്നുള്ള
തിരുവെഴുത്തിനെ അവർ അതുവരെയും അറിഞ്ഞില്ല.
10 പിന്നെ ശിഷ്യന്മാർ തങ്ങളുടെ ഇടത്തേക്ക് മടങ്ങിപ്പോയി.

11 എന്നാറെ മറിയ കല്ലെറക്കൽ പുറത്തു കരഞ്ഞുകൊണ്ടു നിന്നു. കരയുന്നിടയിൽ അവൾ
കല്ലറയിൽ കുനിഞ്ഞുനോക്കി.
12 യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ
ഒരുത്തൻ തലെക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നതു കാണുന്നു.
13 അവർ അവളോടു: സ്ത്രീയേ, നീ കരയുന്നതു എന്തു? എന്നു പറയുന്നു. അവർ എന്റെ
കർത്താവിനെ എടുത്തു കൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞാൻ
അറിയായ്കയാൽ തന്നെ, എന്നു അവൾ അവരോടു പറയുന്നു.
14 ഇവ ചൊല്ലീട്ടു പിന്നോക്കം തിരിഞ്ഞു യേശു നില്ക്കുന്നതു കാണുന്നു; എന്നാൽ യേശു
ആകുന്നു എന്നു അവൾ അറിഞ്ഞില്ല.
15 യേശു അവളോടു: സ്ത്രീയേ, നീ കരയുന്നതു എന്തു? ആരെ തിരയുന്നു? എന്നു അവളോട്
പറയുന്നു. അവൻ തോട്ടക്കാരൻ, എന്നു അവൾ നിരൂപിച്ചിട്ടു: യജമാനനേ, നീ അവനെ
എടുത്തുകൊണ്ടു പോയി എങ്കിൽ അവനെ എവിടെ വെച്ചു എന്നു എന്നോട് പറക; ഞാൻ
അവനെ എടുത്തു കൊണ്ടു പോകാം എന്നു അവനോടു പറയുന്നു.
16 യേശു അവളോടു: മറിയയേ, എന്നു പറയുന്നു. അവൾ തിരിഞ്ഞു അവനോടു [ഗുരോ
എന്നു അർത്ഥമുള്ള] റബ്ബൂനി എന്നു പറയുന്നു.
17 യേശു അവളോടു പറയുന്നു: എന്നെ തൊടരുതു; എന്തെന്നാൽ ഞാൻ ഇതുവരെ എന്റെ
പിതാവിന്റെ അടുക്കൽ കരേറിപ്പോയില്ല എങ്കിലും എന്റെ സഹോദരന്മാരുടെ അടുക്കൽ
ചെന്നു എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ
ദൈവവുമായവന്റെ അടുക്കൽ ഞാൻ കരേറിപ്പോകുന്നു, എന്നു പറക.
18 മഗ്ദലക്കാരത്തി മറിയ വന്നു കർത്താവിനെ കണ്ടതും അവൻ ഇവ തന്നോടു പറഞ്ഞ
പ്രകാരവും ശിഷ്യന്മാരോടു അറിയിക്കയും ചെയ്തു.
19 ആഴ്ചവട്ടത്തിന്റെ ആ ഒന്നാം നാൾ വൈകുന്നേരത്തു ശിഷ്യന്മാർ കൂടി വന്ന
സ്ഥലത്തിൽ യെഹൂദരെയുള്ള ഭയം ഹേതുവായി വാതിലുകൾ പൂട്ടിയിരിക്കേ യേശു വന്നു
നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം! എന്നു അവരോടു പറയുന്നു.
20 ഇതു ചൊല്ലീട്ടു തന്റെ കൈകളെയും വിലാപ്പുറവും അവർക്ക് കാണിച്ചു; കർത്താവിനെ
കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിക്കയും ചെയ്തു.
21 യേശു പിന്നെയും അവരോടു പറയുന്നു: നിങ്ങൾക്കു സമാധാനം! പിതാവു എന്നെ
അയച്ച പ്രകാരം ഞാനും നിങ്ങളെ അയക്കുന്നു.

22 ഇങ്ങനെ ചൊല്ലിയ ശേഷം അവൻ അവരുടെമേൽ ഊതി പറയുന്നു:
പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ.
23 ആരുടെ പാപങ്ങൾ എങ്കിലും നിങ്ങൾ മോചിച്ചാൽ അവർക്കു മോചിക്കപ്പെടുന്നു;
ആരുടെ എങ്കിലും പിടിപ്പിച്ചാൽ അവർക്ക് പിടിക്കപ്പെട്ടിരിക്കുന്നു.

24 എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമൊസ് എന്നു ചൊല്ലപ്പെട്ട
തോമാസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല.
25 പിന്നെ മറ്റേ ശിഷ്യന്മാർ: ഞങ്ങൾ കർത്താവിനെ കണ്ടു എന്നു അവനോടു പറഞ്ഞാറെ:
അവന്റെ കൈകളിൽ ഞാൻ ആണികളുടെ പഴുതു കണ്ടു, ആണിപ്പഴുതിൽ എന്റെ വിരൽ
ഇട്ട്, അവന്റെ വിലാപ്പുറത്തു എന്റെ കൈ ഇട്ടെങ്കിൽ അല്ലാതെ ഞാൻ വിശ്വസിക്കയില്ല
എന്നു, അവരോടു പറഞ്ഞു.
26 എട്ടു നാൾ കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും തോമസുമായി അകത്തു കൂടിയിരുന്നു.
വാതിലുകൾ പൂട്ടിയിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം,
എന്നു പറഞ്ഞു.
27 പിന്നെ തോമസിനോടു: നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക; നിന്റെ
കൈയും നീട്ടി എന്റെ വിലാപ്പുറത്തു ഇടുക; അവിശ്വാസി ആകാതെ വിശ്വാസിയായി
തീരുക, എന്നു പറഞ്ഞു.
28 തോമസ് അവനോടു: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ, എന്നു
ഉത്തരം പറഞ്ഞു.
29 യേശു അവനോടു പറയുന്നു: തോമസേ, നീ എന്നെ കാണുകകൊണ്ടു
വിശ്വസിച്ചിരിക്കുന്നു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ.

30 വിശേഷിച്ചു ഈ പുസ്തകത്തിൽ എഴുതിയതല്ലാതെ മറ്റു അനേകം അടയാളങ്ങളെയും
യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു.
31 എന്നാൽ ഇവ യേശു ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്നു നിങ്ങൾ
വിശ്വസിപ്പാനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ ജീവൻ ഉണ്ടാവാനും തന്നെ
എഴുതിയിരിക്കുന്നു.

## അദ്ധ്യായം 21

ഗലീലയിലെ ഒന്നാം പ്രത്യക്ഷത. 15.ശിമോൻ, യോഹന്നാൻ എന്നവരോട് യേശു പ്രവചിച്ചത്.

ഇവറ്റിൻ ശേഷം യേശു പിന്നെയും തിബെര്യാസ് കടൽക്കരയിൽ വെച്ചു ശിഷ്യന്മാർക്കു പ്രത്യക്ഷനായി; അവൻ പ്രത്യക്ഷനായതു ഈവണ്ണം ആയിരുന്നു.

2 ശിമോൻ പത്രൊസും ദിദിമൊസ് എന്നു പറയുന്ന തോമസും ഗലീലയിലുള്ള കാനാവിലെ
നഥനയേലും സെബെദിമക്കളും അവന്റെ ശിഷ്യന്മാരിൽ വേറെ രണ്ടു ആളും ഒരുമിച്ചു
ഇരുന്നു.
3 അപ്പോൾ ശിമോൻ പത്രൊസ് അവരോടു: ഞാൻ മീൻ പിടിപ്പാൻ പോകുന്നു, എന്നു
പറയുന്നു; ഞങ്ങളും നിന്നോട് കൂടെ പോരുന്നു, എന്നു അവർ പറഞ്ഞു പുറപ്പെട്ടു ഉടനെ
പടവിൽ കയറി പോയി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.
4 പുലർച്ചെ ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്നു എന്നു ശിഷ്യന്മാർ
അറിഞ്ഞില്ല താനും.
5 യേശു അവരോടു: കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ? എന്നു ചോദിച്ചു; ഇല്ല,
എന്നു അവർ ഉത്തരം ചൊല്ലി.
6 എന്നാറെ പടവിന്റെ വലത്തുഭാഗത്തു വല വീശുവിൻ; എന്നാൽ കിട്ടും, എന്നു അവൻ
അവരോടു പറഞ്ഞു; അവർ വീശി, മീനുകളുടെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ
കഴിഞ്ഞതുമില്ല.
7 അതുകൊണ്ട് യേശു സ്നേഹിച്ച ശിഷ്യനായവൻ പത്രൊസിനോടു: അതു കർത്താവു
ആകുന്നു, എന്നു പറയുന്നു; കർത്താവു ആകുന്നു എന്നു ശിമോൻ പത്രൊസ് കേട്ടിട്ടു, താൻ
നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കെട്ടി കടലിൽ ചാടി.
8 ശേഷം ശിഷ്യന്മാർ [കരയിൽ നിന്നു ഏകദേശം ഇരുനൂറു മുഴത്തിൽ അധികം
ദൂരത്തല്ലായ്കയാൽ] മീൻ നിറഞ്ഞ വല ഇഴെച്ചുംകൊണ്ടു ചെറിയ പടവിൽ വന്നു.
9 കരെക്കു ഇറെങ്ങിയപ്പോൾ തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും
കാണുന്നു.
10 യേശു അവരോടു: ഇപ്പോൾ പിടിച്ച മീനുകൾ ചിലതു കൊണ്ടുവരുവിൻ, എന്നു
പറഞ്ഞു.
11 ശിമോൻ പത്രൊസ് കയറി നൂറ്റമ്പത്തിമൂന്നു വലിയ മീൻ നിറഞ്ഞിട്ടുള്ള വലയെ
കരെമേൽ വലിച്ചു കരേറ്റി; അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല.
12 യേശു അവരോടു: വന്നു പ്രാതൽ കഴിച്ചുകൊൾവിൻ, എന്നു പറഞ്ഞു; കർത്താവാകുന്നു
എന്നു അറിഞ്ഞിട്ടു ശിഷ്യന്മാരിൽ ഒരുത്തനും: നീ ആർ? എന്നു അവനോടു ചോദിപ്പാൻ
തുനിഞ്ഞില്ല.
13 യേശു വന്നു അപ്പം എടുത്തു അവർക്കു കൊടുത്തു; മീനും അപ്രകാരം തന്നേ.
14 യേശു മരിച്ചവരിൽ നിന്നു ഉയർത്തശേഷം ഇങ്ങനെ മൂന്നാമത് തന്റെ ശിഷ്യന്മാർക്കു
പ്രത്യക്ഷനായി.

15 അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രൊസിനോടു: യോനാവിൻ പുത്രനായ
ശിമോനേ, എന്നെ നീ ഇവരേക്കാൾ അധികം സ്നേഹിക്കുന്നുവോ?[1] എന്നു പറയുന്നു.
എന്നാറെ അവൻ: ഉവ്വു, കർത്താവേ, എനിക്കു നിന്നിൽ പ്രിയമുള്ള പ്രകാരം നീ
അറിയുന്നുവല്ലോ എന്നു പറയുന്നു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക, എന്നു അവൻ
അവനോടു പറയുന്നു.
16 രണ്ടാമതും അവനോടു: യോനാവിൻ പുത്രനായ ശിമോനേ, നീ എന്നെ
സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. എന്നാറെ അവൻ ഉവ്വു കർത്താവേ, എനിക്കു
നിന്നിൽ പ്രിയമുള്ള പ്രകാരം നീ അറിയുന്നുവല്ലോ, എന്നു പറയുന്നു. എന്റെ ആടുകളെ
പാലിക്ക, എന്നു അവൻ അവനോടു പറയുന്നു.
17 മൂന്നാമതും അവനോടു: യോനാവിൻ പുത്രനായ ശിമോനേ, നിനക്കു എന്നിൽ
പ്രിയമുണ്ടോ? എന്നു ചോദിച്ചു. എന്നിൽ പ്രിയമുണ്ടോ എന്നു മൂന്നാമതും തന്നോട്
പറകയാൽ പത്രൊസ് ദുഃഖിച്ചു: കർത്താവേ, നീ സകലവും അറിഞ്ഞിരിക്കുന്നു; എനിക്കു

1. മർ. 14:29

നിന്നിൽ പ്രിയമുള്ള പ്രകാരം നീ അറിയുന്നുവല്ലോ, എന്നു അവനോടു പറഞ്ഞു. യേശു
അവനോടു: എന്റെ ആടുകളെ മേയ്ക്ക, എന്നു പറയുന്നു.
18 ആമേൻ, ആമേൻ, ഞാൻ നിന്നോടു ചൊല്ലുന്നു: നീ പ്രായം കുറഞ്ഞവൻ ആയിരുന്നപ്പോൾ
നീ തന്നേ അര കെട്ടി കൊണ്ട് ഇഷ്ടമുള്ളേടത്തു നടന്നുവല്ലോ; എന്നാൽ നീ വയസ്സനായശേഷം
നിന്റെ കൈകളെ നീട്ടും, മറ്റൊരുത്തൻ നിന്റെ അര കെട്ടി ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ
കൊണ്ടു പോകും.
19 എന്നതിനാൽ അവൻ ഇന്നപ്രകാരമുള്ള മരണം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തും
എന്നു സൂചിപ്പിച്ചു; ഇതു ചൊല്ലീട്ടു: എന്നെ പിന്തുടരുക, എന്നു അവനോടു പറയുന്നു.
20 പത്രൊസ് തിരിഞ്ഞു യേശു സ്നേഹിച്ച ശിഷ്യൻ പിൻചെല്ലുന്നതു കാണുന്നു;
അത്താഴത്തിൽ അവന്റെ മാറിടത്തോട് ചാരികൊണ്ടു: കർത്താവേ, നിന്നെ
കാണിച്ചുകൊടുക്കുന്നവൻ ആർ? എന്നു ചോദിച്ചവൻ ഇവൻ തന്നേ.
21 ആയവനെ പത്രൊസ് കണ്ടു: കർത്താവേ, ഇവന്റെ കാര്യം എങ്ങനെ? എന്നു
യേശുവിനോടു പറയുന്നു.
22 യേശു അവനോടു: ഞാൻ വരുവോളം ഇവൻ ഇരിപ്പാൻ എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ
അതു നിനക്കു എന്തു? നീ എന്നെ പിന്തുടരുക, എന്നു പറയുന്നു.
23 ആകയാൽ ആ ശിഷ്യൻ മരിക്കയില്ല എന്നുള്ള ശ്രുതി സഹോദരന്മാരിൽ പരന്നു.
യേശുവോ: അവൻ മരിക്കയില്ല എന്നല്ല, ഞാൻ വരുവോളം ഇവൻ ഇരിപ്പാൻ എനിക്കു
ഇഷ്ടമുണ്ടെങ്കിൽ അതു നിനക്കു എന്തു? എന്നത്രേ അവനോടു പറഞ്ഞതു.

24 ഈ ശിഷ്യൻ ഇവറ്റിനെ സാക്ഷ്യം ചൊല്ലുന്നവനും ഇവ എഴുതിയവനും ആകുന്നു;
അവന്റെ സാക്ഷ്യം സത്യമുള്ളത്, എന്നു ഞങ്ങൾ അറിയുന്നു.
25 യേശു ചെയ്ത മറ്റു പലതും ഉണ്ടു; ആയതു ഓരോന്നായി എഴുതിയാൽ എഴുതപ്പെടുന്ന
പുസ്തകങ്ങൾ ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല, എന്നു ഞാൻ ഊഹിക്കുന്നു. ആമേൻ.